KNANAYADEEPAM
SINCE 1989

# ക്നാനായദീപം

Vol: 33 / Issue: 6 June 2022 ₹ :10/-



ക്നാനായ സമുദായത്തിന്റെ പ്രഥമ മേലദ്ധ്യക്ഷൻ

## പുണ്യശ്ലോകനായ ഗീവറുഗീസ് മോർ സേവേറിയോസ് മെത്രാപ്പോലീത്താ



# 10th, Plus Two Degree, Diploma What After?

## GUIDELINES FOR CHOOSING BEST CAREERS

**Admission Started**

- BS.c Nursing
- Engineering
- Computer Science
- Agriculture
- Pharmacy
- Paramedical
- Pharm D, BPT etc..

**10th, +2 Diploma Degree**

10, +2, Diploma Degree STUDENTS. Book your seats. We provide you pre-booking facilities to professional colleges in Tamil Nadu, Karnataka, Andra Pradesh, Telangana, Maharashtra, Delhi, UP, Pondicherry. Educational counselling for suitable courses are also available.

MD/MS | MDS | MBBS | BAMS | BHMS | BSMS | BNYS | BUMS | BDS | AGRICULTURE | PHARMACY | ALLIED HEALTH | BE/BTEC | BPO | MBA/MCA | BBA/BCA | VETERINARY | B.Sc NURSING | DESIGN-NAVAL, SHIP TECH, FASHION, INTERIOR | FOOD TECH & SCIENCE | BSC&MSC | DIPLOMAS | ARTS & SCIENCE (UG/PG) | AVIATION, MARINE | PILOT | B-ARCH | BHM,BSW,MSW | MHA | MTA

**BDS, BAMS, BHMS, BNYS, BSMS, BUMS, MBA, MCA, Agriculture, Naval Arch, B Pharm, Pharm D, BPT, Engineering, Ship Build & Design, Nursing etc. in India**

**No Donation | Fee Only**

We also provide assistance in availing educational bank loans

## Study and Work in GERMANY, UK & CANADA

**We are Hiring resources for**

**MALTA, POLAND, ISRAEL, QATAR & DUBAI**

## ജർമ്മനിയിൽ നഴ്സിംഗ് & ഹോട്ടൽ മാനേജ്മെന്റ് പഠിക്കാൻ തയ്യാർ ആണോ ? [3 വർഷം]

ഏറ്റവും കുറഞ്ഞ ചിലവിൽ ജർമ്മൻ ഭാഷ പഠിപ്പിച്ച് ജർമ്മനിയിൽ
(Free Education with Monthly Stipend)
തുടർ പഠനം നടത്തുന്നതിന് ഞങ്ങൾ നിങ്ങളെ സഹായിക്കാം
(കുറഞ്ഞ യോഗ്യത : +2)

**GLOBAL DREAMS**
**TRAVEL & EDUCATIONAL CONSULTANTS**

Paliyekara Church Parish Hall Building, Near SBI. Paliyekara, Thiruvalla.
globalthiruvalla@gmail.com

**Ph: 9847585747, 9207585747**

Advt -O

**Our Sister Concern**
Fully Automated
Laundry & Dry Cleaners

Fresh n' Clean
Laundry Services

• SHIRT • DHOTHI • PANT • LONG KURTHA • CHURIDAR • BEDSHEET • BLANKET • CURTAIN • CARPET CLEANING • COTTON, LINEN, SILK SAREE STARCH POLISHING • PANDAL & CATERING CLOTHS

Blockpadi, Kannankuzhayath Road Ranni (H.O) 8281771051

Ittiyappara, College Road, Ranni 8281771056

Mamukku, Ranni 8281771052

Aarattkadavu Kuttoor 9446572217

# ക്നാനായ ദീപം

SINCE 1989

2022 ജൂൺ പുസ്തകം 33 ലക്കം 6

മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം


## ഉള്ളടക്കം


എഡിറ്റോറിയൽ 04

സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം 05

സമുദായ വാർത്തകൾ 06
റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ

അദ്ധ്യയന വർഷം മികവുറ്റതാക്കാൻ.... 08
സ്മിജു ജേക്കബ് മറ്റക്കാട്ട്

തൊഴിലും ഉപഭോഗസംസ്കാരവും 09
റ്റി.സി. തോമസ് തോപ്പിൽ

മക്കളെ ഓർത്ത് 19
അമ്മാൾ രാജൻ പുളിമൂട്ടിൽ

1677-ാമത് സിറിയൻ ക്നാനായ വാർഷിക സംഗമം 20
റോയി പുത്തൻപുരയ്ക്കൽ

കോവിഡിനു ശേഷം സൺഡേ സ്കൂൾ 21
സുനിൽ ഡി. കുരുവിള

ആത്മനവീകരണം 23
കൊച്ചുമോൻ പള്ളിക്കപ്പറമ്പിൽ

മാതൃകാ കുടുംബജീവിതം 24
ഫാ. ഡോ. ജയിംസ് തോടത്തിൽ

നിത്യരക്ഷകനായ ദൈവം 26
സണ്ണി കുറിയാക്കോസ് ഇളംപുരയിടത്തിൽ

ക്യാൻസർ വ്യാപിച്ചാൽ ഭയപ്പെടേണ്ടതില്ല 28
ഡോ. സി.എസ്. മധു

29 ആശ്രയം
കുഞ്ഞ് ഏബ്രഹാം പള്ളിക്കപ്പറമ്പിൽ

30 മലർവാടിക്കൂട്ടം, ബാലദീപം ക്വിസ്

39 ഏവൻഗേലിയോൻ ദീപം

41 മണ്ണിന്റെ പുണ്യം
പുളിങ്കുന്ന് ലൂക്കാ

42 സ്പോക്കൺ ഇംഗ്ലീഷ്

45 മനുഷ്യപുത്രൻമാർക്ക് തലചായ്ക്കാൻ
ഫാ. ബെന്നി ഏബ്രഹാം മാമലശ്ശേരിൽ

46 കാൽപ്പാടുകൾ
എബി

47 മാട്രിമോണിയൽ


SCAN & PAY

ക്നാനായ ദീപത്തിന്റെ വരിസംഖ്യ, പരസ്യചാർജ് എന്നിവ ക്യൂആർ കോഡ് സ്കാൻ ചെയ്ത് യുപിഐ ആപ്പ് വഴി പേയ്മെന്റ് ചെയ്യുവാനുള്ള സൗകര്യം ക്രമീകരിച്ചിട്ടുണ്ട്.

ക്നാനായദീപം വരിസംഖ്യ കുടിശ്ശിഖയുള്ളവർ ക്നാനായ ദീപം ഓഫീസിൽ എത്തിക്കണം

മാസികയിൽ പ്രസിദ്ധീകരിക്കുവാനുള്ളവ തലേമാസം 25 ന് മുമ്പായി ക്നാനായദീപം ഓഫീസിൽ എത്തിക്കണം.


**Chief Patron**
**H.E. Mor Severios Kuriakose**
Samudaya Metropolitan

**Patrons**
H.E. Mor Gregorios Kuriakose Metropolitan
H.E. Mor Ivanios Kuriakose Metropolitan
H.E. Dr. Mor Silvanos Ayub Metropolitan

**Editorial Board**

**Chief Editor**
**V. Rev. Roy Mathew Mulamoottil**

**Managing Editor**
**Fr. Jaicobkutty K.S. Kallookulam**

**Members**
T. S. Mathukutty Thekkeparambil
E. P. Kuriakose Edavazhikkal
K. A. Thomas Komarathumparambil
Sibi Mathew Thondukuzhiyil
Anu Kurian Padakasseril

**Press Manager**
**Fr. Sherin C. Kollamparampil**

**Press Managing Committee**
Abraham Kurian Kaipuzha
Benny Mathew Kariyil
P. A. Joseph Puthenpurackal
A. U. Kuriakose Ayikkara
Shino Joseph Kalloorthundiyil
Sibi Baby Thoppil

**Ex-officio Members**
Jacob Thomas Mattackattu
(Acting Trustee)

T. O. Abraham Thottathil
(Samudaya Secretary)


Visit www.
knanayadeepam.in


**Designing**
Greeshma Designs
(M) 9447304348
gdesignktm@gmail.com



**Address**
Knanaya Deepam
Clemis Centre, Chingavanam P.O.
Kottayam 686 531
Phone: 0481-2430176
0481-2961213
Mob. 85475 84440
E-mail:
**kna.deepam@gmail.com**


ക്നാനായ ദീപം മൊബൈൽ ആപ്പിൽ പരസ്യങ്ങൾ സ്വീകരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക




**പരിശുദ്ധാത്മാവ് വസിക്കുകയും അവനെ അനുസരിച്ച് അനുഗമിക്കുന്നവരുടെ വ്യക്തിത്വത്തെ രൂപാന്തരപ്പെടുത്തുകയും ചെയ്യുന്നു. പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യം അംഗീകരിക്കുന്നവർക്ക് നിഗൂഢവും ശക്തവുമായ വിശേഷ അനുഭവങ്ങൾ നൽകുന്നു.**

കർത്താവിൽ പ്രിയരെ,

ഉയിർപ്പ് പെരുന്നാൾ കഴിഞ്ഞ് 50-ാം ദിവസമാണ് പെന്തക്കോസ്തി പെരുന്നാൾ. പെസഹായുടെ വെള്ളിയാഴ്ച യേശുക്രിസ്തു നമുക്കുവേണ്ടി ക്രൂശിക്കപ്പെട്ടു. മൂന്നാം ദിവസം ഉയർത്തെഴുന്നേറ്റു. 40-ാം ദിവസം സ്വർഗ്ഗാരോഹണം ചെയ്തു. പത്ത് ദിവസം കഴിഞ്ഞ് പെന്തക്കോസ്തി നാളിൽ പരിശുദ്ധാത്മാവ് വന്നു. പെന്തക്കോസ്തിന്റെ അനുഭവം എന്നത് പരിശുദ്ധാത്മാവിലുള്ള അനുഭവമാണ്. അപ്പോസ്തോല പ്രവർത്തികൾ 2-ാം അദ്ധ്യായം ഇങ്ങനെ പറയുന്നു. "പെന്തക്കോസ്തുനാൾ വന്നപ്പോൾ.. എല്ലാവരും പരിശുദ്ധാത്മാവ് നിറഞ്ഞവരായി. (2:1-4) ഈ സംഭവത്തിലൂടെ ദൈവം യഥാർത്ഥമായി ചെയ്തത് എന്താണ്? ഈ കാലഘട്ടത്തിൽ അതിന്റെ പ്രസക്തിയും എന്താണ്? അതിന് നമുക്ക് നാലു കാര്യങ്ങൾ ഗ്രഹിക്കേണ്ടതുണ്ട്. ഒരു വാഗ്ദത്ത നിവൃത്തിയാണ് പെന്തക്കോസ്ത്. ദൈവത്തിന്റെ ആത്മാവിനെ അതിന്റെ പൂർണ്ണതയിൽ നമ്മിൽ വസിക്കാനായി അയക്കുമെന്നത് ദൈവത്തിന്റെ വാഗ്ദാനമാണ്. ഞാൻ സകല ജഢത്തിന്മേലും എന്റെ ആത്മാവിനെ പകരും (യോഹ. 2:28), ഞാൻ എന്റെ ആത്മാവിനെ നിങ്ങളുടെ ഉള്ളിൽ ആക്കും. (യെഹസ്ക്കേൽ. 36:27)

1) യേശുക്രിസ്തുവിന്റെ രണ്ടാം വരവിനുള്ള സമയം ഏറ്റവും അടുത്തിരിക്കുന്നതിനാൽ ഇക്കാര്യം അടിയന്തര പ്രാധാന്യതയോടെ മുൻവിധി ഉപേക്ഷിച്ച് ചിന്തിക്കേണ്ടിയിരിക്കുന്നു. യേശു തന്റെ പരസ്യശുശ്രൂഷയുടെ അവസാന നാളുകളിൽ പരിശുദ്ധാത്മാവിനെക്കുറിച്ച് ശക്തമായി പറഞ്ഞിരുന്നു. അതിനായി ശിഷ്യന്മാരുടെ ഹൃദയങ്ങളെ ഒരുക്കുകയും ചെയ്തു. ദോഷികളായ നിങ്ങൾ നിങ്ങളുടെ മക്കൾക്ക് നല്ല ദാനങ്ങളെ കൊടുപ്പാൻ അറിയുന്നുവെങ്കിൽ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് തന്നോട് യാചിക്കുന്നവർക്ക് പരിശുദ്ധാത്മാവിനെ എത്ര അധികം കൊടുക്കും. (ലൂക്കോ. 11:13) എന്റെ പിതാവ് വാഗ്ദത്തം ചെയ്തതിനെ ഞാൻ നിങ്ങൾ മേൽ അയക്കും. നിങ്ങളോ ഉയരത്തിൽനിന്ന് ശക്തി ലഭിക്കുവോളം നഗരത്തിൽ പാർപ്പീൻ എന്ന് പറഞ്ഞു (ലൂക്കോ. 2:49). ഈ വാഗ്ദത്തം നിറവേറപ്പെട്ട ദിവസമാണ് പെന്തിക്കോസ്തി പെരുന്നാൾ.

2. ഒരു വ്യക്തിയുടെ വെളിപാടാണ് പെന്തിക്കോസ്തി. മാനവരാശിയെ നവീകരിച്ച് നവചൈതന്യം നൽകി നിത്യജീവന്റെ അവകാശം ഉറപ്പിക്കാനും നമ്മെ ദൈവമക്കളായി ജീവിക്കാനൊരുക്കാനും വേണ്ടി ത്രിത്വത്തിൽ മൂന്നാമനായ പരിശുദ്ധാത്മാവ് വെളിപ്പെട്ടത് പെന്തിക്കോസ്തി നാളിലായിരുന്നു. പരിശുദ്ധാത്മാവ് ഒരു വ്യക്തിയായിട്ടാണ് വന്നത് അല്ലാതെ ഒരു ശക്തി പ്രവാഹമായിട്ടല്ല. മനുഷ്യന്റെ വ്യക്തിത്വത്തെ പൂർണ്ണമാക്കുന്ന ബുദ്ധി, വികാരം, തീരുമാനം, പ്രവർത്തി എന്നീ ഘടകങ്ങളെ പരിപോഷിപ്പിക്കുവാൻ പരിശുദ്ധാത്മാവ് സഹായിക്കുന്നു പരിശുദ്ധാത്മാവ് ഒരു വ്യക്തിയായി സംസാരിക്കുന്നു. (അപ്പോ.16:6-7). അവർ ആസ്യയിൽ വചനം പ്രസംഗിക്കരുതെന്ന് പരിശുദ്ധാത്മാവ് വിലക്കി. പരിശുദ്ധാത്മാവ് നമ്മിൽ സ്ഥിരവാസം ചെയ്യുന്ന ഒരു വ്യക്തിയാണ്. പരിശുദ്ധാത്മാവ് ഗുരുവും വഴിനടത്തുന്നവനുമാണ്. പരിശുദ്ധാത്മാവ് വസിക്കുകയും അവനെ അനുസരിച്ച് അനുഗമിക്കുന്നവരുടെ വ്യക്തിത്വത്തെ രൂപാന്തരപ്പെടുത്തുകയും ചെയ്യുന്നു. പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യം അംഗീകരിക്കുന്നവർക്ക് നിഗൂഢവും ശക്തവുമായ വിശേഷ അനുഭവങ്ങൾ നൽകുന്നു.

3. ഒരു ശക്തിയുടെ പ്രദർശനമാണ് പെന്തിക്കോസ്തി. യേശു പറഞ്ഞു, പരിശുദ്ധാത്മാവ് നിങ്ങളുടെമേൽ വരുമ്പോൾ നിങ്ങൾക്ക് ശക്തി ലഭിക്കും (അ.പ്ര. 1:8) പെന്തിക്കോസ്തിക്കുശേഷം കർത്താവിന്റെ ശിഷ്യന്മാർ ഘോരശത്രുക്കളുടെ നടുവിൽ ധൈര്യത്തോടെ സുവിശേഷം പ്രസംഗിച്ചു. അവർ പ്രാപിച്ചിരിക്കുന്ന ശക്തിയെ തടയാൻ ഈ ഭൂമിയിൽ ഒരു ശക്തിക്കും കഴിയുകയില്ലെന്ന് അവർ മനസ്സിലാക്കി.

4. മുൻഗണന എന്തിനാണെന്ന് വ്യക്തമാക്കപ്പെട്ട ദിവസമാണ് പെന്തക്കോസ്ത് ദിവസം. ശക്തിയോടും ധൈര്യത്തോടും ക്രിസ്തുവിന്റെ സാക്ഷികൾ ആകണമെന്നതിനാണ് മുൻഗണന നൽകേണ്ടത്. നാമോരോരുത്തരും പാപത്തിലിരിക്കുന്നവരെ രക്ഷിക്കുന്ന കർത്താവിന്റെ ദാസന്മാരായിത്തീരണം. യേശുവിന്റെ ഹൃദയത്തിലെ അടങ്ങാത്ത ആഗ്രഹം എല്ലായിടത്തും എല്ലാവരും സുവിശേഷം കേൾക്കുകയും കൈക്കൊള്ളുകയും വേണമെന്നതാണ്. യേശുക്രിസ്തുവിനെയും അവന്റെ പുനരുത്ഥാനത്തിന്റെ ശക്തിയേയും കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മയേയും അനുഭവിച്ചറിയണം. ഒന്നാമത് അവനെ അറിയണം. അവനെക്കുറിച്ചല്ല. യേശുവിനെ രക്ഷിതാവും കർത്താവുമായി അറിയണം. അനുഭവത്തിൽ കൂടിയുള്ള അറിവ്. തലച്ചോറുകൊണ്ടും ബുദ്ധികൊണ്ടുംമാത്രമുള്ള അറിവല്ല ഇവിടെ പ്രസക്തം. ക്രിസ്തീയ ജീവിതം അനുഭവിച്ചറിയാനുള്ളതാണ്. ചില തത്വസംഹിതകളെ ബുദ്ധിയിൽ കൂടി അറിയുന്നതല്ല യഥാർത്ഥ ക്രിസ്തീയ ജീവിതം. യേശു ക്രിസ്തുവിനെ അനുഭവിച്ചറിഞ്ഞ് സാക്ഷികളാകണം.

**നിങ്ങളുടെ പ്രിയ റോയി അച്ചൻ**



# സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം

" ദാഹിച്ചു തളർന്ന ഇസ്രായേൽ ജനം മരുഭൂമിയിൽ കണ്ടെത്തിയ വെള്ളം കുടിക്കാനാകാത്തവിധം കയ്പ്പുള്ളതായിരുന്നു. എന്നാൽ, അതേജലം തന്നെ ദൈവം മധുരപാനീയമായി മാറ്റി അവരുടെ ദാഹം ശമിപ്പിച്ചു. "

**കർത്താവിൽ പ്രിയരെ,**

സമുദ്രസഞ്ചാരിയായിരുന്ന ബർത്തലോമിയ ഡയസ് ഒരിക്കൽ ആഫ്രിക്കയുടെ ദക്ഷിണതീരത്തുള്ള ഒരു മുനമ്പിൽ എത്തിച്ചേർന്നു. സദാ കോളിളക്കങ്ങളും കൊടുങ്കാറ്റുകളും നിറഞ്ഞ കടലായിരുന്നു അവിടുത്തേത്. അതിനാൽ ബർത്തലോമിയ ഡയസ് ആ മുനമ്പിന് കൊടുങ്കാറ്റുകളുടെ മുനമ്പ് (Cape of Storms) എന്നു നാമകരണം ചെയ്തു. പിന്നീടൊരു യാത്രയിൽ ഇതേ സ്ഥലത്തുവച്ച് അദ്ദേഹത്തിന്റെ കപ്പൽ കടൽക്ഷോഭത്തിൽ തകരുമെന്ന നിലയിലായി. മരണം മുന്നിൽ കണ്ട നിമിഷങ്ങൾ. എല്ലാ പ്രതീക്ഷകളും നഷ്ടപ്പെട്ടു. പെട്ടെന്ന് കപ്പലിലുണ്ടായിരുന്ന ഒരു കൊച്ചുകുഞ്ഞിനെ കൈകളിലെടുത്തുയർത്തി ബർത്തലോമിയാ ഡയസ് ഇങ്ങനെ പ്രാർത്ഥിച്ചു. ''കർത്താവേ, നിഷ്കളങ്കനായ ഈ കുഞ്ഞിനെപ്രതി ഞങ്ങളോടു കരുണ കാട്ടേണമേ".

പെട്ടെന്ന് കൊടുങ്കാറ്റ് ശമിച്ചു കടൽ ശാന്തമായി അപകടമൊന്നുമില്ലാതെ കപ്പൽ തീരത്തടുത്തു. നഷ്ടപ്പെട്ട പ്രതീക്ഷകളെല്ലാം വീണ്ടുകിട്ടിയ സന്തോഷത്തിൽ അദ്ദേഹം ആ മുനമ്പിനെ പുനർനാമകരണം ചെയ്തു. ശുഭപ്രതീക്ഷയുടെ മുനമ്പ് (Cape of Good Hope) പിന്നീട് പോർച്ചുഗീസ് രാജാവ് ആഫ്രിക്കയുടെ തെക്കേയറ്റത്തുള്ള ഈ മുനമ്പിനെ ഔദ്യോഗികമായിത്തന്നെ -"ഗുഡ് ഹോപ്പ് മുനമ്പ്" എന്ന് നാമകരണം ചെയ്യുകയുണ്ടായി. പ്രക്ഷുബ്ധമായ കടലാണെങ്കിലും ഇന്ത്യയിലേയ്ക്കും മറ്റു പൂർവ്വദേശങ്ങളിലേയ്ക്കുമുള്ള സമുദ്രപാതകൾ കണ്ടെത്താൻ സഹായിച്ച ഇടം എന്ന നിലയിൽ ഈ മുനമ്പ് ശുഭപ്രതീക്ഷയുടെ മുനമ്പായിത്തീർന്നു.

കുഷ്ഠരോഗികളുടെ അപ്പോസ്തോലൻ എന്നറിയപ്പെടുന്ന ഫാ.ഡാമിയൻ കുഷ്ഠരോഗികളെ പാർപ്പിച്ചിരുന്ന മൊളോക്കോ ദ്വീപിൽ എത്തിയപ്പോൾ കണ്ടകാഴ്ചകൾ ഏറെ ദുഃഖകരമായിരുന്നു. മൊളോക്കോയിലെത്തിയ കുഷ്ഠരോഗികൾക്ക് ഇനി എന്തുചെയ്യണമെന്നറിയില്ലായിരുന്നു. അവർ കടുത്ത നിരാശയിലേക്കും നാശോന്മുഖ പ്രവൃത്തികളിലേക്കും തിരിഞ്ഞു. ദ്വീപിൽ ധാരാളമായി കാണപ്പെടുന്ന ഒരു പ്രത്യേകതരം ചെടികൊണ്ട് അവർ മദ്യം ഉണ്ടാക്കി അതു കഴിച്ച് ലക്കുകെട്ട ജീവിതമായിരുന്നു സ്ത്രീപുരുഷന്മാർ എല്ലാവരും നയിച്ചിരുന്നത്. സമൂഹത്തിൽ നിന്ന് ബഹിഷ്കൃതരും സൗഖ്യവും ഭാവിയും പ്രതീക്ഷിക്കാനില്ലാത്തവരുമായ ആ കുഷ്ഠരോഗികൾക്ക് അവിടെ വേറെയൊന്നും ചെയ്യാനില്ലായിരുന്നു. എന്നാൽ ഡാമിയൻ അച്ചൻ വന്നതോടെ സ്ഥിതിഗതികൾ മാറി. അച്ചന്റെ നേതൃത്വത്തിൽ വൃത്തിയുള്ള വീടുകളും, അടുക്കളത്തോട്ടങ്ങളും, പുതിയ റോഡുകളും, ദൂരെയുള്ള തടാകത്തിൽ നിന്നും പൈപ്പുകൾ വഴി ശുദ്ധജലവും, പാടാൻ കഴിവുള്ളവരെ സംഘടിപ്പിച്ച് ഗായകസംഘങ്ങളും, മറ്റനവധി നന്മപ്രവൃത്തികളും ആ ദ്വീപിൽ രൂപപ്പെട്ടു. ഫാ. ഡാമിയന്റെ പ്രവൃത്തികളിലൂടെ കുഷ്ഠരോഗികളാണെങ്കിലും തങ്ങളുടെ ജീവിതം ഇപ്പോഴും വിലയുള്ളതും മനോഹരവും ആണെന്ന് അവർ തിരിച്ചറിഞ്ഞു. ഡാമിയൻ അച്ചൻ പാവപ്പെട്ട കുഷ്ഠരോഗികളുടെ അവശേഷിച്ച ജീവിതംകൊണ്ട് ഇനിയും ഏറെ കാര്യങ്ങൾ ചെയ്യാമെന്ന് പഠിപ്പിച്ചതോടെ അവർ ശുഭപ്രതീക്ഷയുള്ളവരും, തങ്ങളുടെ ജീവിതം കൊണ്ട് ഇനിയും ഏറെ നന്മകൾ ചെയ്യാൻ സാധിക്കും എന്നു മനസ്സിലാക്കിയതോടെ, അവരുടെ സമയവും കഴിവുകളും ക്രിയാത്മകമായി ഉപയോഗിക്കുവാനും ആ സമൂഹത്തിന് സാധിച്ചു.

അനവധി കഷ്ടതകളും, പ്രതിസന്ധികളും നമ്മുടെ ജീവിതത്തെ കടന്നാക്രമിക്കുമ്പോൾ നമ്മൾ നിരാശയിലേക്കല്ല പോകേണ്ടത്, മറിച്ച് ആ സമയങ്ങളെല്ലാം ദൈവത്തിലേക്ക് നോക്കാനുള്ള നിമിഷങ്ങളാണ്. ദൈവത്തിലേക്ക് നോക്കാതെ നമ്മുടെ സ്വന്തം തകർച്ചകളിലേയ്ക്കും പ്രതിസന്ധികളിലേയ്ക്കും നോക്കുമ്പോൾ വീണ്ടും പരാജയത്തിലേയ്ക്ക് നിപതിക്കാൻ സാധ്യത കൂടുതലാണ്. ചെങ്കടലിലേയ്ക്കും ഫറവോയുടെ സൈന്യത്തിലേയ്ക്കും നോക്കിയ ഇസ്രായേൽ ജനം ഭയപ്പെട്ടു, എന്നാൽ ദൈവത്തിലേയ്ക്ക് നോക്കിയ മോശ, തന്റെ വടികൊണ്ട് ചെങ്കടലിനെ വിഭജിച്ചു. ദാഹിച്ചു തളർന്ന ഇസ്രായേൽ ജനം മരുഭൂമിയിൽ കണ്ടെത്തിയ വെള്ളം കുടിക്കാനാകാത്തവിധം കയ്പ്പുള്ളതായിരുന്നു. എന്നാൽ, അതേജലം തന്നെ ദൈവം മധുരപാനീയമായി മാറ്റി അവരുടെ ദാഹം ശമിപ്പിച്ചു. ആയതിനാൽ എപ്പോഴും സന്തോഷമുള്ളവരും, ശുഭപ്രതീക്ഷയുള്ളവരുമായി നമുക്ക്

*(ശേഷം പേജ് 10-ൽ)*



# സമുദായ വാർത്തകൾ

റ്റി. ഒ. എബ്രഹാം തോട്ടത്തിൽ,
ക്നാനായ സമുദായ സെക്രട്ടറി

പ്രിയപ്പെട്ട സമുദായ അംഗങ്ങളെ,

2022 മെയ് മാസം 15-ാം തീയതി ക്നാനായ സമുദായത്തിന്റെ ചരിത്രത്തിൽ തങ്കലിപികളിൽ രേഖപ്പെടുത്തിയ ഒരു ചരിത്രമുഹൂർത്തം ആയിരുന്നു മലങ്കര സുറിയാനി ക്നാനായ സമുദായത്തിന്റെ മോർ സേവേറിയോസ് ക്നാനായ കോളേജിന്റെ ശിലാസ്ഥാപന കർമ്മം. കറുകച്ചാലിനും തോട്ടയ്ക്കാടിനും ഇടയ്ക്കുള്ള മാങ്കുടിപടിയിൽ മെയ് 15 ഞായർ 4 മണിയ്ക്ക് നടന്ന ഉത്സവ സമാനമായ സമ്മേളനമായിരുന്നു. ആ മഹാസമ്മേളനത്തിന്റെ ഉദ്ഘാടനം കേരള സഹകരണ രജിസ്ട്രേഷൻ വകുപ്പ് മന്ത്രി ശ്രീ. വി. എൻ. വാസവൻ നിർവ്വഹിച്ചു. ഉദ്ഘാടന പ്രസംഗത്തിൽ ബഹു. മന്ത്രി വി. എൻ. വാസവൻ ക്നാനായ സമുദായം സമൂഹത്തിന് ചെയ്യുന്ന സംഭാവനകൾ വലുതാണെന്ന് എടുത്തു പറഞ്ഞു. പ്രകൃതി രമണീയമായ ഈ സ്ഥലത്ത് ക്നാനായ സമുദായം ഒരു കോളേജ് സമുച്ചയം നിർമ്മിക്കുവാൻ പോകുന്ന ഒരു ചരിത്രനിമിഷം ആണെന്നും സമുദായത്തിന്റെ ചിരകാലസ്വപ്നമായ ആർട്സ് & സയൻസ് കോളേജിന് കണ്ടെത്തിയ സ്ഥലം ഈ കോളേജിന്റെ ഭാവിയ്ക്ക് സഹായകരമായ ഒന്നാണ് എന്നും മന്ത്രി പറഞ്ഞു. പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള എല്ലാ സഹായവും മുൻകൂട്ടി തന്നെ ഗവൺമെന്റ് ചെയ്തു തരും എന്നും മന്ത്രി ഉറപ്പു നൽകി. അത് ഈ ഗവൺമെന്റിന്റെ നയമാണെന്നും അദ്ദേഹം പറയുകയുണ്ടായി.

ക്നാനായ സമുദായത്തിന്റെ ചിരകാല അഭിലാഷമായ സേവേറിയോസ് ക്നാനായ ആർട്സ് & സയൻസ് കോളേജിനെ ക്നാനായ സമുദായ മെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മോർ സേവറിയോസ് തിരുമേനി ശിലാസ്ഥാപന കർമ്മം നിർവ്വഹിച്ചു. ഈ വർഷം തന്നെ പുതിയ കോളേജിൽ ക്ലാസ്സുകൾ ആരംഭിക്കുമെന്ന് അദ്ധ്യക്ഷപ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു.

കേരള ഗവൺമെന്റ് ചീഫ് വിപ്പ് പ്രൊഫ. എൻ ജയരാജ് നിർമ്മാണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം നടത്തി. തിരുവഞ്ചൂർ രാധാകൃഷ്ണൻ M.L.A. ഹരിത പദ്ധതിയുടെ ഉദ്ഘാടനം നിർവ്വഹിച്ചു. റാന്നി M.L.A. അഡ്വ. പ്രമോദ് നാരായണൻ മുഖ്യപ്രഭാഷണം നടത്തി. പത്മശ്രീ ഡോ. ജി. ശങ്കർ, ക്നാനായ സമുദായ സെക്രട്ടറി റ്റി. ഒ. എബ്രഹാം തോട്ടത്തിൽ, ട്രസ്റ്റി ജേക്കബ് തോമസ് മറ്റയ്ക്കാട്ട്, പഞ്ചായത്ത് പ്രസിഡന്റ് ശ്രീജിഷാ കിരൺ, ജില്ലാ പഞ്ചായത്ത് അംഗം ഹേമലത പ്രേംസാഗർ, മെമ്പർ സുജാത റെജി, റവ. ഫാ.വി. എ. എബ്രഹാം ഇളയശ്ശേരിൽ, റവ ഫാ. മോനായി കെ. ഫിലിപ്പ് കർക്കിടകംപള്ളിൽ, റവ. ഫാ. ഏലിയാസ് സ്ക്കറിയ ഇളവൻകുളം, റവ. ഫാ. ജയിൻ തോമസ് കുളത്തുങ്കൽ, ആലിച്ചൻ ആറൊന്നിൽ, വില്ലി വടാമറ്റം, റ്റി.സി. തോമസ് തോപ്പിൽ, ഉതുപ്പാൻ ജോസഫ് ചരിവുപറമ്പിൽ, സാബു കണ്ണാട്ടിപ്പുഴയിൽ, ജോണി കുരുവിള പാടിയ്ക്കൽ മാലിയിൽ, തമ്പാൻ തോമസ് കോളഭാഗത്ത്, റവ. ഫാ. മാത്യു ഉതുപ്പാൻ ചെറുകരേത്ത്, പി. എ. എബ്രഹാം കുഴികണ്ടത്തിൽ, റ്റി. കെ. കുര്യൻ തേക്കാട്ടിൽ, റവ. ഫാ. ജിതിൻ സ്ക്കറിയ പനവേലിൽ എന്നിവർ പ്രസംഗിച്ചു.

വികസന കാര്യത്തിൽ ക്നാനായ സമുദായം കഴിഞ്ഞ മൂന്നര വർഷം കൊണ്ട് ഒരു കുതിച്ചുചാട്ടം തന്നെയാണ് നടത്തിയത്. ഇപ്പോഴും വികസന പാതയിൽ സമുദായം ഓരോ ദിവസവും ഇതിന് മുമ്പില്ലാതിരുന്ന അവസ്ഥയിൽനിന്നും മുന്നേറിക്കൊണ്ടിരിക്കുകയാണ്.

ക്നാനായ സമുദായ ആസ്ഥാനമായ ചിങ്ങവനം മോർ അപ്രേം സെമ്മിനാരിയിലെ അസ്സോസിയേഷൻ ഹാൾ വിപുലീകരിച്ച് നവീകരിക്കുന്നതിന്റെ ശിലാസ്ഥാപന കർമ്മം 2022 മെയ് 25-ാം തീയതി ക്നാനായ സമുദായ മെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി, ക്നാനായ സമുദായ മാനേജിംഗ് കമ്മറ്റി അംഗങ്ങളുടെ സാന്നിദ്ധ്യത്തിൽ നിർവ്വഹിച്ചു. വിപുലീകരണ ജോലികൾ ആരംഭിച്ചു കഴിഞ്ഞു.

ഒരു മനുഷ്യനെ നിരന്തരം നുണ പ്രചരണത്തിലൂടെയും വ്യക്തിഹത്യയിലൂടെയും ഫെയിക്ക് ഐഡിയിൽ കൂടി അപമാനിക്കുന്നതിന് ചില അതിർവരമ്പുകൾ ഉണ്ട്. അത് ലംഘിക്കുമ്പോൾ ആരും പ്രതികരിച്ചുപോകും.

വീണ്ടും പുതിയ ആരോപണങ്ങളുമായി ദുഷ്ടലാക്കോടെ ചിലർ ഇറങ്ങിയിരിക്കുന്നതു കാണുമ്പോൾ അവരോട് സഹതാപം മാത്രമേ ഉള്ളൂ. എഡേസ്സാ തോട്ടത്തിലെ മരങ്ങൾ ക്നാനായ കമ്മിറ്റി വെട്ടി വിറ്റു എന്ന ആരോപണമാണ് പുതിയത്.

ഞങ്ങൾ ചുമതലയേൽക്കുമ്പോൾ മുൻഭാരവാഹികൾ എഡേസ്സാതോട്ടം സ്ലോട്ടർ ടാപ്പിംഗിന് ടെൻഡർ എടുത്ത ആളുകൾ അവിടെയുണ്ടായിരുന്ന കുറെ തേക്ക് മരങ്ങൾ അനധികൃതമായി വെട്ടിവിൽക്കുകയും അതിനെതിരെ അന്നത്തെ സമുദായ നേതൃത്വം കോടതിയിൽ കേസ് കൊടുക്കുകയും കോൺട്രാക്ടറുടെ സെക്യൂരിറ്റി തുക തടഞ്ഞുവയ്ക്കുകയും ചെയ്തു. സമുദായം കോടതിയിൽ സെക്യൂരിറ്റി തുക കെട്ടിവെക്കാൻ കോടതി ഉത്തരവിട്ടു.

ഇങ്ങനെയുള്ള സാഹചര്യത്തിലാണ് ഞങ്ങൾ ചുമതലയേറ്റത്. ഞങ്ങൾ സ്ലോട്ടർ ടാപ്പിംഗിനുവേണ്ടി പുതിയ കൊട്ടേഷൻ പത്രത്തിൽ പരസ്യം ചെയ്തു രണ്ടുവർഷം സ്ലോട്ടർ ടാപ്പിംഗ് നടത്തി. അതിനുശേഷം റബർമരം മുറിച്ചുമാറ്റി പുതിയ റബർ തൈകൾ പ്ലാന്റ് ചെയ്യുന്നതിനും തേക്ക്

ആഞ്ഞിലി തുടങ്ങിയ വൃക്ഷങ്ങൾ അവിടെനിന്നും സ്ഥിരമായി മോഷണം പോകുന്നതിനാൽ അത് ഉൾപ്പെടെ മുറിച്ചുമാറ്റുന്നതിനും പത്രപ്പരസ്യം ചെയ്തു കൊട്ടേഷൻ ക്ഷണിക്കുകയും, അഞ്ചു പേർ കൊട്ടേഷൻ കൊടുത്തതിൽ കൂടിയ തുക എഴുതിയ ആളിനെ വീണ്ടും വിളിച്ചു വരുത്തി നേഗോഷ്യേറ്റ് ചെയ്ത് കിട്ടാവുന്നതിന്റെ പരമാവധി തുകയ്ക്ക് ക്നാനായ കമ്മിറ്റി കൊട്ടേഷൻ പാസ്സാക്കി. മരം മുറിക്കുന്നതിന് അന്നത്തെ ട്രസ്റ്റി എഗ്രിമെന്റ് ഒപ്പുവച്ച് അനുവാദം കൊടുത്തു.

ടെൻഡർ ഏറ്റെടുത്ത ആൾ തന്നെ തമിഴ്നാട് ഫോറസ്റ്റിൽ നിന്നും അനുവാദം വാങ്ങണം എന്നും, മുൻകൂറായി മുഴുവൻ തുകയും അടയ്ക്കണം എന്നും എഗ്രിമെന്റിൽ വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ ഫോറസ്റ്റിൽ നിന്നും മുഴുവൻ മരം മുറിക്കുന്നതിന് ഇതുവരെയും അനുവാദം ലഭിച്ചിട്ടില്ല.

കാരണം ക്നാനായ സമുദായത്തിലെ ഏതാനും ചില ആളുകൾ കോട്ടയത്ത് ഉള്ള ഒരു ഓൺലൈൻ മാധ്യമത്തെ ഉപയോഗിച്ച് എഡേസാ തോട്ടത്തിന്റെ ഉടമസ്ഥർ ക്നാനായ സമുദായം അല്ല എന്നും ഇത് ഫോറസ്റ്റ് ലാൻഡ് ആണെന്നും മരംമുറിക്കാൻ പാടില്ല എന്നും കാട്ടി തമിഴ്നാട് ഫോറസ്റ്റിൽ പരാതി കൊടുക്കുകയും ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് അവിടെ ബാക്കി നിൽക്കുന്ന റബർ മരം മുറി തടയുകയും മറ്റു മരങ്ങൾ മുറിക്കുന്നതിന് അനുവാദം നിഷേധിക്കുകയുമാണ് ചെയ്തിരിക്കുന്നത്. മരങ്ങൾ മുറിക്കുന്നതിന് കൊട്ടേഷൻ എടുത്തയാൾ മുറിച്ചുമാറ്റിയ മരം ഒഴിച്ച് ബാക്കിയുള്ള മരങ്ങളുടെ വില മടക്കിത്തരണമെന്ന് പറഞ്ഞ് കമ്മിറ്റിയെ സമീപിച്ചിരിക്കുകയാണ്. ഇതാണ് യഥാർത്ഥ വസ്തുത.

കാര്യങ്ങൾ ഇങ്ങനെയായിരിക്കെ ക്നാനായ കമ്മിറ്റിയേയും സമുദായ നേതൃത്വത്തെയും മോശക്കാർ ആക്കുന്നതിനുവേണ്ടി ഇപ്പോൾ ചില ദോഷൈകദൃക്കുകൾ സത്യത്തിന് നിരക്കാത്ത നുണപ്രചരണങ്ങളും ആയി സോഷ്യൽ മീഡിയയിൽ ഇറങ്ങിയിരിക്കുകയാണ്. ഇത് പ്രബുദ്ധരായ സമുദായ ജനങ്ങൾ പുച്ഛിച്ചു തള്ളും എന്ന് ഞങ്ങൾക്ക് ഉറപ്പുണ്ട്.

ആരോപണങ്ങൾ പ്രചരിപ്പിക്കുന്നവർ ഒന്നു മനസ്സിലാക്കണം ഞങ്ങൾ ചുമതലയേറ്റു കഴിഞ്ഞ മൂന്നു വർഷം കൊണ്ട് പത്തുകോടി രൂപയുടെ വികസനം ഉൾപ്പെടെയുള്ള സ്വത്തുക്കൾ ക്നാനായ സമുദായത്തിന് മുതൽക്കൂട്ടി, ഇനിയും ശേഷിക്കുന്ന ഒന്നരവർഷംകൊണ്ട് അത് 15 കോടിയുടെയുടെ വികസന പ്രവർത്തനമായി ഉയർത്തുമെന്ന് സമുദായ ജനത്തിന് ഞങ്ങൾ ഉറപ്പു തരുന്നു.

ഞങ്ങൾ പ്രവർത്തിക്കാവുന്നതേ പറയുകയുള്ളു. പറയുന്നത് പ്രവർത്തിച്ചിരിക്കും എന്ന് ചങ്കുറപ്പോടെ പറയുകയാണ്. മുൻകാല ഭരണസമിതിയുടെ കാലത്തേക്കാൾ സമുദായത്തിൽ പുതുതായി ഒരു വരുമാന സ്രോതസ്സും ഉണ്ടായിട്ടില്ല. പിന്നെ എങ്ങനെ പത്തു കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ ഞങ്ങൾ നടത്തിയെന്ന് ചിന്തിക്കുക. എഫിഷ്യന്റ് ആയ മാനേജ്മെന്റും, ദീർഘവീക്ഷണവും, കാഴ്ചപ്പാടും സുതാര്യമായ പ്രവർത്തനമികവും മാത്രമാണ് ഇതിന് കാരണം.

ഇതുപോലെയുള്ള പ്രവർത്തനങ്ങൾ കഴിഞ്ഞ റ്റേമുകളിലെ ഭരണസമിതികളുടെ കാലത്ത് ഉണ്ടായിരുന്നെങ്കിൽ ഇന്ന് ഈ സമുദായം ഏത് നിലയിലെത്തുമായിരുന്നു. മുൻകാലങ്ങളിലെ വരുമാനങ്ങൾ എന്ത് ചെയ്തു എന്ന് സമുദായ ജനം വിലയിരുത്തും. ഉത്തരവാദിത്വബോധത്തോടെ പ്രവർത്തിക്കുന്ന ക്നാനായ കമ്മിറ്റി പൂജ്യത്തിൽ നിന്നും ആരംഭിച്ച് സമുദായത്തെ ഉന്നത പടവുകൾ ചവിട്ടി കയറ്റുന്ന ശ്രമത്തിലാണ് ഞങ്ങൾ ഇന്ന്. ഇനിയും ശേഷിക്കുന്ന കാലയളവിൽ സമുദായ ജനം ഞങ്ങളിൽ അർപ്പിച്ചിരിക്കുന്ന വിശ്വാസം കൊണ്ട് ഞങ്ങളുടെ ഊർജ്ജം കൂടുതൽ കൂടുതൽ ഉത്തരവാദിത്വത്തോടെ നമ്മുടെ സമുദായത്തെ മറ്റ് സഭയോടൊപ്പം ഉയരങ്ങളിൽ എത്തിക്കുവാൻ ഞങ്ങൾ കടപ്പെട്ടിരിക്കുന്നു.

മെയ് 21-ാം തീയതി ജന്മദിനം ആഘോഷിച്ച ക്നാനായ സമുദായത്തിന്റെ ഇടയ ശ്രേഷ്ഠൻ അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിയ്ക്ക് ക്നാനായ സമുദായത്തിന്റെയും, ക്നാനായ അസ്സോസിയേഷന്റെയും, ക്നാനായ മാനേജിംഗ് കമ്മിറ്റിയുടെയും, എല്ലാ ക്നാനായ മക്കളുടെയും പ്രാർത്ഥനാപൂർവ്വമായ ജന്മദിനാശംസകൾ നേരുന്നു. ക്നാനായ സമുദായമാകുന്ന നൗകയെ കാറ്റിലും കോളിലും ഇളകാതെ നയിക്കുവാനുള്ള ആയുസ്സും ആരോഗ്യവും ദൈവം തമ്പുരാൻ നൽകട്ടെയെന്ന് ക്നാനായ മക്കൾ പ്രാർത്ഥിക്കുന്നു.

സന്തോഷ് ട്രോഫി നേടിയ കേരള ടീം അംഗമായ രാമമംഗലം സെന്റ്ജേക്കബ് ക്നാനായ വലിയ പള്ളി ഇടവക അംഗം ശ്രീ. അജയ് അലക്സ് തിരുനിലത്തിനെ ഭവനത്തിലെത്തി പൊന്നാടയണയിച്ച് പാരിതോഷികം നൽകി ക്നാനായ കമ്മിറ്റി ആദരിച്ചു.

ക്നാനായ സമുദായ മെത്രാപ്പാലീത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിയുടെ പ്രിയ മാതാവ് മറിയാമ്മ ഏബ്രഹാം ഇടവഴിക്കൽ ദൈവസന്നിധിയിൽ ചേർക്കപ്പെട്ടു. ദുഃഖത്തിൽ ക്നാനായ സമുദായവും പങ്കു ചേർന്നു.

ക്നാനായ സമുദായത്തിന്റെയും ക്നാനായ അസ്സോസിയേഷന്റെയും ക്നാനായ കമ്മിറ്റിയുടെയും അനുശോചനവും ദുഃഖവും രേഖപ്പെടുത്തി. നീതിമാന്മാരോടും പുണ്യവാന്മാരോടുംകൂടെ തന്റെ ദാസിയുടെ ആത്മാവിനെ ദൈവം തമ്പുരാൻ ആശ്വസിപ്പിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

വളരെ വേദനയോടുകൂടി ഒരു കാര്യം പറയാതിരിക്കാൻ നിവൃത്തിയില്ല.

കഴിഞ്ഞ രണ്ടു വർഷം കോവിഡ് വ്യാപനംമൂലം ക്നാനായ അസ്സോസിയേഷൻ നമുക്ക് കൂടുവാൻ സാധിച്ചില്ല. എന്നാൽ ഇപ്പോൾ കോവിഡ്വ്യാപനം കുറഞ്ഞു മീറ്റിംഗുകൾ കൂടുന്നതിനുള്ള വിലക്കുകൾ ഗവൺമെന്റ് പിൻവലിച്ചതിന്റെ അടിസ്ഥാനത്തിൽ ക്നാനായ അസ്സോസിയേഷൻ വിളിച്ചു ചേർത്ത് അസ്സോസിയേഷൻ പ്രസിഡണ്ടിന്റെയും അത്മായ ട്രസ്റ്റിയുടെയും ഒഴിവ് നികത്തുന്നതിനും രണ്ടു വർഷത്തെ സമുദായ റിപ്പോർട്ടും കണക്കും പാസ്സ് ആക്കുന്നതിനും വേണ്ടി ക്നാനായ കമ്മിറ്റി 31/5/2022-ൽ ക്നാനായ അസ്സോസിയേഷൻ കൂടുന്നതിന് എല്ലാ മെമ്പർമാർക്കും റിപ്പോർട്ടും കണക്കും നോട്ടീസും ഒരു മാസം മുമ്പ് തന്നെ അയച്ചു കൊടുക്കുകയും ചെയ്തു.

എന്നാൽ അസ്സോസിയേഷൻ മീറ്റിംഗ് കൂടുന്നതിനെതിരെ ബഹുമാനപ്പെട്ട കോട്ടയം മുൻസിഫ് കോടതിയിൽ OSNo 47/2019 നമ്പർ കേസിന്റെ രണ്ട് വാദികൾ ചേർന്ന് IANo 10/2022 എന്ന ഒരു പുതിയ കേസ് ഫയൽ ചെയ്യുകയും ടി ഹർജി മെറിറ്റിൽ തീർപ്പാക്കുന്നതുവരെ 31/5/2022-ൽ നടത്തുവാൻ നിശ്ചയിച്ചിരുന്ന തിരഞ്ഞെടുപ്പ് താൽക്കാലികമായി മാറ്റിവച്ചിരിക്കുന്നു എന്ന് കോടതി ഉത്തരവിടുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിലും ടി വാദികൾ കോട്ടയം മുൻസിഫ് കോടതിയിൽനിന്നും 10/9/2021 ൽ വാങ്ങിയ വിധിയിൽ, താൽക്കാലികമായി അസ്സോസിയേഷൻ പ്രസിഡ

*(ശേഷം പേജ് 10-ൽ)*

# അദ്ധ്യയന വർഷം മികവുറ്റതാക്കാൻ.... ചിലത് പഠിക്കണം

സ്മിജു ജേക്കബ് മറ്റക്കാട്ട് (JCI സർട്ടിഫയിഡ് ട്രെയിനർ)

പഠിക്കാനും, പഠിക്കണമോ? അതെ, വേണം പഠിക്കാനും പഠിക്കണം. പുതിയ അദ്ധ്യയന വർഷം ആരംഭിക്കുമ്പോൾ തന്നെ കുട്ടികൾ മികവു നേടി മിടുക്കരായി ജീവിത വിജയം കൈവരിക്കുവാൻ കാര്യക്ഷമമായ പഠനരീതി സ്ഥിരതയോടെ അനുവർത്തിച്ചേ മതിയാകൂ. പഠനകാര്യത്തിൽ ബുദ്ധിശേഷികളുടെ കാര്യത്തിൽ, ഓരോ കുട്ടികളും വ്യത്യസ്തരാണ്. എന്നിരുന്നാലും പൊതുവേ, പഠന രീതിയെ ക്രമപ്പെടുത്തുന്നതിനുള്ള ചില സൂചനകളും വഴികളും നമുക്ക് പരിശോധിക്കാം.

**പഠിക്കാനും വേണം സമയം**

ഓരോ വ്യക്തിയുടേയും ശരീരവും മനസ്സും ദിവസത്തിലെ 24 മണിക്കൂറും ഒരു പോലെയല്ല. പ്രവർത്തിക്കുന്നത്. അതിനാൽ ഓരോരുത്തരുടേയും "ബയോളജിക്കൽ ക്ലോക്ക്" എന്നു വിളിക്കുന്ന സർക്കാഡിയൻ റിഥം സ്വയം നിരീക്ഷിച്ച് മനസ്സിലാക്കി വേണം പഠനസമയം തീരുമാനിക്കാൻ.

ചില കുട്ടികളിൽ വൈകി ഉറങ്ങുന്നവരും, ചിലർ നേരത്തെ ഉറങ്ങുന്നവരുമായിരിക്കും. പെട്ടെന്നു മനസ്സിലാക്കാൻ സാധിക്കുന്ന, പഠനം മുറിഞ്ഞുപോകാതെ പരമാവധി നീണ്ടുപോകുന്ന, പഠിക്കുമ്പോൾ ഒട്ടും മുഷിപ്പു തോന്നാത്ത, ക്ഷീണം ഏറ്റവും കുറച്ച് അനുഭവപ്പെടുന്ന, ഉറക്കം വരാത്ത സമയം, ഈ 'ബ്രെയിൻ അവർ" കണ്ടെത്തിയാൽ പഠനം ലളിതമാകും. ഇങ്ങനെ പഠിക്കാൻ പറ്റിയ സമയം തിരിച്ചറിഞ്ഞ് പഠിക്കുന്ന കുട്ടികളുടെ പഠനശേഷിയിൽ 30 ശതമാനം വരെ വർദ്ധനവുണ്ടാകുമെന്ന് ഗവേഷകർ തെളിയിച്ചിട്ടുണ്ട്. കൂടാതെ ലഭ്യമായ പഠനസമയം ഫലപ്രദമായി വിനിയോഗിക്കുകയും വേണം.

**എവിടെയിരുന്നു പഠിക്കണം**

പഠനസ്ഥലം ഏകാഗ്രത ലഭിക്കുന്ന ഇടമായിരിക്കണം. ഏകാഗ്രതയ്ക്ക് മുന്നിൽ ശൂന്യമായത് വെള്ള നിറത്തിലുള്ളതുമായ പ്രതലമാണ് നല്ലത്. കിഴക്കുനോക്കി പഠനത്തിന് ഇരിക്കുന്നത് കൂടുതൽ അഭികാമ്യം. പഠിക്കുന്ന പുസ്തകത്തിലേക്ക് പുറകിൽ നിന്നോ മുന്നിൽ നിന്നോ വെട്ടം വീഴാൻ പാടില്ല. ഇടതു വലതു വശങ്ങളിൽനിന്ന് വെട്ടം വീഴുന്നതാണ് കണ്ണിന് ഏറ്റവും നല്ലത്.

അതുപോലെ നിവർന്നിരുന്ന് വേണം പഠിക്കാൻ അതായത് സുഷുമ്നാനാഡി കൂടുതൽ പ്രവർത്തന ക്ഷമമായാൽ മാത്രമെ ചിന്തയും ഓർമ്മയും ഉണ്ടാകുകയുള്ളു. തലച്ചോറിൽനിന്ന് സുഷുമ്ന നാഡിയിലൂടെയാണല്ലോ അവയവങ്ങളിലേക്കുള്ള ബന്ധം സുഷുമ്ന നാഡിക്ക് കൂടുതൽ ഓക്സിജൻ ലഭിച്ചാൽ ബുദ്ധി ഉണരും. പഠനം മികവുറ്റതാക്കാം മെച്ചമായ പഠനാന്തരീക്ഷം പഠന പ്രക്രിയയെ ശാക്തീകരിക്കും.

**എത്ര സമയം പഠിക്കണം**

ചിലർ വളരെ പെട്ടെന്നു പഠിക്കും മറ്റു ചിലർക്ക് കൂടുതൽ സമയം വേണം. ശരാശരി കുറഞ്ഞത് നാല് മണിക്കൂർ എങ്കിലും പഠിക്കുവാൻവേണ്ടി മാറ്റി വെയ്ക്കാം. ഹോംവർക്കും, നോട്ട്സ് എഴുത്തും, പ്രോജറ്റ് ഇവ ഒന്നും അല്ലാതെയുള്ള സമയമാണ് ഇത്. കുട്ടിയുടെ പഠന നിലവാരവും വിഷയങ്ങളുടെ ബാഹുല്യവും ഉള്ളടക്കവും അനുസരിച്ചുള്ള സമയ ക്രമീകരണം ഉണ്ടാകണം.

മനുഷ്യമനസ്സിനു നാൽപതു മിനിറ്റിൽ കൂടുതൽ ഒരു കാര്യത്തിനും പൂർണ്ണമായി ശ്രദ്ധിക്കുവാൻ സാധിക്കില്ല. തുടർച്ചയായ കൂടുതൽ സമയം പഠിക്കുന്നത് ഏകാഗ്രത നഷ്ടപ്പെടുത്തും. അതിനാൽ നാൽപത് മിനിറ്റ് ഏകാഗ്രതയോടെ പഠിച്ചാൽ ശേഷം അഞ്ചുമിനിറ്റ് വിശ്രമത്തിനെടുക്കുക. എന്നാൽ ആ വിശ്രമം മൊബൈൽ, ടെലിവിഷൻ, കമ്പ്യൂട്ടർ എന്നിവയിലാകരുത്. കാരണം അത് പഠിക്കുമ്പോൾ നമ്മൾ ഉണ്ടാക്കിയെടുത്ത വിഷൽസ് നഷ്ടപ്പെടുത്തും. അതിനാൽ വിശ്രമസമയത്ത് മുഖം കഴുകുക, കുറച്ച് നടക്കുക, കണ്ണടച്ച് ഇരിക്കുക, മാതാപിതാക്കളോട് സംസാരിക്കുക. അങ്ങനെ ചെയ്ത് ക്ഷീണത്തെ അകറ്റണം.

**പഠിക്കുന്ന രീതി**

ഓരോരുത്തർക്കും പഠിക്കുന്നതിന് ഒരു രീതിയുണ്ട് ചിലർ വളരെ നിശബ്ദരായി പഠിക്കുന്നവരായിരിക്കും. ചിലർ വളരെ ഉച്ചത്തിൽ വായിച്ചു പഠിക്കുന്നവരായിക്കും. അല്പം ശബ്ദത്തോടെ വായിച്ചു പഠിക്കുന്നതിനു ചില ഗുണങ്ങൾ ഉണ്ട്. ശബ്ദമെടുത്ത് വായിക്കുമ്പോൾ ചുണ്ട്, നാവ്, കവിൾ, തൊണ്ട, സ്വനപേടകം തുടങ്ങിയ ധാരാളം അവയവങ്ങൾ ജോലി ചെയ്യുന്നു. അതുവഴി ഈ ഭാഗങ്ങളെ ഉത്തേജിപ്പിക്കുന്ന തലച്ചോറിന്റെ ഭാഗവും ജോലി ചെയ്യുന്നു. വായിക്കുന്ന ആളിന്റെ ശബ്ദം അയാൾതന്നെ കേൾക്കുന്നു. അപ്പോൾ കേൾവിയെ നിയന്ത്രിക്കുന്ന അയാളുടെ തലച്ചോർ ഭാഗവും ഉത്തേജിക്കപ്പെടുന്നു. അതുകൊണ്ടുതന്നെ ശബ്ദം പുറത്തു വരുന്ന വായന പഞ്ചേന്ദ്രിയങ്ങളെ ഉപയോഗപ്പെടുത്തി പഠനം മികവുറ്റതാക്കാൻ സഹായിക്കുന്നു.

**പഠനം മികവുറ്റതാക്കാൻ ചില നിർദ്ദേശങ്ങൾ കൂടി**

1. കഷ്ടപ്പെട്ടു പഠിക്കാതെ ഇഷ്ടപ്പെട്ടു പഠിക്കുക.
2. വിഷമമെന്നു കരുതി, ഒരു പാഠ്യവിഷയത്തേയും അവഗണിക്കരുത്.
3. എത്ര നന്നായി അദ്ധ്യാപകൻ പഠിപ്പിച്ചിട്ടുണ്ടെങ്കിലും, സ്വയംപഠനം വഴി ആശയങ്ങൾ മനസ്സിൽ ഉറപ്പിക്കണം.
4. പഠനസമയം ഫലപ്രദമാക്കണം. കൈവിട്ടുപോകുന്ന സമയം അത് പിന്നീട് തിരികെ കിട്ടില്ല എന്ന് ഓർക്കണം.
5. കൂടെക്കൂടെ ആവശ്യാനുസരണം പഠന ടൈം ടേബിൾ പരിഷ്കരിക്കണം.
6. പഠനം ആദ്യദിനങ്ങളിൽ കുറച്ച്, ക്രമേണ സമയം കൂട്ടിയെടുക്കുക.
7. പല വിഷയങ്ങൾ മാറി മാറി പഠിക്കുക.
8. നല്ല നിലയിൽ പഠിച്ചു മിടുക്കരായാലുള്ള ഗുണം സ്വപ്നം കാണുക. ആ സ്വപ്നത്തിനായി പ്രയത്നിക്കുക.
9. മറ്റെന്തെങ്കിലും കാര്യത്തിനായി ശ്രദ്ധ പോകുന്നുണ്ടെങ്കിൽ പഠനം നിർത്തി മനസ്സു ശാന്തമാക്കി മാത്രം പഠനം തുടരുക.
10. മേശപ്പുറവും പഠനമുറിയും ചിട്ടയോടുകൂടി വൃത്തിയായി സൂക്ഷിക്കുക.
11. വർഷാരംഭത്തിൽ തന്നെ സിലബസ്, ടെക്സ്റ്റ്ബുക്ക്, മുൻ പരീക്ഷാ ചോദ്യങ്ങൾ, പഠനസാമഗ്രികൾ എന്നിവ ശേഖരിച്ച് പഠനം തുടങ്ങുക.

ഇങ്ങനെ ഈ അദ്ധ്യയന വർഷം മികവുറ്റതാക്കാൻ എല്ലാ വിദ്യാർത്ഥികൾക്കും കഴിയട്ടെ. ●

# തൊഴിലും ഉപഭോഗ സംസ്ക്കാരവും

റ്റി.സി. തോമസ്, തോപ്പിൽ

സംതൃപ്തമായ ഒരു മനസ്സിനെക്കാൾ വലിയ സമ്പാദ്യമില്ല. അമിത ഉപഭോഗസംസ്ക്കാരം അഗ്നിയെ നെയ്യൊഴിച്ച് അണയ്ക്കാൻ ശ്രമിക്കുംപോലെയാണ്. അഗ്നി ആളിക്കത്തുകയേ ഉള്ളു. മഹാഭാരതത്തിലെ ഒരു ഉജ്ജ്വല കഥാപാത്രമായ യയാതി മഹാരാജാവിന്റെ വാക്കുകളാണിവ. യയാതി ആധുനിക മനുഷ്യന്റെ ഒടുങ്ങാത്ത ആസക്തിയുടെ പ്രതീകമാണ്. അദ്ദേഹം സ്വന്തംപുത്രനായ പുരുവിനോടു യൗവനം ഇരന്നു വാങ്ങി. സുഖഭോഗങ്ങൾ ആയിരം വർഷങ്ങളോളം അനുഭവിച്ച യയാതിക്ക് ഒടുവിലാണു മനസ്സിലായത്. സുഖത്തിന്റെ അന്വേഷണം ഒരു മരിചികപോലെയാണ് അനുഭവപ്പെടുക എന്ന്, യയാതി പുരുവിനു യൗവനം തിരികെ നൽകി വാർദ്ധക്യം വാങ്ങി വനത്തിലേക്കു തപസ്സിനു പോയി. ഈ കാലഘട്ടത്തിലെ തൊഴിലിന്റെ ലക്ഷ്യവും ഉപഭോഗ തൃഷ്ണയും, ഒന്നുംകൊണ്ടും തൃപ്തി വരാത്ത മനുഷ്യനും യായാതിയുമായി അഭേദ്യമായ ബന്ധമുണ്ട്. പരിധികളില്ലാത്ത ആഗ്രഹം സമാധാനവും ശാന്തിയും നശിപ്പിക്കുന്നു. ഈ തത്വം വിശദീകരിക്കുന്ന ഒരു കഥയുണ്ട്. ഒരു ആൽമരത്തിൽ ഒരു യക്ഷൻ താമസിച്ചിരുന്നു. ഒരു സന്ധ്യയ്ക്ക് രാജാവിന്റെ കൊട്ടാരംതോട്ടക്കാരൻ ആ മരത്തിനടുത്തുകൂടി പോവുകയായിരുന്നു. ഒരു ശബ്ദം കേട്ടു. "ഏഴു സ്വർണ്ണ ഭരണികൾ നിനക്കു വേണമോ"? അയാൾ ഞെട്ടി. ആരെയും കാണാനില്ല. ചോദ്യം ആവർത്തിച്ചു. അയാൾ വിളിച്ചു പറഞ്ഞു എനിക്കുവേണം. എവിടെയാണത്? നീ വീട്ടിലേക്ക് പൊയ്ക്കൊള്ളു. ഭരണികൾ അവിടെ എത്തിച്ചുകൊള്ളാം. അയാൾ സന്തോഷത്തോടെ വീട്ടിലേക്കു കുതിച്ചു. തന്റെ കിടപ്പുമുറിയിൽ ഏഴുഭരണികൾ. എല്ലാറ്റിലും മാറി നോക്കി. നിറയെ സ്വർണ്ണം. ഏഴാമത്തതിൽ മാത്രം ഭരണിയിൽ പകുതിയേയുള്ളു. അയാൾക്കു നിരാശ തോന്നി. ഇതും കൂടി നിറഞ്ഞിരുന്നെങ്കിൽ അയാൾ തന്റെ കൈവശമുണ്ടായിരുന്ന സകല സ്വർണ്ണ ഉരുപ്പടികളും കൂടി ഏഴാമത്തെ ഭരണിയിലിട്ടു. ഭരണി നിറഞ്ഞില്ല. സകല വസ്തുക്കളും വിറ്റു സ്വർണ്ണം വാങ്ങി ഭരണിയിലിട്ടു. എന്നിട്ടും ഭരണി നിറയുന്നില്ല. അയാൾക്കു വാശിയായി. പട്ടിണി കിടന്ന് സ്വർണ്ണം സമ്പാദിച്ചു ഭരണിയിലിട്ടു. അത്ഭുതം അതു നിറയുന്നില്ല. അയാളുടെ മന:പ്രയാസം കൂടി വന്നു. കൂടുതൽ പണമുണ്ടാക്കാൻ കൂടുതൽ പ്രയത്നിച്ചു. ഒരു ദിവസം രാജാവ് തോട്ടക്കാരനോടു ചോദിച്ചു നിനക്ക് എന്തു പറ്റി. മാസങ്ങളായല്ലോ നിനക്ക് ഈ ദുഃഖം തുടങ്ങിയിട്ട്. അതിനു മുമ്പ് നീ തികച്ചും സംതൃപ്തനും ഉല്ലാസവാനുമായിരുന്നല്ലോ. ഒന്നും മിണ്ടാതെ തലതാഴ്ത്തിനിന്ന അവനോടു രാജാവു ചോദിച്ചു, നിനക്ക് ഏഴു സ്വർണ്ണഭരണികൾ കിട്ടിയോ? രാജാവിന്റെ ചോദ്യം അവനെ നടുക്കി. ആ ഏഴു സ്വർണ്ണഭരണികൾ കിട്ടിയവർക്കൊക്കെ ഇതുതന്നെ അനുഭവം. ഒരിക്കൽ എന്നോടു ചോദിച്ചതാണ്. നീ അതു തിരിച്ചു കൊടുത്തേക്ക്. അയാൾ രാജാവു പറഞ്ഞതുപോലെ ചെയ്തു. യക്ഷൻ ഭരണി കൊണ്ടുപോയി. പക്ഷേ അയാൾക്ക് അതോടെ മനസമാധാനം തിരിച്ചുകിട്ടി. നമ്മുടെയെല്ലാം ഉള്ളിൽ ഇങ്ങനെ ഒരു ഏഴാംകുടം ഉണ്ട്. അത് ഒരിക്കലും നിറയുന്നില്ല. അതിനാൽ ആഗ്രഹം ഒടുങ്ങുന്നില്ല. ദു:ഖം മാറുന്നുമില്ല. സ്വർണ്ണമാനിന്റെ കണ്ണു മഞ്ചിക്കുന്ന പ്രഭയിൽ വീണുപോയ സീത രാവണന്റെ പിടിയിലായിപ്പോയി. കനകം ലോകത്തിന്റെ ആകർഷണമാണ്. ലോകത്തിന്റെ അതിമോഹവലയത്തിൽ കുരുങ്ങുന്ന മനുഷ്യൻ അമിത ഉപഭോഗത്തിന്റെ പ്രതിനിധിയാണ്.

ദൈവം മനുഷ്യനെ സൃഷ്ടിച്ചത് ദൈവം ഉണ്ടാക്കിയ തോട്ടം കാപ്പാനും ആ തോട്ടത്തിൽ വേല ചെയ്യുവാനുമാണ്. ദൈവം നൽകിയ ഈ തൊഴിൽ ഉപജീവനത്തിനു വേണ്ടിയല്ലായിരുന്നു. തോട്ടത്തിന്റെ തനിമ നഷ്ടപ്പെടാതെ സൂക്ഷിക്കുവാനും ശത്രു അവിടെ പ്രവേശിക്കാതിരിക്കുവാനും ആയിരുന്നു. ഉപജീവനത്തിനുവേണ്ടതെല്ലാം ദൈവം അവിടെ ഒരുക്കിയിരുന്നു. എന്നാൽ ദൈവം അവനെ ഏല്പിച്ച വേലയിൽ അലംഭാവം കാട്ടിയതുകൊണ്ട് ശത്രു പ്രവേശിച്ചു. തോട്ടത്തിന്റെ തനിമ നഷ്ടപ്പെട്ടു. അവരുടെ തൊഴിൽ സ്വന്തം ആവശ്യത്തിനുവേണ്ടിയായി. യഥാർത്ഥത്തിൽ അവർക്കു ആവശ്യമില്ലാതിരുന്ന പലതും അവർക്ക് ആവശ്യമായി മാറി. നഗ്നത മറയ്ക്കാൻ പറ്റിയ വസ്തു കണ്ടെത്തേണ്ടിവന്നു. ദൈവത്തിൽനിന്നും ഒളിക്കുവാൻ ഇടം കണ്ടെത്തേണ്ടിവന്നു. അന്നുവരെ സുഖശീതളമായ സാഹചര്യത്തിൽ യഥേഷ്ടം സഞ്ചരിക്കുകയും ഉല്ലസിക്കുകയും ഉറങ്ങുകയുമൊക്കെ ചെയ്തിരുന്നവർക്ക് പലതും കണ്ടെത്തേണ്ടതായും നിർമ്മിക്കേണ്ടതായും വന്നു. മനുഷ്യൻ കഷ്ടതയോടെ അഹോവൃത്തി കഴിക്കുമെന്നും മുഖത്തെ വിയർപ്പോടെ ഉപജീവനം നടത്തുമെന്നും ദൈവം കല്പിച്ചു. അന്നു മുതൽ തൊഴിൽ ഉപജീവനത്തിനായി മാറി. ദൈവം മനുഷ്യനു നൽകിയ തോട്ടം കാക്കുക എന്ന ജോലി അവനിൽ നിന്നും എടുത്തുമാറ്റി. മനുഷ്യന്റെ ജീവിതരീതി ആകെ മാറി. മഴയും വെയിലും ഉണ്ടായി. കഷ്ടവും ഗർഭധാരണവും വർദ്ധിച്ചു. ജനം പെരുകി. ജാതികളുടെ എണ്ണം കൂടി. രാജഭരണം വന്നു. യുദ്ധങ്ങൾ വർദ്ധിച്ചു. ഫലത്തിൽ തൊഴിലുകൾ വർദ്ധിച്ചു. വിശുദ്ധ വേദപുസ്തകത്തിൽ പഴയ നിയമത്തിൽ തന്നെ അപ്പക്കാരൻ, അപ്പം ചുടുന്നവർ, അലക്കുകാരൻ, ആശാരികൾ, ഇഷ്ടിക ചുടുന്നവർ, കല്ലുവെട്ടുകാരൻ, കുശവന്മാർ, തയ്യൽ പണിക്കാർ, തട്ടാൻമാർ ഇങ്ങനെ ധാരാളം തൊഴിലുകൾ ചെയ്യുന്നവരെപ്പറ്റി പറയുന്നുണ്ട്. ജീവിത സാഹചര്യങ്ങളിൽ മാറ്റമുണ്ടായതിനൊപ്പം തൊഴിലുകൾ വർദ്ധിച്ചു. അതൊക്കെയും ഉപജീവനമാർഗ്ഗമായി മാറി. ക്രമേണ വാണിജ്യത്തിലേക്കും വ്യവസായത്തിലേക്കും ജനം തിരിഞ്ഞു. അടിമകളും ഉടമകളും യജമാനരും ദാസരും ഒക്കെ ഉണ്ടായി. ഇതിനെല്ലാം അടിസ്ഥാനം സമ്പത്തിലുള്ള അന്തരമാണ്. അങ്ങനെ അറിയാതെ തന്നെ മനുഷ്യന് സമ്പത്തിനോടുള്ള ആഗ്രഹം ഉണ്ടായി. സമ്പന്നനാകാൻ മനുഷ്യൻ മാർഗ്ഗങ്ങളെ തേടി. ക്രമേണ തൊഴിൽ ഉപജീവനത്തിനു വേണ്ടി എന്നതിലുപരി ഉപഭോഗത്തിനുവേണ്ടിയായിത്തീർന്നു.

ആധുനിക കാലഘട്ടത്തിൽ സമ്പത്ത് ദൈവാനുഗ്രഹ ത്തിന്റെ ലക്ഷണമായി കാണുന്ന ഭക്തന്മാരുടെ എണ്ണം വർദ്ധിച്ചു വരുകയാണ്. യഥാർത്ഥ അനുഗ്രഹം സമ്പത്തോ? വലിയ സമ്പത്തിന്റെ ഉടമയായിരിക്കുമ്പോഴാണ് അബ്രഹാ മിനോടു ഞാൻ നിന്നെ അനുഗ്രഹിക്കും എന്ന് ദൈവം പറ ഞ്ഞത്. അതുകൊണ്ട് ഭൗതികസമ്പത്തും ദൈവാനുഗ്രഹവു മായി കൂട്ടിയിണക്കുവാൻ ശ്രമിക്കരുത്. മറ്റുള്ളവരുടെ ഉപജീ വനത്തിനുള്ളത് വെട്ടിപ്പിടിച്ച് കൈവശം വച്ചിരിക്കുന്നവരെ സമ്പന്നരെന്നു നാം വിളിക്കുന്നു. മറ്റുള്ളവരുടെ വിശപ്പ് അറി യാതെ വേദന മനസ്സിലാക്കാതെ സ്വാർത്ഥതാല്പര്യങ്ങളിൽ മുഴുകി ജീവിക്കാൻ ക്രിസ്താനികൾക്ക് എങ്ങനെ കഴിയും. ഉപജീവനത്തിനുള്ളത് ഇന്ന് ഉപഭോഗത്തിനായി തീർന്നിരി ക്കുന്നു. ഒരു കാലത്ത് അധർമ്മമെന്നു കണ്ടിരുന്നതൊക്കെ ഇന്ന് ധർമ്മമായി മാറിയിരിക്കുന്നു. ഇന്നത്തെ അണുകുടുംബ വ്യവസ്ഥയിൽ പാരമ്പര്യമായി പകർന്നു കിട്ടിയിരുന്ന ക്രിസ്തീയ അനുഭവങ്ങളും മൂല്യങ്ങളും നമുക്ക് അന്യമാ യിരിക്കുന്നു. അമിത ഉപഭോഗസംസ്ക്കാരം പങ്കു വയ്ക്ക ലിന്റെ മനോഭാവത്തിൽനിന്നും മനുഷ്യനെ അകറ്റി നിർത്തുന്നു.

---

## *മെത്രാപ്പോലീത്തായുടെ സന്ദേശം*

*(പേജ് 5 തുടർച്ച)*

മാറാം. പ്രക്ഷുബ്ധമായ ജീവിതതരംഗങ്ങൾ നമ്മെ തളർത്ത രുത്. സാഹചര്യങ്ങൾ അനുകൂലമല്ലാതിരിക്കുകയും, പ്രതി ബന്ധങ്ങൾ മാറാതെയിരിക്കുകയും ചെയ്യുമ്പോഴും നമുക്ക് പ്രതീക്ഷിക്കാൻ വകയുണ്ട്. സർവ്വശക്തനായ ദൈവം ഇപ്പോഴും ജീവിക്കുന്നു. തിരുവചനം നമ്മെ ഓർമ്മപ്പെടുത്തു ന്നു.

"കർത്താവ് നല്ലവനും കഷ്ടകാലത്ത് സഹായിയുമാകു ന്നു. തന്റെ ആശ്രിതന്മാരെ അവന് അറിയാം" (നാഹും 1:7).

എപ്പോഴും നമുക്ക് ഓർമ്മിക്കാം. കൊടുങ്കാറ്റു നിറഞ്ഞ സ്ഥലങ്ങളിലും സർവ്വശക്തനായ ദൈവം കടന്നുവരുമ്പോൾ ശുഭപ്രതീക്ഷകളുടെ മുനമ്പുകൾ തെളിയും, കണ്ണുനീരുനി റഞ്ഞ ഇടങ്ങളിലും ദൈവം ഇറങ്ങിവരുമ്പോൾ സന്തോഷ ത്തിന്റെ അരുവികൾ ഒഴുകും. എത്രവലിയ പ്രതിസന്ധികൾ നമ്മുടെ ജീവിതത്തിലുണ്ടായാലും നാം തളർന്നു പോകരു ത്. വഴിമുടക്കികളായ ചെങ്കടലുകളുടെ മുന്നിൽ പതറരുത്. കയ്പുനിറഞ്ഞ ജീവിതാനുഭവങ്ങളിൽനിന്ന് ഒളിച്ചോടരുത്. ദൈവത്തിൽ നമുക്ക് അടിയുറച്ച് വിശ്വസിക്കാം. നന്നായി പ്രാർത്ഥിക്കുന്നവരും, ദൈവവചനം ധ്യാനിക്കുന്നവരും തീക്ഷ്ണതയോടെ കൗദാശിക ജീവിതം നയിക്കുന്നവരുമായി നമുക്ക് മാറാം.

ദൈവം അനുഗ്രഹിക്കട്ടെ
**സേവേറിയോസ് കുറിയാക്കോസ്**
സമുദായ മെത്രാപ്പോലീത്താ

---

## *സമുദായ വാർത്ത* *(പേജ് 7 തുടർച്ച)*

ണ്ടിനെ രഹസ്യ ബാലറ്റിൽ കൂടിയല്ലാതെ തിരഞ്ഞെടുക്കു ന്നത് നിരോധിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിലും 31/5/ 2022ൽ നടത്തുവാൻ നിശ്ചയിച്ചിരുന്ന ക്നാനായ അസ്സോ സിയേഷൻ യോഗം ഇനിയും ഒരു അറിയിപ്പ് ഉണ്ടാകുന്നതു വരെ മാറ്റിവയ്ക്കാൻ 30/05/2022 ൽ കൂടിയ അടിയന്തിര മാനേജിംഗ് കമ്മിറ്റി തീരുമാനിച്ചു. വിവരം എല്ലാ അസ്സോ സിയേഷൻ അംഗങ്ങളെയും അറിയിച്ചു. യോഗം മാറ്റി വച്ചു.

ക്നാനായ സമുദായത്തെ കേസുകളിലൂടെ ബുദ്ധിമുട്ടി ക്കുന്നവരോട് ദൈവം ക്ഷമിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. 31-05-2022 ൽ ക്നാനായ അസ്സോസിയേഷൻ നടത്തുന്നതി നുള്ള എല്ലാ ക്രമീകരണങ്ങളും ക്നാനായ കമ്മിറ്റി പൂർത്തീ കരിച്ചു കൊണ്ടിരുന്നപ്പോൾ മെയ് 27-ാം തീയതി മുതൽ കോടതിയുടെ ഇടപെടൽ ഉണ്ടായി. 30-ാം തീയതി 5 മണിയ്ക്ക് ഓർഡർ ഇറങ്ങി. ആരാണ് ഇതിന് ഉത്തരവാദി. ഒരു വശത്തുകൂടി അസ്സോസിയേഷൻ കൂടുന്നില്ലാ എന്ന മുറ വിളി, മറുവശത്തു കൂടി കോടതിയിൽ കേസ് കൊടുക്കുക. കോടതി തിരഞ്ഞെടുപ്പ് മാറ്റി വച്ചപ്പോൾ വീണ്ടും അസ്സോ സിയേഷൻ കൂടുന്നില്ലേ എന്ന മുറവിളി. ഇത് വിവരമുള്ള അസ്സോസിയേഷൻ അംഗങ്ങൾ കണ്ടുകൊണ്ടിരിക്കയാണ് എന്ന് എല്ലാവരും ഓർക്കണം. കോടതിയിൽ കേസ് കൊടുത്തു അസ്സോസിയേഷൻ മീറ്റിംഗ് മാറ്റി വച്ചിട്ട് കേസ് കൊടുത്തവൻ തന്നെ അസ്സോസിയേഷൻ നടത്തണമെന്ന് പറഞ്ഞു ചിങ്ങവനം അപ്രേം സെമ്മിനാരിയുടെ ഗേറ്റിനു മുമ്പിൽ കൂടി വന്നു മുദ്രാവാക്യം മുഴക്കുക. ഇതു എന്ത് വിരോധാഭാസമാണ്. അവരുടെ ഉദ്ദേശശുദ്ധി എന്താണെന്ന് ജനം മനസ്സിലാക്കുക. കോടതി പറഞ്ഞിരുന്നത് നോട്ടീസിലെ 6, 7 ഐറ്റം നടത്തുവാൻ പാടില്ല മാറ്റി വെച്ചിരിക്കുന്നു എന്നാ ണ്. 6-ാം ഐറ്റം തെരഞ്ഞെടുപ്പ്

(a) അസ്സോസിയേഷൻ പ്രസിഡന്റ്

(b) സമുദായ ട്രസ്റ്റി

7-ാം ഐറ്റം ഫലപ്രഖ്യാപനം

ഇതാണ് കോടതി മാറ്റിവെക്കണമെന്ന് പറഞ്ഞത്. അപ്പോൾ പ്രസിഡന്റ് (അദ്ധ്യക്ഷൻ) ഇല്ലാതെ എങ്ങനെ മീറ്റിംഗ് നടത്തും.

അസ്സോസിയേഷനെ ഭയക്കുന്നവർ അല്ലേ കോടതിയിൽ കേസ് കൊടുക്കുന്നത്.

വിദേശത്തുള്ള നമ്മുടെ ദൈവാലയങ്ങളിലെ അസ്സോസി യേഷൻ അംഗങ്ങൾക്ക് അസ്സോസിയേഷനിൽ പങ്കെടുക്കു വാൻ അവകാശം ഇല്ലേ അവരെ നൂതന സാങ്കേതിക വിദ്യ യിൽ കൂടി പങ്കെടുപ്പിച്ചു അവരുടെ അവകാശം സംരക്ഷി ക്കുന്നതിനെ എന്തിന് എതിർത്തു കോടതിയിൽ കേസിന് പോകുന്നു. അവരും നമ്മുടെ സഹോദരന്മാർ അല്ലേ? അവ രുടെ ദൈവാലയങ്ങളിൽനിന്ന് ആണ്ടുവരിയും വൈദിക ശമ്പള വിഹിതവും സമുദായത്തിൽ അടച്ചു കൊണ്ടിരിക്കു ന്നവരാണ് എന്ന് നാം വിസ്മരിക്കരുത്. അവർ രണ്ടാം തരം ക്നാനായ പൗരന്മാർ ആണോ? എല്ലാ സമുദായ സംഘടന കളും സമുദായവും വിദേശത്തു പോയി പിരിവു നടത്തു ന്നുണ്ടല്ലോ. എന്നിട്ട് അവർക്ക് എതിരെ കോടതിയിൽ കേസിന് പോകുന്നത് ശരിയാണോ.

ഇവിടുത്തെ ഭരണസംവിധാനത്തെ നിശ്ചലമാക്കുന്നതി നുവേണ്ടി ചെയ്യുന്ന കുത്സിതശ്രമം ക്നാനായ ജനം തിരി ച്ചറിഞ്ഞുകൊണ്ടിരിക്കുകയാണ്.

സമുദായത്തിൽ സമാധാനം ഉണ്ടായി എല്ലാവരും ഒത്തൊരുമിച്ച് സമുദായ പുരോഗതിക്കുവേണ്ടി പ്രവർത്തി ക്കണം എന്ന് ആഹ്വാനം ചെയ്തുകൊണ്ട് നിർത്തുന്നു.

ദൈവം അനുഗ്രഹിക്കട്ടെ
എന്ന്
ക്നാനായ കമ്മിറ്റിക്കുവേണ്ടി
സമുദായ സെക്രട്ടറി,
**റ്റി.ഒ. എബ്രഹാം, തോട്ടത്തിൽ**

# ACHIEVEMENT



Advt -O

**Minnu Mariam Monson** has obtained Masters Degree in Clinical Audiology with distinction from Macquaire University Australia. Currently practicing in Australia. She is the daughter of Mr. Monson Abraham & Mrs. Geetha Monson, Chackalathara, (Kavumpattu) Eraviperoor, members of the St Mary's Knanaya Church Eraviperoor

## 34 – ാം വിവാഹവാർഷികം

23 – 05 – 2022



Advt -S

## മറിയാമ്മ സുനു & സുനു കുര്യൻ

**വെട്ടിമൂട്ടിൽ, റാന്നി**

ഇത്രത്തോളം യഹോവ സഹായിച്ചു. ഇത്രത്തോളം ദൈവം ഞങ്ങളെ നടത്തി.
ദൈവത്തിനു സ്തോത്രം

*മക്കൾ – ജെറിൻ, ജിതിൻ*  *മരുമക്കൾ – ജോസി, മെറിൻ*

**പൗരോഹിത്യ**
**രജത ജൂബിലി ആഘോഷിക്കുന്ന**
**ക്നാനായദീപം മാനേജിംഗ് എഡിറ്റർ**
**ഫാ. ജേക്കബ് കല്ലുകുളം**



**പൗരോഹിത്യ**
**രജത ജൂബിലി ആഘോഷിക്കുന്ന**
**ഫാ. ഷാജൻ കുര്യൻ**
**വലിയവീട്ടിൽപടിക്കൽ, കറ്റോട്**



**31/05/2022**
**ആശംസകൾ**
**ക്നാനായദീപം & ക്ലീമിസ് പ്രസ്സ്**

## ക്നാനായ സോഷ്യൽ ഫോറം ജനറൽ സെക്രട്ടറി



**ക്നാനായ സോഷ്യൽ ഫോറം ജനറൽ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട ക്നാനായ കമ്മിറ്റി മെമ്പർ**
**ശ്രീ. വില്ലി വടാമറ്റം**

# ക്നാനായ കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ
# 1677 –ാമത് സിറിയൻ ക്നാനായ വാർഷിക സംഗമം
## സെന്റ് മേരീസ് ശാലേം പള്ളി, ചിങ്ങവനം



## ക്നാനായ കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ 1677–ാമത് സിറിയൻ ക്നാനായ വാർഷിക സംഗമം

**സെന്റ് മേരീസ് ശാലേം പള്ളി, ചിങ്ങവനം**




## Ph.D ലഭിച്ചു



**ജോയ്സി എബ്രഹാം**

ബയോകെമിസ്ട്രി – ബയോ ടെക്നോളജി ഇന്റർ ഡിസിപ്ലിനറിയിൽ Ph.D (MS University Tirunelveli) നേടിയ പുനലൂർ സെന്റ് മേരിസ് ക്നാനായ ഇടവകാംഗം, തിരുവനന്തപുരം ശ്രീകാര്യം ഗാന്ധിപുരം കൂട്ടോത്തറ ഹൗസിൽ **ജോയ്സി എബ്രഹാം**. തോന്നയ്ക്കൽ എ. ജെ. കോളേജിൽ അസ്സോസിയേറ്റ് പ്രൊഫസറാണ്. ഫാമിലി പ്ലാസ്റ്റിക്ക് സീനിയർ മാനേജർ ഡെന്നി കുര്യാക്കോസ് കൂട്ടോത്തറയുടെ ഭാര്യയാണ്. തിരുവല്ല ഓതറ വെസ്റ്റ് മലയിൽ പരേതനായ എ. ഏബ്രഹാമിന്റെയും (മലയിൽ കുഞ്ഞുമോൻ) റിട്ടയേർഡ് അദ്ധ്യാപിക പി. റ്റി. സാറാമ്മയുടെയും പുത്രിയാണ്.

## ക്നാനായ സുവിശേഷ സമാജം ഏകദിന ധ്യാനം



ക്നാനായ സുവിശേഷ സമാജം ഏകദിന ധ്യാനം വെളിയനാട് സുഖാർ ധ്യാനകേന്ദ്രത്തിൽ **സമുദായ മെത്രാപോലിത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി** ഉദ്ഘാടനം ചെയ്യുന്നു. ക്നാനായ സുവിശേഷ സമാജം ജനറൽ സെക്രട്ടറി ജിജി എബ്രഹാം കറുകേലിൽ, വൈസ് പ്രസിഡന്റ് ഫാ. ബെന്നി എബ്രഹാം മാമലശ്ശേരിൽ, ഫാ. മൈക്കിൾ പനച്ചിക്കൽ, ട്രസ്റ്റി സജി മുണ്ടക്കൽ, ജോയിന്റ് സെക്രട്ടറി തങ്കച്ചൻ ഇടയാടിച്ചിറ എന്നിവർ സമീപം.

# സേവേറിയോസ് ക്നാനായ ആർട്സ് & സയൻസ് കോളേജ് ശിലാസ്ഥാപനം





സേവേറിയോസ് ക്നാനായ ആർട്സ് & സയൻസ് കോളേജിന്റെ ശിലാസ്ഥാപനകർമ്മസമ്മേളനം കേരള സഹകരണ രജിസ്ട്രേഷൻ വകുപ്പു മന്ത്രി വി. എൻ. വാസവൻ ഉദ്ഘാടനം ചെയ്യുന്നു. ക്നാനായ സമുദായ മെത്രാപോലിത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി, കേരള ഗവൺമെൻറ് ചീഫ് വിപ്പ് ഡോ. എൻ. ജയരാജ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ., റാന്നി എം.എൽ.എ. അഡ്വ. പ്രമോദ് നാരായണൻ, പത്മശ്രീ ഡോക്ടർ ജി.ശങ്കർ. ക്നാനായ സമുദായസെക്രട്ടറി റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ, ട്രസ്റ്റി ജേക്കബ് തോമസ് മറ്റക്കാട്ട്, പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ജിഷാ കിരൺ, ജില്ലാ പഞ്ചായത്ത് അംഗം ഹേമലത പ്രേംസാഗർ, മെമ്പർ സുജാത റെജി, റവ. ഫാ. വി. എ.ഏബ്രഹാം ഇളയശ്ശേരിൽ, റവ. ഫാ. മോനായി കെ. ഫിലിപ്പ് കർക്കിടകംപള്ളിൽ, റവ.ഫാ. ഏലിയാസ് സ്കറിയ ഇളവൻകുളം, ഫാ. ജയിൻ തോമസ് കുളത്തുങ്കൽ, ആലിച്ചൻ ആറൊന്നിൽ, വില്ലി വടാമറ്റം, റ്റി. സി. തോമസ് തോപ്പിൽ, ഉതുപ്പാൻ ജോസഫ് ചെരിവുപറമ്പിൽ, സാബു കണ്ണാട്ടിപ്പുഴയിൽ, ജോണി കുരുവിള പടിയ്ക്കൽ മാലിയിൽ, തമ്പാൻ തോമസ് കോളഭാഗത്ത്, ഫാ.മാത്യു ഉതുപ്പാൻ ചെറുകരേത്ത്, പി.എ.ഏബ്രഹാം കുഴിക്കണ്ടത്തിൽ, റ്റി.കെ. കുര്യൻ തേക്കാട്ടിൽ, ഫാ. ജിതിൻ സക്കറിയ പനവേലിൽ എന്നിവർ സമീപം



# ST. PAUL'S KNANAYA PRAYER GROUP

Riyadh Saudi Arabia



## MANAGING COMMITTEE 2022-2023

PRESIDENT



SHYNU JOY
Nedungattethu
St.Mary's Knanaya Church
Mazhukeer
+966 55 882 2084

SECRETARY



SHIJU OOMMEN
Thekkethil
St.Mary's Knanaya Church
Kattodu - Vallamkulam
+966 53 398 6635

TRUSTEE



BOBAN ABRAHAM
Nedungattethu
St. Mary's Knanaya Church
Mazhukeer
+966 56 766 8230

PRAYER LEADER



NIBIN BABU
Aykkattu Maliakal
St. Mary's Knanaya Church
Cherukulanji - Ranni

COMMITTEE MEMBER



VINOD ABRAHAM
Karippal
St.Mary's Knanaya Church
Cherukulanji - Ranni

COMMITTEE MEMBER



TIJO THAMPY
Ammanathu
St Marys knanaya bethel
church - Vallamkulam

COMMITTEE MEMBER



MON PUNNOOSE
Aykkattumannil
St. Thomas Knanaya
Valiyapalli - Ranni

COMMITTEE MEMBER



BINU JOY
Nedungattethu
St.Mary's Knanaya Church
Mazhukeer

COMMITTEE MEMBER



ALAN THOMAS
Murikolipuzha
St.George Knanaya Church
Ozhuvanpara - Ranni

VANITHASAMAJAM COORDINATOR



PRIYA MON
Aykkattumannil
St. Thomas Knanaya
Valiyapalli - Ranni

SUNDAY SCHOOL HEADMISTRESS



RAJI TIJO
Ammanathu
St Marys knanaya bethel
church - Vallamkulam

AUDITOR



LINCY SHYNU
Nedungattethu
St.Mary's Knanaya Church
Mazhukeer

YOUTH COORDINATOR



ANNU ALAN
Murikolipuzha
St.George Knanaya Church
Ozhuvanpara - Ranni

Advt -O

## സന്തോഷ് ട്രോഫി നേടിയ കേരള ടീം അംഗം
## അജയ് അലക്സ് തിരുനിലത്തിനെ ആദരിക്കുന്നു.



സന്തോഷ് ട്രോഫി നേടിയ കേരള ടീം അംഗമായ രാമമംഗലം സെന്റ് ജേക്കബ്സ് ക്നാനായ വലിയപള്ളി ഇടവക അംഗം **ശ്രീ. അജയ് അലക്സ് തിരുനിലത്തിനെ** ഭവനത്തിലെത്തി പൊന്നാടയണിയിച്ച് പാരിതോഷികം നൽകി ആദരിക്കുന്നു. സമുദായ സെക്രട്ടറി റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ, ആക്ടിംഗ് ട്രസ്റ്റി തോമസ് കുട്ടി മറ്റക്കാട്ട്, ക്നാനായ കമ്മിറ്റി അംഗങ്ങളായ ആലിച്ചൻ ആറൊന്നിൽ, സാബു കണ്ണാട്ടിപ്പുഴ, അനു പാടകശ്ശേരി, കുറിയാക്കോസ് ഐക്കര, ഫാ. സിജോ മർക്കോസ്, തമ്പി ചേലോടത്തിൽ, ജോയി കൈപ്പള്ളികുന്നത്തു, ചാക്കോ ചക്രവേലിൽ, ചാക്കോ മോളയിൽ എന്നിവർ സന്നിഹിതരായിരുന്നു

## അസ്സോസിയേഷൻ ഹാൾ നവീകരണം
## ശിലാസ്ഥാപന കർമ്മം



ക്നാനായ സമുദായ ആസ്ഥാനമായ ചിങ്ങവനം മോർ അപ്രേം സെമിനാരിയിൽ അസ്സോസിയേഷൻ ഹാൾ നവീകരിച്ച് വിപുലികരിക്കുന്നതിന്റെ ഭാഗമായി ശിലാസ്ഥാപനകർമം, **സമുദായ മെത്രാപ്പൊലീത്ത കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി**, ക്നാനായ സമുദായ മാനേജിംഗ് കമ്മിറ്റി അംഗങ്ങളുടെ സാന്നിധ്യത്തിൽ നിർവഹിക്കുന്നു.



**1677 – ാം സിറിയൻ ക്നാനായ വാർഷിക സംഗമത്തിൽ**
**ഓവറോൾ ചാമ്പ്യൻഷിപ്പ് നേടിയ ചിങ്ങവനം സെന്റ് ജോൺസ് ദയറാപള്ളി ടീം.**

Advt -O


PROJECT BY
WAKE
KNANAYA
WEDDINGS.COM
ക്നാനായ
വെഡ്ഡിംഗ്സ്
ക്നാനായ സമുദായത്തിന്റെ സ്വന്തം
മാട്രിമോണി
www.knanayaweddings.com
എറണാകുളം
+91 70254 22022
ചിങ്ങവനം
+91 94461 46000
knanayaweddings@gmail.com

Advt -O


ആദരാഞ്ജലികൾ...
മറിയാമ്മ എബ്രഹാം (87)
ഇടവഴിക്കൽ
ക്നാനായദീപം & ക്ലിമിസ് പ്രസ്സ്


6 – ാം ചരമ വാർഷികം
27–06–2022
Mrs.Pennamma Zachariah
W/o Late Subedar Zachariah M. C.
Shan Nivas, Mundiyathara,
Thengely
"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"
By Sorrowing Family

Advt -O

40th DAY OF DEMISE
JUNE 04, 2022



Kunjunjamma Kurian (79)
Valyaveetil Padikal

JULY 17, 1942 - APRIL 26, 2022

"സ്വർഗ്ഗീയു-ർ ശ്ലേമിൽ - ശ്രോണോ-സിങ്കൽ
സുസ്മൃതി തൻ-ദാസി - ക്കേ കട്ടീശൻ"

We hold solace in knowing there is one more angel beholding us.

Advt -O

# 4th Death Anniversary

28-06-2022



## T. T. CHACKO

Thekumthara (H) Kalamassery

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള
പ്രത്യാശയോടെ

ഭാര്യ – മേരിക്കുട്ടി ചാക്കോ
മക്കൾ – റെജി ജേക്കബ്, സജി ജേക്കബ്, ബെജി ജേക്കബ്, മഞ്ജു ജേക്കബ്
മരുമക്കൾ – സൂസൻ റെജി, ഷീല സജി, മിനി ബെജി, ജോസി ആലപ്പാട്ട്

Advt - S

# 1 – ാം ചരമവാർഷികം

29-06-2022



## K.M.Thomas

(Rtd. Engineer. Coal India, Bihar)
Karkadakompallil House, Thuruthicadu

By Sorrowing family

# 25 – ാം ചരമവാർഷികം

01-07-2022



## കെ. എം. ഫിലിപ്പ്

കർക്കടകംപള്ളിൽ, വെച്ചൂച്ചിറ

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt -R

# മക്കളെ ഓർത്ത്

**അമ്മാൾ രാജൻ, പുളിമൂട്ടിൽ, സീതത്തോട്**

യഹോവ ദീർഘക്ഷമയും മഹാദയയും ഉള്ളവൻ, അകൃത്യവും ലംഘനവും ക്ഷമിക്കുന്നവൻ. പിതാക്കന്മാരുടെ അകൃത്യം മൂന്നാമത്തേയും നാലാമത്തേയും തലമുറയോളം മക്കളുടെ മേൽ സന്ദർശിക്കുന്നവൻ (സംഖ്യ 14:17).

നമ്മുടെ ജീവിതത്തിന്റെ ഈ ഓട്ടത്തിനിടയിൽ നാം അറിഞ്ഞുകൊണ്ടോ അറിയാതെയോ ചെയ്തുപോയ പാപത്തെ ഓർത്തു പശ്ചാത്തപിക്കണം. അല്ലെങ്കിൽ ആ പാപത്തിന്റെ കടം ഇവിടെ കിടന്ന് ഇരട്ടിച്ചു പലിശസഹിതം കുഞ്ഞുങ്ങൾക്കു വീട്ടാൻ വയ്യാത്ത കടമായി മാറും. ലോകപ്രകാരം ചിന്തിക്കുമ്പോൾ ഒരു അപ്പനും അമ്മയും കുഞ്ഞുങ്ങൾക്കു കടബാദ്ധ്യതകൾ വരുത്തി വയ്ക്കുവാൻ ആഗ്രഹിക്കുന്നില്ല. ഭൗതികകടം നാം നേരിൽ കാണുന്നതുകൊണ്ട് എങ്ങനെയെങ്കിലും മരിക്കുന്നതിനു മുമ്പ് വീട്ടാൻ ശ്രമിക്കും. അല്ലെങ്കിൽ പലിശസഹിതം വീട്ടേണ്ടതു മക്കളുടെ ബാദ്ധ്യതയാണ്. ഇതുപോലെതന്നെയാണ് പാപത്തിന്റെ കടബാദ്ധ്യതകളും. "കുറ്റമുള്ളവനെ വെറുതെ വിടാതെ പിതാക്കന്മാരുടെ അകൃത്യം മക്കളുടെ മേലും മക്കളുടെ മക്കളുടെമേലും മൂന്നാമത്തേയും നാലാമത്തെയും തലമുറയോളം സന്ദർശിക്കുന്നവൻ (പുറ. 34:7)" എത്ര താന്തോന്നികളായ മാതാപിതാക്കളാണെങ്കിലും മക്കളുടെ ഭാവി പ്രതീക്ഷകളോടെ കാത്തിരിക്കുന്നവരാണ്. മാതാപിതാക്കൾ കഷ്ടപ്പെടുന്നത് കുഞ്ഞുങ്ങളുടെ സുരക്ഷിതമായ ഭാവിക്കുവേണ്ടിയാണ്. പാപത്തിന്റെ കടം ഇവിടെ കിടന്നാൽ സുരക്ഷിതത്തിനു പകരം തകർച്ച ആയിരിക്കും കിട്ടുക. സാത്താൻ പാപത്തിന്റെ കടം കാണിച്ചു പോരാടിക്കൊണ്ടിരിക്കും. താന്തോന്നികളായ മാതാപിതാക്കളുടെ കുഞ്ഞുങ്ങൾ എത്ര വിലക്കിയാലും ഭൂരിപക്ഷവും അവരുടെപാത തന്നെ പിൻതുടരും. എന്നാൽ ഏതെങ്കിലും ജനത എന്നെ അനുസരിക്കുന്നില്ലെങ്കിൽ അതിനെ ഞാൻ വേരോടെ പിഴുതു നശിപ്പിക്കും (യിരമ്യ. 12:17). ചെയ്യരുതാത്ത കാര്യങ്ങൾ നാം ചെയ്യുമ്പോൾ അതു പാപമായും ചെയ്യേണ്ടതു ചെയ്യാതിരിക്കുമ്പോൾ അതു കടമായും മാറുന്നു. ഈ ലോകജീവിതയാത്രയിൽ അറിഞ്ഞുകൊണ്ടോ അറിഞ്ഞുകൂടാതയോ ഇതു നമ്മളിൽ സംഭവിക്കുന്നു. നാം ഈ ലോകത്തിൽ നിന്നു യാത്രപറയുന്നതിനു മുൻപ് അടുത്ത തലമുറയ്ക്കു നമ്മുടെ പാപത്തിന്റെ ബാദ്ധ്യത വലിയ ഒരു കടമായി അവശേഷിക്കാതെ അതു വീട്ടുവാൻ ദൈവം നമുക്ക് അവസരങ്ങൾ തരുന്നുണ്ട്. അതിനാണ് കുമ്പസാരം തന്നിരിക്കുന്നത്. ആരും ചിന്തിക്കാത്ത വലിയ ഒരു കടമാണ് 'പാപകടം'. പാപകടം തലമുറകളോടു ചോദിക്കുമെന്ന് വചനം ഒത്തിരി ചൂണ്ടിക്കാണിക്കുന്നുണ്ട്. "അയ്യോ പാപമുള്ള ജാതി അകൃത്യ ഭാരം ചുമക്കുന്ന ജനം! ദുഷ്പ്രവർത്തിക്കാരുടെ സന്തതി വഷളായി നടക്കുന്ന മക്കൾ... (യെശയ്യ. 1:4) താഴ്മയുള്ളവരുടെ മനസ്സിനും മനസ്താപമുള്ളവരുടെ ഹൃദയത്തിനും ചൈതന്യം വരുത്തുവാൻ മനസ്താപവും മനോവിനയവുമുള്ളവരോടു കൂടെയും വസിക്കുന്നു (യെശയ്യ. 57:15). അനുതപിക്കുന്നുണ്ടോന്ന് അവൻ ചെവിയോർക്കുകയാണ്. ഒരു അമ്മയ്ക്ക് തന്റെ കുഞ്ഞ് എത്ര വലുതായാലും കുഞ്ഞാണ്. എന്തു തെറ്റു ചെയ്താലും അമ്മയെന്നുള്ള വിളി കേൾക്കുമ്പോൾ എല്ലാം മറക്കും. നോയമ്പിന്റെ കാലയളവിൽ പശ്ചാത്താപത്തിന്റെ ഒരു വ്യാപാരം നമ്മളിലുണ്ടാകുവാൻ ശ്രമിക്കുക എന്നുള്ളതാണ് ആഹാരനോയമ്പിനെക്കാളും പ്രധാനം. എന്തുകൊണ്ടെന്നാൽ മാതാപിതാക്കളുടെ പാപകടങ്ങൾ നിമിത്തം അടുത്ത തലമുറ നശിച്ചുപോകാൻ ഇടയാവരുത്. നിന്റെ പാപങ്ങൾ കടും ചുവപ്പായിരുന്നാലും ഹിമംപോലെ വെളുപ്പിക്കും, രക്താംബരം പോലെ ചുവപ്പായിരുന്നാലും പഞ്ഞിപോലെ ആയിത്തീരും, എന്നു വാക്കു തന്നവൻ എപ്പോഴും നമ്മുടെ അനുതാപത്തിന്റെ വിളിക്കുവേണ്ടി രാവെന്നും പകലെന്നും നോക്കാതെ ശ്രദ്ധയോടെ കാത്തിരിക്കുന്നു. നാളെ എന്നൊരവസരം നമുക്കു കിട്ടുമോ എന്ന് അറിഞ്ഞുകൂട. ഇന്നു കാണുന്നവരെ നാളെ കാണുന്നില്ല. ആ ഒരു ലോകത്തിലാണ് നാം ജീവിക്കുന്നത്. യഹോവയായ ദൈവം കരുണയും കൃപയും ഉള്ളവൻ, അനുതപിച്ചില്ലായെങ്കിൽ പിതാക്കന്മാരുടെ അകൃത്യം മക്കളുടെമേലും മക്കളുടെ മക്കളുടെ മേലും മൂന്നാമത്തേയും നാലാമത്തേയും തലമുറയോളം സന്ദർശിക്കുന്നവൻ (പുറ.34:7). ദൈവം അവന്റെ അകൃത്യം അവന്റെ മക്കൾക്കായി കരുതി വയ്ക്കുന്നു. (ഇയ്യോ.21:19) മാതാപിതാക്കൾ കഷ്ടപ്പെട്ട് ഉണ്ടാക്കിയ സമ്പത്ത് അടുത്ത തലമുറ കൈകാര്യം ചെയ്യും, വേറെ ആരും വരത്തില്ല അവകാശവുമായി. ഇതു സത്യമായ കാര്യമാണ്. അതുപോലെ തന്നെയാണ് നമ്മുടെ ഓരോ പ്രവർത്തിയും നന്മയാണെങ്കിലും തിന്മയാണെങ്കിലും അടുത്ത തലമുറ സമ്പത്തു കൈകാര്യം ചെയ്യുന്നതുപോലെ തന്നെ അവർക്കുള്ള അവകാശമായിരിക്കും. എന്നെ പകയ്ക്കുന്നവരിൽ പിതാക്കന്മാരുടെ അകൃത്യവും മൂന്നാമത്തേയും നാലാമത്തേയും തലമുറവരെമക്കളുടെമേൽ സന്ദർശിക്കുമെന്ന്....(ആവ.5:9). പുതിയ നിയമത്തിലും പഴയ നിയമത്തിലും ധാരാളം വചനങ്ങളുണ്ട് ഇതേപ്പറ്റി നമുക്കു മനസ്സിലാക്കുവാൻ. ആരും കണ്ടില്ല കേട്ടില്ല എന്നു പറയുവാൻ പറ്റുകയില്ല. അതുകൊണ്ട് മാതാപിതാക്കളുടെ കുറവുകൾ അടുത്ത തലമുറയ്ക്കു വീട്ടാൻ വയ്യാത്ത കടമായി മാറാതെ ജീവിക്കുമ്പോൾ വി. കുമ്പസാരമെന്ന കൂദാശവഴി നമുക്കു പറഞ്ഞു തീർക്കാം നാളെയെന്നു നീട്ടിവയ്ക്കാതെ അവസരം കിട്ടുമ്പോൾ പറഞ്ഞു തീർക്കാം.



# ക്നാനായ കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ 1677-ാമത് സിറിയൻ ക്നാനായ വാർഷിക സംഗമം

**റോയി പുത്തൻപുരയ്ക്കൽ** (സെക്രട്ടറി, ക്നാനായ കോൺഗ്രസ്)

ക്നാനായ കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ 1677-ാം സിറിയൻ ക്നാനായ വാർഷിക സംഗമം ചിങ്ങവനം സെന്റ് മേരീസ് ശാലേംപള്ളിയിൽ (മാർ ക്ലീമീസ് നഗർ) വച്ച് പൂർവ്വാധികം ഭംഗിയായി നടുന്നു. 2022 മെയ് 21, 22 ദിവസങ്ങളിൽ അതിവിപുലമായി ആചരിച്ചു.

മെയ് 20 വെള്ളി 4.30 P.M.-ന് ചിങ്ങവനം സെന്റ് ജോൺസ് ദയറാപള്ളിയിൽ പുണ്യശ്ലോകനായ ഏബ്രഹാം മോർ ക്ലീമീസ് തിരുമേനിയുടെ കബറിടത്തിൽ ധൂപപ്രാർത്ഥനയ്ക്കുശേഷം ക്നാനായ കോൺഗ്രസ് പ്രസിഡന്റ് ഫാ. ജേക്കബ് കല്ലുകുളം ചിങ്ങവനം സെന്റ് മേരീസ് ശാലേം പള്ളിയിൽ ആഘോഷമായി പതാക ഉയർത്തി.

മെയ് 21 ശനി 8.15 ന് ഫാ. തോമസുകുട്ടി മങ്ങാട്ട് വി. കുർബ്ബാന അർപ്പിച്ചു. തുടർന്ന് കലാമത്സരങ്ങൾ നടന്നു. വൈകിട്ട് 6-ന് നടന്ന ഉദ്ഘാടന സമ്മേളനം റൈറ്റ് റവ. ഡോ. തോമസ് സാമുവേൽ ഉദ്ഘാടനം ചെയ്തു. അഭി. കുറിയാക്കോസ് മോർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത അദ്ധ്യക്ഷത വഹിച്ചു. അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി ആമുഖസന്ദേശം നൽകി. റൈറ്റ് റവ. ഗീവർഗീസ് മാർ അപ്രേം മുഖ്യപ്രഭാഷണം നടത്തി. ക്നാനായ സമുദായ ആക്ടിംഗ് ട്രസ്റ്റി ജേക്കബ് തോമസ് മറ്റയ്ക്കാട്ട്, ക്നാനായ കോൺഗ്രസ് കേന്ദ്രകമ്മിറ്റി അംഗങ്ങളായ സജി താന്നിക്കൽ, ജയ്മോൻ മേപ്രത്ത്, ജോബി കാരിക്കോട്ട്, ശാലേം പള്ളി സെക്രട്ടറി റെജി ജേക്കബ് മൂലംകുളം എന്നിവർ പ്രസംഗിച്ചു. ക്നാനായ കോൺഗ്രസ് പ്രസിഡന്റ് ഫാ. ജേക്കബ് കല്ലുകുളം സ്വാഗതവും, സ്വാഗത സംഘം ചെയർമാൻ ഫാ.തോമസുകുട്ടി മങ്ങാട്ട് കൃതജ്ഞതയും രേഖപ്പെടുത്തി. കലാസന്ധ്യ ഫാ. സേവേറിയോസ് തോമസ് ഉദ്ഘാടനം ചെയ്തു. അനീഷ് കെ. ജെ കയ്യത്ര സ്വാഗതം ആശംസിച്ചു.

22-05-2022 ഞായർ 8.00 A.M.ന് ക്നാനായ സമുദായ മെത്രാപ്പോലീത്താ അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി കൃതജ്ഞതാബലിയർപ്പിച്ചു. തുടർന്ന് ശ്രീ തോമസ് ജോൺ കുളങ്ങര സ്വവംശവിവാഹം വേദപുസ്തക വീക്ഷണത്തിൽ എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ്സ് നയിച്ചു. കൊച്ചുമോൻ മടക്കുമൂട്ടിൽ സ്വാഗതവും, മാനോജ് ചാങ്ങാടത്തിൽ കൃതജ്ഞതയും പ്രകാശിപ്പിച്ചു. 11.00 A.M. നടന്ന കുടുംബവേദി മാവേലിക്കര ഇൻസൈറ്റ് മിഷൻ ഡയറക്ടർ ശ്രീ. സുനിൽ ഡി കുരുവിള നയിച്ചു. സുമിത്ത് മാക്കോത്തറ സ്വാഗതവും, സിബി ബേബി തോപ്പിൽ കൃതജ്ഞതയും പ്രകാശിപ്പിച്ചു. 2.00 P.M. ന് സിജോ പി.ജേക്കബ് (JCI) നയിച്ച ആറും അറുപതും ഫാമിലി എന്റർടെയിൻമെന്റ് പ്രോഗ്രാം എല്ലാ പ്രായക്കാർക്കും വേണ്ടി ഉണ്ടായിരുന്നു. ബിബിൻ കല്ലംപറമ്പിൽ സ്വാഗതവും മജേഷ് മഴുക്കീറ്റാട കൃതജ്ഞതയും പ്രകാശിപ്പിച്ചു. ഓതറ നസ്രേത്ത് കോളജ് മാനേജർ ഫാ. ജെയിൻ തോമസ് കുളത്തിങ്കൽ പ്രോഗ്രാം ഉദ്ഘാടനം ചെയ്തു.

വൈകിട്ട് 6 ന് നടന്ന സിറിയൻ ക്നാനായ വാർഷിക സമ്മേളനം ആദരണീയനായ ജസ്റ്റിസ് കെ.റ്റി. തോമസ് ഉദ്ഘാടനം ചെയ്തു. ക്നാനായ സമുദായ മെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി അദ്ധ്യക്ഷത വഹിച്ചു. അഭി. കുറിയാക്കോസ് മോർ ഈവാനിയോസ് മെത്രാപ്പോലീത്ത അനുഗ്രഹപ്രഭാഷണം നിർവ്വഹിച്ചു. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ M.L.A., ക്നാനായ സമുദായ സെക്രട്ടറി ശ്രീ. റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ, ക്നാനായ കോൺഗ്രസ് കേന്ദ്രക്കമ്മിറ്റി അംഗങ്ങളായ കൊച്ചുമോൻ ഒറ്റത്തെയ്ക്കൽ, ബിനു കല്ലേമണ്ണിൽ, സി.എ. ഏബ്രഹാം ചാങ്ങയിൽ, പി.എം. ജയിംസ് പുല്ലംപറമ്പിൽ (മുനി. കൗൺസിലർ) ശാലേംപള്ളി ട്രസ്റ്റി എം. ഐ. ബാബു മടുക്കമൂട്ടിൽ എന്നിവർ പ്രസംഗിച്ചു. ജന.സെക്രട്ടറി റോയി പുത്തൻപുരയ്ക്കൽ സ്വാഗതവും, ട്രഷറർ - ജന. കൺവീനർ അനീഷ് റ്റി.സി. തകിടിയിൽ കൃതജ്ഞതയും പ്രകാശിപ്പിച്ചു.

ക്നാനായ കോൺഗ്രസ് ചാരിറ്റിഫണ്ട് ശ്രീ. റ്റി. റ്റി. തോമസുകുട്ടി തേവരുമുറിയിൽ നിന്ന് ആദ്യസംഭാവന സ്വീകരിച്ചുകൊണ്ട് അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി നിർവ്വഹിച്ചു. ശ്രീ. കെ. എം. പുന്നൂസ് കുറ്റിയിൽ രചിച്ച 'ഞാൻ കണ്ട വിശുദ്ധനാടുകൾ' എന്ന പുസ്തകം ജസ്റ്റിസ് കെ.റ്റി. തോമസ് അഭി. കുറിയാക്കോസ് മോർ ഈവാനിയോസ് തിരുമേനിയ്ക്ക് നൽകി പ്രകാശനം ചെയ്തു. കോവിഡ് കാലത്ത് ഒരു കോടിയിലധികം രൂപ നൽകി ക്നാനായ സമൂഹത്തിന് കൈത്താങ്ങായിത്തീരുകയും തുടർന്നു വിവിധ ക്ഷേമപദ്ധതികളിലൂടെ ക്നാനായ സമൂഹത്തെ സഹായിക്കുന്ന ഇരവിപേരൂർ സെന്റ് മേരീസ് ക്നാനായ പള്ളി അംഗം ശ്രീ ബാബു ഏബ്രഹാം പട്ടുകാലായിൽ (സ്ഥാപകഅംഗം, സെന്റ് ഗ്രീഗോറിയോസ് ക്നാനായ പള്ളി ബഹ്റൈൻ) ന് അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി ക്നായിത്തൊമ്മൻ അവാർഡ് നൽകി ആദരിച്ചു. സന്തോഷ് ട്രോഫി നേടിയ കേരളാ ടീം അംഗം രാമമംഗലം സെന്റ് ജേക്കബ്സ് ക്നാനായ പള്ളി ഇടവകാംഗം ശ്രീ. അജയ് അലക്സിന് അഭി. കുറിയാക്കോസ് മോർ ഈവാനിയോസ് തിരുമേനി ക്നാനായ കോൺഗ്രസിന്റെ ആദരവ് നൽകി. കലാമത്സരങ്ങളിൽ ചിങ്ങവനം സെന്റ് ജോൺസ് ദയറാപള്ളി ഓവറോൾ ചാമ്പ്യൻഷിപ്പ് നേടി. ചിങ്ങവനം സെന്റ് മേരീസ് ശാലേംപള്ളി റണ്ണറപ്പായി. ശ്രീ. സിബി മാത്യു തോണ്ടുകുഴിയിൽ, സാബു പതിയിൽ, സാജൻ മറ്റത്തിൽ എന്നിവർ നേതൃത്വം നൽകി.

1677-ാം സിറിയൻ ക്നാനായ സംഗമം വിജയകരമായി നടത്തുവാൻ ആതിഥേയത്വമരുളിയ ചിങ്ങവനം സെന്റ് മേരീസ് ശാലേംപള്ളി വികാരി, ഭരണസമിതി അംഗങ്ങൾ, ഇടവക ജനങ്ങൾ എല്ലാവരോടും ഹൃദയംഗമായ നന്ദി അറിയിക്കട്ടെ. പ്രോഗ്രാം ലൈവ് ടെലികാസ്റ്റ് നടത്തിയ ക്നാനായ സുറിയാനിക്കാർ, ആരാധനഗീതം, പുരാതനഗീതം, സുറിയാനി ഗീതം മത്സരങ്ങൾ സ്പോൺസർ ചെയ്ത സജു ഉതുപ്പാൻ താമ്രത്ത്-ഷാർജ, സ്പോൺഷർഷിപ്പ് നൽകിയ ബാബു ഏബ്രഹാം പട്ടുകാലായിൽ, പരസ്യങ്ങൾ നൽകിയ സ്ഥാപനങ്ങൾ, വ്യക്തികൾ, സംഭാവനകൾ നൽകിയ ആളുകൾ എല്ലാവരോടും ഹൃദയംഗമായ നന്ദി അറിയിക്കുന്നു. ●

# കോവിഡിന് ശേഷം: സൺഡേസ്കൂളിനും വേണം സമഗ്രമാറ്റം



സുനിൽ ഡി. കുരുവിള

"Children are a gift from the Lord; they are a reward from him". Psalm 127:3

രണ്ടുവർഷം വീട്ടിലിരുന്ന കുട്ടികൾ. സൗഹൃദങ്ങളും കളിയും ചിരിയും യാത്രകളും സ്കൂൾ ജീവിതവും മാത്രമല്ല അവർക്കു നഷ്ടപ്പെട്ടത്, ആത്മീയ സ്വാധീനം കൂടിയാണ്. പള്ളിയും ആരാധനയും ഒക്കെ അനേകം കുട്ടികൾ മറന്നു. ഓൺലൈൻ ആരാധനയും സൺഡേസ്കൂളും ഒക്കെ സ്കൂളിലെ ഓൺലൈൻ ക്ലാസ്സുപോലെ വളരെ 'ബോറിംഗ്' ആയിരുന്നു പലർക്കും. കുഞ്ഞുങ്ങളെ സ്വാധീനിക്കാൻ ജീവനുള്ള പ്രവർത്തനങ്ങൾ തന്നെ വേണ്ടി വരും. 'ചട്ടപ്പടി' പരിപാടികൾ മാത്രം പോരാതെ വരും.

കുട്ടികളെ respect ചെയ്യുന്നിടത്തു നിന്നാണ് വിദ്യാഭ്യാസം ആരംഭിക്കുന്നത്. ഓരോ കുട്ടിയും ദൈവത്തിന്റെ അതിവിശിഷ്ടമായ സൃഷ്ടിയാണ്. അവരുടെ personality യെ മാനിക്കുകയും സവിശേഷതകളെ അംഗീകരിക്കുകയും ചെയ്യേണ്ടതുണ്ട്. അവർ താരതമ്യപെടേണ്ടവരോ തമ്മിൽ മത്സരിക്കേണ്ടവരോ അല്ല. അവരുടെ വൈവിധ്യവും വ്യത്യസ്ഥതയുമാണ് ലോകത്തിന്റെ ഭംഗികൂട്ടുന്നത്.

ഒരു പക്ഷേ ഇന്ന് എല്ലാവരുടെയും ഭൗതിക സാഹചര്യങ്ങൾ ഒക്കെ ഏറെക്കുറെ മെച്ചപ്പെട്ടിട്ടുണ്ട്. നല്ലതു തന്നെ. എന്നാൽ ബന്ധങ്ങളിൽ ഊഷ്മളതയും ആത്മാർത്ഥതയും നന്നേ കുറഞ്ഞിട്ടുണ്ട്. ആർക്കും സമയമില്ല. ഏറ്റവും കൂടുതൽ ഈ 'ഓട്ടം' ബാധിച്ചിരിക്കുന്നത് കുട്ടികളെയും പ്രായമുള്ളവരെയുമാണ്. കുട്ടികൾ പലരും വൈകാരികമായ ഒരു അനാഥത്വം നേരിടുന്നു...... അവരെ ആരും അറിയുന്നില്ല...മനസ്സിലാക്കുന്നില്ല... അതിലുപരി അവരെ കേൾക്കാനാരും മിനക്കെടുന്നില്ല. അവർക്കു അനുകരിക്കാൻ നല്ല മാതൃകകൾ ഇല്ല. അവരെ ഗൈഡ് ചെയ്യാൻ ആളില്ല... സമൂഹത്തിൽ സ്നേഹവും കരുതലും സേവനവും കുറഞ്ഞു വരുന്നു. നമ്മുടെ കുടുംബങ്ങളിലും കാര്യങ്ങൾ അത്ര വ്യത്യസ്ഥമല്ല.

മദ്യവും മയക്കുമരുന്നും തെറ്റായ ജീവിത രീതിയും 'use & throw' culture ഉം ഒക്കെ ലോകം പ്രോത്സാഹിപ്പിക്കുമ്പോൾ.... കമ്പോള സംസ്ക്കാരം പിടിമുറുക്കുമ്പോൾ ജീവന്റെശക്തി സമഗ്രമായി സംഘടിക്കേണ്ടിയിരിക്കുന്നു. ഓർക്കാം!

ഇവിടെയാണ് സൺഡേസ്കൂൾ പുനർനിർവചിക്കപ്പെടേണ്ടതിന്റെ അനിവാര്യത.

ഓരോ കുട്ടിയിലും ദൈവികമായ ഒരു പൂർത്തീകരണം നടക്കേണ്ടതുണ്ട്. അതിൽ ഒരു facilitator role വഹിക്കാൻ പള്ളിയ്ക്കു കഴിയണം. ജീവനമല്ല അതിജീവനമാണ് കാലം ആവശ്യപ്പെടുന്നത്. സമൃദ്ധിയായ ജീവനെകുറിച്ചാണ് ദൈവം നമ്മോടു അരുളിച്ചെയ്തത്!

സഭയുടെ ഭാവിയെക്കുറിച്ച് ചിന്തിക്കുന്നവർക്ക് എങ്ങനെ കുട്ടികളുടെ സമഗ്രമായ വളർച്ചയെക്കുറിച്ചു ചിന്തിക്കാതിരിക്കാൻ കഴിയും?

സിമിന്റിലും കമ്പിയിലും കട്ടയിലും അല്ല ഇനി നിക്ഷേപം വേണ്ടത്; കുഞ്ഞുങ്ങളിലാണ്. അവരെ സന്തോഷവും നന്മയും വിശ്വാസവുമുള്ള ഒരു തലമുറയായി രൂപാന്തരപ്പെടുത്താൻ വൈകിയാൽ അലസത കാണിച്ചാൽ വലിയവില കൊടുക്കേണ്ടി വരും. ഇന്നത്തെ കുട്ടികളുടെ നിലവാരമാണ് നാളത്തെ പള്ളിയുടെ ആരാധനയുടെ-ആത്മീയതയുടെ നിലവാരം നിർണ്ണയിക്കുക. സംശയം വേണ്ട.

നമ്മുടെ യുവതയ്ക്കു പഠനത്തിൽ താല്പര്യം കുറയുമ്പോൾ, തൊഴിൽ ലഭിക്കാതെ വരുമ്പോൾ, വിവാഹബന്ധങ്ങൾ തകരുമ്പോൾ, മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെടുമ്പോൾ വഴിതെറ്റുമ്പോൾ, കുറഞ്ഞുപോകുമ്പോൾ, വീണു പോകുമ്പോൾ കണ്ണീർ പൊഴിച്ചിട്ടോ - പരസ്പരം പഴിചാരിയിട്ടോ എന്ത് ഗുണം? സമയബന്ധിതമായ കാഴ്ചപ്പാടുള്ള പ്രവർത്തനം മാത്രമാണ് പരിഹാരം.

ഓരോ കുട്ടിയേയും അടുത്തറിയാൻ.... സ്വാധീനിക്കാൻ... രൂപാന്തരപ്പെടുത്താൻ സഹായിക്കാൻ പ്രോത്സാഹിപ്പിക്കാൻ അംഗീകരിക്കാൻ ഒക്കെ ഇടം ഉള്ളതാകണം സൺഡേസ്കൂൾ. ജീവിത നൈപുണ്യങ്ങളെയും മൂല്യങ്ങളെയും പ്രോത്സാഹിപ്പിക്കുകയും നന്മയെ വളർത്തുകയും ചെയ്യുന്ന ഇടങ്ങളാക്കാൻ ശ്രദ്ധിക്കാം.

കുട്ടികൾ ഒരു കാരണവശാലും തരം തിരിക്കപ്പെടുകയോ വിവേചനം നേരിടുകയോ ചെയ്യാൻ പാടില്ല. വൈകാരിക ബുദ്ധിശക്തിയും മാനസിക ആരോഗ്യവുമുള്ള ഒരു യുവത സഭയ്ക്കും സമൂഹത്തിനും വലിയ പ്രത്യാശയായിരിക്കും നൽകുക.

സൺഡേസ്കൂളിലെ പരീക്ഷകൾ നിർത്തലാക്കിക്കൂടെ? Internal assessment അല്ലേ കുറച്ചുകൂടി മെച്ചം. പ്രത്യേകിച്ച് മുതിർന്ന കുട്ടികൾ പരീക്ഷയെ ഇഷ്ടപ്പെടുന്നില്ല. അല്ലെങ്കിൽ തന്നെ സൺഡേസ്കൂളിന്റെ ലക്ഷ്യം ബുദ്ധിയും അറിവും പരീക്ഷിക്കാൻ ആണോ? നന്മയും ദൈവചിന്തയും കുട്ടികളിൽ ഉറപ്പിക്കലല്ലേ? കുഞ്ഞുങ്ങളിൽ കാണാതെപഠിത്തവും മത്സരവും ഒക്കെ പ്രോത്സാഹിപ്പിക്കുന്നത് നിർത്തിയിട്ട് സ്നേഹവും കരുണയും കരുതലും സത്യവും ഒക്കെ പ്രോത്സാഹിപ്പിക്കാം.

അവർ തോൽക്കാനും പഠിക്കട്ടെ!

വചനത്തിൽ ജീവിക്കാൻ പഠിക്കട്ടെ!!!

അതിനു ഉതകുന്ന രീതിയിൽ സൺഡേസ്കൂൾ കരിക്കുലം പരിഷ്കരിക്കേണ്ടതുണ്ട്.

അദ്ധ്യാപനത്തിന്റെ quality യിൽ മാറ്റം വരണം. നല്ല മാതൃകയും ദർശനവും ഉള്ള അദ്ധ്യാപകസമൂഹം ആദ്യം ഉണ്ടാകട്ടെ.

ബുദ്ധിവികാസം അല്ല; ഹൃദയ വികാസമല്ലേ സൺഡേസ്കൂൾ ലക്ഷ്യമാക്കേണ്ടത്? മത്സരവും താരതമ്യവും പ്രോത്സാഹിപ്പിക്കാമോ? അതിൽ ഒരു ദൈവനിഷേധമില്ലേ? സ്നേഹിക്കാനും കരുതാനും വിട്ടുകൊടുക്കാനും ത്യജിക്കാനും ഒക്കെയല്ലേ കുഞ്ഞുങ്ങൾ പഠിക്കേണ്ടത്?

ജ്ഞാനത്തിൽ നിന്നും വിജ്ഞാനത്തിലേക്കു കുഞ്ഞുങ്ങളെ നയിക്കാൻ നമുക്ക് കഴിയുന്നുണ്ടോ?

"I have no greater joy than to hear that my children are walking in the truth" 3 John 1:4.

പ്രൈമറി സൺഡേസ്കൂൾ happy ആയിരിക്കണം. കഥയും പാട്ടും മൂല്യങ്ങളും കാഴ്ചപ്പാടും വിശ്വാസവും സ്നേഹവും ഒക്കെ ഊട്ടി ഉറപ്പിക്കുന്നതാകട്ടെ അവർക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾ! സന്തോഷമുള്ള ബാല്യം ആശ്വാസമായ കൗമാരത്തിലേക്കും ഫലപ്രദമായ യൗവ്വനത്തിലേയ്ക്കുമുള്ള അടിസ്ഥാനമാണ്.

Let's raise HAPPY Children! Teen Sunday school life enriching ആകണം.

ഇന്ന് മുതിർന്ന കുട്ടികളെ സ്വാധീനിക്കാൻ നമുക്കു കഴിയുന്നുണ്ടോ?

അവരുടെ സ്വഭാവം, Personality, മൂല്യബോധം, കാഴ്ചപ്പാടൊക്കെ ഉയർത്തിയാലേ അവരുടെ ജീവിതത്തെ ഉയർത്താൻ കഴിയുകയുള്ളൂ. പലപ്പോഴും അവർ സ്വാധീനിക്കപ്പെടുന്നത് തെറ്റിന്റെ അരാജകത്വത്തിന്റെ ഇടങ്ങളിലേക്കാണ്.... മുതിർന്ന കുട്ടികളുടെ വ്യക്തിത്വവികസനം, സ്വഭാവം, മാനസികാരോഗ്യം, ഭാവിജീവിതം, careers ഒക്കെ മെച്ചപ്പെടുത്തുന്നതിൽ സൺഡേസ്കൂളും ശ്രദ്ധിക്കേണ്ടതുണ്ട്. ആ ദിശയിലേക്കു നിക്ഷേപിക്കേണ്ടതുണ്ട്. കുട്ടികളുടെ ജീവിത വിഷയങ്ങളിൽ നമ്മൾ ഇന്ന് ഇടപെടുമ്പോൾ അവരുടെമേൽ വലിയൊരു സ്വാധീനം നമ്മൾ സൃഷ്ടിക്കുകയാണ്. മുതിർന്ന ആൺകുട്ടികൾ പള്ളിയുടെ കാര്യങ്ങളിൽ നിന്ന് പൊതുവെ പുറകോട്ടു പോകുന്നുണ്ടോ? പഠനം ആവശ്യമാണ്. കാരണം കണ്ടെത്തുകയും പരിഹാരം തേടുകയും വേണം.

ഈ ആധുനിക കാലത്തു ക്ലാസ്സിൽ വരുന്ന കുട്ടികൾക്ക് മാത്രം ഉള്ളതാകരുത് സൺഡേസ്കൂൾ. വരാത്ത കുട്ടികളെ അന്വേഷിച്ച് ഇറങ്ങണം. Church must walk towards child. കാണാത്തവരെ തേടാനുള്ള ജൈവതയാണ് ആധുനിക സൺഡേസ്കൂളിന് ആവശ്യം.

An inclusive approach!

കുട്ടികൾക്ക് യോഗ്യരാണോ അദ്ധ്യാപകരും ലീഡേഴ്സും എന്ന് നിരന്തരമായി അവലോകനം ചെയ്യണം. ഉന്നതമനോഭാവവും ഉയർന്ന മൂല്യങ്ങളും ജീവിതത്തിൽ പുലർത്തുന്നവരാകണം അദ്ധ്യാപകർ, അത് ഏറ്റവും പ്രധാനമായ വിഷയമാണ്. Self seeking വ്യക്തിത്വങ്ങളെയും, കസേരയിൽ അള്ളിപ്പിടിച്ചിരിക്കുന്നവരെയും മാറ്റണം. സൺഡേസ്കൂൾ ഒരു മിഷൻ ആയി കാണണം! അതിൽ പ്രവർത്തിക്കുന്നവരെ മിഷണറിമാരായും! സൺഡേസ്കൂൾ അദ്ധ്യാപകർക്ക് നല്ല ട്രെയിനിംഗും അനിവാര്യമല്ലേ?

ഒരു വർഷത്തെ ചർച്ച് ബഡ്ജറ്റിന്റെ എത്ര ശതമാനമാണ് സൺഡേസ്കൂളിനു വേണ്ടി ചെലവിടുന്നത്. നല്ല സമ്മാനങ്ങൾ വാങ്ങുക, അവരുടെ പരിപാടികളിൽ നല്ല ഭക്ഷണം കൊടുക്കുക, അവരുടെ പ്രോഗ്രാമുകളുടെ നിലവാരം ഉയർത്തുക, അവർക്കുവേണ്ടി മികച്ച റിസോഴ്സ് Persons നെ ക്ഷണിക്കുക. അദ്ധ്യാപകരെ ഉന്നതമായി പരിശീലിപ്പിക്കുക, അവർക്കു നല്ല പാരിതോഷികങ്ങളും അംഗീകാരങ്ങളും നൽകുക... സൺഡേസ്കൂൾ വേറെ ലെവൽ ആകും. Attractive ആകുമ്പോൾ കൂടുതൽ പേര് അതുമായി സഹകരിക്കുകയും കൂടുതൽ resource അവിടേയ്ക്ക് കടന്നു വരുകയും ചെയ്യും. സൺഡേസ്കൂളിന്റെയും വി.ബി.എസിന്റെയും ചെലവ് ചുരുക്കി ലാഭം പിടിക്കുന്ന ചില 'അഭ്യാസികൾ' ഒക്കെ ഉണ്ട്.

ഇതിനൊക്കെ പണമുണ്ടോ സമയമുണ്ടോ ആളുണ്ടോ എന്നൊക്കെ ചോദ്യം ഉയരാം. ഒരു ഉത്തരമേയുള്ളൂ- ഇന്ന് അതിനു മുൻഗണന നൽകിയില്ലെങ്കിൽ വികൃതമായ ഒരു ഭാവിയായിരിക്കും നമ്മെ കാത്തിരിക്കുക. " A stitch in time saves nine" മാതാപിതാക്കളെ ഒരുക്കാനും പരിശീലിപ്പിക്കാനും കൂടി സൺഡേസ്കൂൾ സജ്ജമാകണം. കുടുംബം ശക്തിപ്പെടണം. സമഗ്രമായ പ്രവർത്തനങ്ങൾ ഈ ദിശയിലേക്കു അനിവാര്യമായിരിക്കുന്നു. കമ്പോള സംസ്ക്കാരവും ധൂർത്തും ആർത്തിയും ഒക്കെ കുടുംബമൂല്യങ്ങളെ തകിടം മറിച്ചു കഴിഞ്ഞു. ജ്ഞാനം കൊണ്ട് ഭവനം പണിയാൻ ഓർപ്പിച്ച ദൈവം! (Colossians 3:23) "Whatever you do, work at it with all your heart, as working for the Lord, not for human masters".

ഒരു കാലത്തു സൺഡേസ്കൂളും പള്ളിയും ഒക്കെ ഉന്നതവും സമഗ്രവുമായ ദൈവസ്വാധീനത്തിലേക്കു കുഞ്ഞുങ്ങളെ നയിച്ചിരുന്നതിന്റെ ഐശ്വര്യം സമൂഹം ആഘോഷിച്ചു... ക്രിസ്തീയ ഭവനങ്ങളൊക്കെ വിദ്യാഭ്യാസപരമായും സാംസ്ക്കാരികമായും ഉയർന്നു നിന്നിരുന്നു... ആ സ്വാധീനങ്ങൾ ഇന്ന് കുട്ടികളിൽ നഷ്ടപ്പെട്ട് തുടങ്ങി....

ദൈവസ്നേഹമുള്ള ഭാവമുള്ള ഒരു തലമുറയായിരിക്കണം ദൈവാലയങ്ങളുടെ ആത്യന്തിക ലക്ഷ്യം. ഓരോ കുട്ടിയുടെയും ഡാറ്റയും പ്രൊഫൈലും സൂക്ഷിക്കുകയും ഫലപ്രദമായി ഉപയോഗപ്പെടുത്തുകയും ഒക്കെ ചെയ്താൽ വലിയ ബന്ധം പള്ളിക്കു കുട്ടികളുമായി സ്ഥാപിക്കാൻ കഴിയും. അവരുമായി rapport ഉണ്ടാക്കാൻ അദ്ധ്യാപകർക്കും അച്ചൻമാർക്കും കഴിയണം. ആ രീതിയിൽ എല്ലാവരും പരിശീലിക്കപ്പെടണം. ഇന്നത്തെ കുട്ടികളുടെ സംസ്ക്കാരവും നിലവാരവുമാണ് നാളത്തെ സഭയുടെ-സമൂഹത്തിന്റെ ഔന്നത്യം.

ഒരു 'mentoring' രീതി പള്ളിക്ക് ആവശ്യമാണ്. 12-19 വയസ്സ് പ്രായമുള്ള കുട്ടികളെ ആശയപരമായി സ്വാധീനിക്കാനും പ്രചോദിപ്പിക്കാനും ആത്മീയമായി വളർത്താനും കഴിയണം. അവരെ ഉയർന്ന മൂല്യബോധത്തോടെ ലക്ഷ്യത്തിലേക്കു നയിക്കാൻ കാഴ്ചപ്പാടും ദർശനവും നൽകാൻ ഒരു മെന്ററിംഗ് (mentoring) പദ്ധതി ഉണ്ടാകേണ്ടതുണ്ട്. ഇല്ലെങ്കിൽ വികലമായിരിക്കും നാം സൃഷ്ടിക്കുന്ന നമ്മുടെ ഭാവിതലമുറ.

കുട്ടികളുടെ ഭാവിയെ കരുതാനും കാലോചിതമായ മാറ്റങ്ങൾ ചിന്തിക്കാനും ആസൂത്രണം ചെയ്യാനും പ്രവർത്തനം ഡിസൈൻ ചെയ്യാനും ഒക്കെ ഒരു സെൻട്രലൈസ്ഡ് കേന്ദ്രം തന്നെ ഉണ്ടാവണം. ഇല്ലെങ്കിൽ ദർശനമുള്ള ലീഡേഴ്സ് ഉള്ളിടത്തു മാത്രം കുട്ടികൾക്ക് അത്തരം സ്വാധീനം ലഭിക്കുകയും അതില്ലാത്തിടത്തു കാര്യങ്ങൾ കൈവിട്ടുപോവുകയും ചെയ്യും. മാത്രവുമല്ല നിലവിൽ നടന്നു കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ വിലയിരുത്തപ്പെടുന്നുണ്ടോ? അതിന്റെ ഫലപ്രാപ്തി എത്രയുണ്ട്; ഫലമില്ലാത്തത് ഏതെല്ലാം; പൂർണ്ണമായും ഒഴിവാക്കേണ്ടത് എന്തെല്ലാം... ഒരു അവലോകനവും പഠനവും നടക്കുന്നില്ല. നല്ല പ്രാക്ടീസുകൾ പ്രോത്സാഹിപ്പിക്കപ്പെടുന്നില്ല. നല്ല പല ആശയങ്ങളും അതുമൂലം മുളയിലേ മുരടിച്ചു പോകുന്നു.

Family enrichment, counselling, career guidance, youth personality development programs, girl child enpowerment ഒക്കെ ഒരു സമഗ്രമായ സഭയുടെ വളർച്ചയ്ക്ക് നിരന്തര പ്രവർത്തനങ്ങൾ ആകേണ്ടതുണ്ട്.

ദർശനമുള്ള നേതൃത്വവും നല്ല ആശയങ്ങളും നല്ല മനുഷ്യരും സമഗ്രമായ പ്രവർത്തനങ്ങളും ഒന്നിച്ചാൽ അവിടെ ദൈവം ഉണ്ടാകും. അസാദ്ധ്യമായി ഒന്നുമില്ല.

*(സുനിൽ ഡി. കുരുവിള ഇൻസൈറ്റ് മിഷന്റെ സ്ഥാപകനും; പ്രമുഖ മാനവശേഷി വികസന പരിശീലകനും കൗൺസിലറും കരിയർ ഗൈഡുമാണ്. സെൽ ഫോൺ നമ്പർ + 91 9656144712. 'Sunil kuruvilla' എന്ന You Tube ചാനലിലും ലഭ്യമാണ്).*

# ആത്മനവീകരണം

കൊച്ചുമോൻ, പള്ളിക്കപ്പറമ്പിൽ, ചിങ്ങവനം

ഞങ്ങളുടെ ബാഹ്യമനുഷ്യൻ ക്ഷയിക്കുകയും ആത്മീക മനുഷ്യൻ അനുദിനം നവീകരിക്കയും ചെയ്യുന്നു (2. കൊരി. 4:16). ഇത് എപ്പോൾ, എപ്രകാരം ആരിൽ പരിവർത്തനം വരുത്തുന്നു. ഇതിനെക്കുറിച്ച് ചിന്തിക്കാം. ഒരുവൻ സർവ്വലോകവും നേടിയാലും അവന്റെ ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ എന്തുപ്രയോജനമെന്നു യേശു പഠിപ്പിച്ചു. നമ്മുടെ ശരീരരോഗങ്ങളെപ്പറ്റി വേഗത്തിൽ അവബോധമുള്ളവരായി ഔഷധം ഉപയോഗിക്കുന്നപ്രകാരം നമ്മുടെ ആത്മാവ് നഷ്ടപ്പെടാതിരിപ്പാൻ യേശുസ്ഥാപിച്ച ആത്മാവിന്റെ ഔഷധമാണ് വി. കുർബ്ബാന.

രക്തം ചൊരിഞ്ഞിട്ടല്ലാതെ പാപമോചനമില്ലന്നതു ദൈവപ്രമാണമാണ്. മോശയുടെ കാലം മുതൽ പാപമോചനത്തിനായി ബലി ഏർപ്പെടുത്തിയിരുന്നതായിരുന്നു ഒന്നാം ഉടമ്പടി. അന്ന് ബലിവസ്തുക്കൾ പലതായിരുന്നു. യവപൊടി, കുറുപ്രാവ്, കോലാട്, കാള ഇവ ആയിരുന്നു. ക്രമേണ ശാസ്ത്രിമാരും, പരീശന്മാരും ദ്രവ്യാഗ്രഹംമൂലം ആയതിൽ മായം ചേർത്തു, സാധുക്കളെ ചൂഷണം ചെയ്തും ധനസമ്പാദനത്തിനുള്ള അവരുടെ വാക്കുകളും പ്രവർത്തിയും തമ്മിൽ ഒട്ടും പൊരുത്തം ഇല്ലാത്തതായിതീർന്നു. ഒന്നാം ഉടമ്പടി അങ്ങനെ കുറവുള്ളതാക്കിതീർത്തു. കാലസമ്പൂർണ്ണതയിൽ ദൈവം തന്റെ ഏകജാതനായ പുത്രനെ സ്വർഗ്ഗത്തിൽനിന്നു ഇറങ്ങിവന്ന ജീവനുള്ള കുഞ്ഞാടിനെ ബലി ആക്കി മൽക്കിസദേക്കിന്റെ ക്രമപ്രകാരം അപ്പവീഞ്ഞുകൾ കൊണ്ടുള്ള ബലി തന്റെ ശിഷ്യന്മാരൊടൊപ്പം സെഹിയോൻ മാളികയിൽ വച്ച് സ്ഥാപിച്ചു. വാങ്ങുവീൻ ഇത് എന്റെ ശരീരം ഇത് എന്റെ രക്തവും ആകുന്നു. കടങ്ങളുടെ പരിഹാരത്തിനും പാപമോചനത്തിനുമായി സ്ഥാപിച്ചു. ഇതായിരുന്നു രണ്ടാം ഉടമ്പടി എബ്ര. 8:7. ഒന്നാം ഉടമ്പടിയിൽ ബലി വസ്തുക്കൾ പലതായിരുന്നു എങ്കിൽ രണ്ടാം ഉടമ്പടിയിൽ ദൈവത്തിനും മനുഷ്യർക്കും ഇടയിൽ യേശു എന്ന ഏക മദ്ധ്യസ്ഥനായി ത്തീർന്നു. 1. തീമൊ. 2:5 ഈ വചനത്തെ വളച്ചൊടിച്ച് യേശു മദ്ധ്യസ്ഥനായിട്ടുള്ളപ്പോൾ മറ്റു മദ്ധ്യസ്ഥരോടു പ്രാർത്ഥിക്കുന്നത് വിഗ്രഹാരാധനയാണന്ന് ചില നൂതനസഭയുടെ ഉപദേശിമാർ നമ്മെ വഴിതെറ്റിക്കുന്നു. ഒരുവനുവേണ്ടി തന്റെ ജീവനെ കൊടുക്കുന്നതിലും വലിയ സ്നേഹമില്ലെന്ന സ്ഥിതിക്കു യേശുവിനായി രക്തസാക്ഷികളായവരോടു ബലഹീനരും, പാപികളും ആയ നമുക്കുവേണ്ടി പ്രാർത്ഥിപ്പാൻ അപേക്ഷിക്കുന്നതിൽ എന്താണ് തെറ്റ്. എന്നാൽ ലേവി പുരോഹിതർക്കുണ്ടായിരുന്ന ആനുകൂല്യങ്ങൾ രണ്ടാം ഉടമ്പടിയുടെ പുരോഹിതർക്ക് ഇല്ലായിരുന്നു. കൂടാരത്തിൽ ശുശ്രൂഷിക്കുന്നവർക്ക് അഹോവൃത്തിക്കു വകയില്ലാത്ത ഒരു യാഗപീഠം നമുക്കുണ്ട്. എബ്ര.13:10. ആദിമസഭ ഇപ്രകാരം ആയിരുന്നു പുരോഹിതൻ കുറ്റമില്ലാത്തവനും, ഏക ഭാര്യയുള്ളവനും, ദുർനടപ്പ് ഇല്ലാത്തവനും ആയിരിക്കണം. തീത്തോ.1:6.

ന്യായപ്രമാണവും, പ്രവാചകന്മാരും, യോഹന്നാൻ സ്നാപകൻവരെ ആയിരുന്നു. മത്താ. 22:37. ന്യായപ്രമാണത്തെ മുഴുവനും യേശു രണ്ടാക്കി മാറ്റി. നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണമായിട്ടും നിന്റെ അയൽക്കാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കണം. ഗലാത്യർ. 5:14 പഴയനിയമ പൗരോഹിത്യം ലേവിഗോത്രത്തിൽനിന്നും മാറ്റി മനുഷ്യരുടെ ഇടയിൽനിന്നാക്കി എബ്ര. 5:1 ഇപ്രകാരം പൗരോഹിത്യത്തിനു മാറ്റം വരുമ്പോൾ ന്യായപ്രമാണത്തിനും മാറ്റമുണ്ടാകണം എബ്ര. 7:12. അതിനായിട്ടാണ് ദൈവം എ.ഡി. 70 ൽ ജറുശലേം ദൈവാലയം നശിപ്പിച്ചത്. അതോടെ പഴയ ബലിയും ലേവി പൗരോഹിത്യവും യേശുവിങ്കലേക്ക് മാറ്റപ്പെട്ടപ്പോൾ അവ നിത്യബലിയും, നിത്യ പൗരോഹിത്യവുമാക്കി മാറ്റപ്പെട്ടു. പകരം ബലിവസ്തുക്കൾ മാറ്റി ഏകമാക്കിത്തീർത്തു. ഇതാണ് രണ്ടാം ഉടമ്പടി. ഇതിനെ വിവേകിച്ചും, വിശ്വസിക്കാതെ അനുഭവിക്കുന്ന പലരും രോഗികൾ ആയിത്തീർന്നു. 1. കൊരി. 11:27 വിശ്വസിച്ച് അനുഭവിക്കുന്നവരിൽ ആത്മീക മനുഷ്യൻ അനുദിനം നവീകരിക്കപ്പെടുന്നു.

വി. കുർബ്ബാനയുടെ രൂപഭേദം എപ്പോൾ നടക്കുന്നു. കോഴി മുട്ടമേൽ പൊരുന്ന ഇരിക്കുമ്പോൾ അതിന്റെ ചിറകിനു കീഴിൽ ഇരിക്കുന്ന മുട്ടയ്ക്കു താപ ഊർജ്ജം പകർന്നു രൂപാന്തരപ്പെടുന്നപോലെ പുരോഹിതൻ വി. കുർബ്ബാനയിൽ അപ്പവീഞ്ഞുകളിൽ പരിശുദ്ധാത്മാവ് ആവസിച്ച് ശുദ്ധീകരണക്രിയ ചെയ്യുമ്പോൾ യേശുവിന്റെ ശരീരരക്തങ്ങൾ ആയി രൂപാന്തരപ്പെടുന്നു. ഇതാണ് നമ്മുടെ സഭയുടെ വിശ്വാസം.

കയ്പ്പുള്ള ഫലം പുറപ്പെടുവിക്കുന്ന കാഞ്ഞിരം പോലെയുള്ള മരത്തോടു മധുരമുള്ള ഫലം പുറപ്പെടുവിക്കാൻ നാം പതിവയ്ക്കുന്നു. തൽഫലമായി മധുരമുള്ള ഫലം ലഭിക്കുന്നപ്രകാരം, പാപികളായ നാം യേശുവിന്റെ സ്വഭാവത്തോടു രൂപാന്തരം പ്രാപിക്കുന്നു. അപ്പോൾ നമ്മിലെ പാപബോധം പരിശുദ്ധാത്മാവ് വെളിപ്പെടുത്തിത്തരുമ്പോൾ നാം പാപജീവിതത്തിൽനിന്നും പിൻമാറും, അങ്ങനെ ഒരു പുതിയ മനുഷ്യൻ ആയിത്തീരുന്നതാണ് രക്ഷ, അല്ലാതെ വഴിയെ വരുന്ന ഉപദേശി വിശ്വസിച്ച് സ്നാനപ്പെടുന്നതാണെന്ന് പറയുന്നതല്ല രക്ഷ. ഇവർ ശിശുസ്നാനം ശരിയല്ലെന്നും വിശ്വാസസ്നാനമാണ് വേണ്ടതെന്നും. രണ്ടാം ഉടമ്പടി യേശുവും ശിഷ്യന്മാരും നടത്തിയ വെറും ഒരു ചായ സൽക്കാരത്തോടുപമിച്ച് സത്യസഭയിൽ പെട്ടവരെ അവരുടെ കുടുംബങ്ങളിൽനിന്നും അടർത്തി വേർപാട് ഉണ്ടാക്കുന്നു. പരിച്ഛേദനയിൽ ജനിച്ച പുരുഷസന്തതികൾ എട്ടാം ദിവസം വിശ്വസിച്ചതിനുശേഷം അല്ലായിരുന്നു. എന്നാൽ പുതിയ നിയമത്തിലെ സ്നാനം വിശ്വാസത്തിനു ശേഷം വേണമെന്നില്ലെന്നും ഇതുപോലെ തന്നെ മതിയെന്ന് തീരുമാനിച്ചത് സഭയാണ്. സഭയ്ക്കു കെട്ടുവാനും അഴിപ്പാനും അധികാരം യേശു കൊടുത്തിട്ടുണ്ട് മത്താ.16:19.



# മാതൃകാ കുടുംബജീവിതം ദൈവശാസ്ത്ര മനഃശാസ്ത്ര വീക്ഷണത്തിൽ

**ഫാ. ഡോ. ജയിംസ് തോടത്തിൽ**
(ഡയറക്ടർ, ക്നാനായ ഫാമിലി ഡയറക്ടറേറ്റ്)

**കഴിഞ്ഞ ലക്കം തുടർച്ച**

**സാമ്പത്തിക അച്ചടക്കം**

കുട്ടികൾ പണം ആവശ്യപ്പെടുമ്പോഴൊക്കെ യാതൊരു നിയന്ത്രണവുമില്ലാതെ ചോദിക്കുന്നപണംകൊടുക്കുന്ന മാതാപിതാക്കളെ എനിക്കറിയാം. യഥാർത്ഥത്തിൽ അവർ തങ്ങളുടെ കുഞ്ഞുങ്ങളെ നാശത്തിലേക്കു തള്ളി വിടുകയാണ്. അങ്ങനെയുള്ളവർ പറയുന്ന ചില ന്യായങ്ങളുണ്ട്.

"എന്റെഅച്ചോ, ഞാൻ പണത്തിന്റെ ബുദ്ധിമുട്ട് ശരിക്കും അറിഞ്ഞ വ്യക്തിയാണ്. ഭക്ഷണംപോലും ശരിയായവിധത്തിൽ ലഭിച്ചിട്ടില്ല. അതുകൊണ്ട് എന്റെ മക്കളെ ഒരു കുറവും അറിയാതെയാണ് ഞാൻ വളർത്തുന്നത്. അവർ ചോദിക്കുന്ന പണം ഞാൻ കൊടുക്കും".

"അവന്റെ കൂടെ പഠിക്കുന്ന മറ്റു കുട്ടികളെ അപേക്ഷിച്ച് എന്റെ മകൻ എത്ര മര്യാദക്കാരനാണെന്നോ. അപ്പോൾ അവന് ചോദിക്കുന്ന പണം കൊടുക്കുന്നതിൽ കുഴപ്പമൊന്നുമില്ല".

"പണം കെട്ടിപ്പിടിച്ചു വച്ചിട്ട് എന്തു പ്രയോജനം. മക്കളുടെ നല്ല കാലത്ത് അവർ എൻജോയ് ചെയ്യട്ടെ. അവരെയെന്തിനാണ് പണം ഇല്ലെന്ന് പറഞ്ഞ് അവരുടെ കൂട്ടുകാരുടെ മുൻപിൽ നാണം കെടുത്തുന്നത്".

ഇതുപോലെ മറ്റനേക ന്യായങ്ങൾ പറയുന്നവർ നമുക്കു ചുറ്റിലുമുണ്ട്. ഇവരുടെ മക്കൾ പണത്തിന്റെ വിലയറിയാതെ ജീവിച്ച് അവസാനം ബുദ്ധിമുട്ടിലേയ്ക്ക് പോകുമ്പോൾ സഹായിക്കാൻ മാതാപിതാക്കൾ ഇല്ലാത്ത ഒരു കാലം വരും. അന്ന് ജീവിക്കാനറിയാതെ ബുദ്ധിമുട്ടുന്ന മക്കളായിട്ടായിരിക്കും നാം അവരെ കാണുക. അതിനാൽ പണത്തിന്റെ മൂല്യവും മക്കളെ അറിയിക്കണം.

"അച്ചോ, എന്റെ പപ്പ, എന്റെ കൈയ്യിൽ തരുന്ന പണത്തിന് കണക്കു കാണിക്കണമെന്നു നിർബന്ധമുള്ള വ്യക്തിയായിരുന്നു. പണം ചിലവാക്കുന്നതിനല്ല എതിർപ്പ്. പണം എങ്ങനെ ചിലവാക്കുന്നു? മിച്ചം എന്തുണ്ട് എന്നതിനൊക്കെ കൃത്യമായ കണക്കു കാണിക്കണം".

ബിനു പറഞ്ഞു.

"നിശ്ചയമായും ബിനുവിന്റെ പപ്പ മാതൃകാപരമായ പ്രവർത്തിയാണ് ചെയ്തത്" അച്ചൻ പറഞ്ഞു

ബിനുവിന്റെ പപ്പയെപ്പോലെ മക്കളെ സാമ്പത്തിക അച്ചടക്കം പഠിപ്പിക്കുന്നവരാകണം മാതാപിതാക്കൾ. മക്കളെ പണത്തിന്റെവില അറിയിക്കണം. Accountability വീട്ടിൽ നിന്ന് പഠിക്കണം. കൊടുത്തുവിടുന്ന പണത്തിന്റെ കണക്ക് മക്കൾ സൂക്ഷിച്ചുവയ്ക്കണം. എന്തിനു ചിലവായെന്നും എത്ര ബാക്കിയുണ്ടെന്നും അറിഞ്ഞിരിക്കുന്നത് സാമ്പത്തിക അച്ചടക്കത്തിന്റെ ലക്ഷണമാണ്. ഇത് മക്കളെ പഠിപ്പിക്കണം.

ഞാൻ എന്റെ ചെറുപ്പത്തിലെ അനുഭവം പങ്കുവയ്ക്കാം. എന്റെ അമ്മച്ചി എന്നെ കടയിൽ ചില്ലറസാധനങ്ങൾ വാങ്ങാൻ അയക്കും. എല്ലാ മാസത്തിന്റെയും ആദ്യം അച്ചായൻ ചന്തയിൽ നിന്നും ഒരു മാസത്തേയ്ക്കുള്ള പലവ്യഞ്ജനങ്ങൾ മൊത്തമായി വാങ്ങുന്ന പതിവാണുള്ളത്. എന്നാൽ ചില സാധനങ്ങൾ തീർന്നു പോയാൽ വാങ്ങാൻ പോകേണ്ട ഉത്തരവാദിത്വം എനിക്കുണ്ട്. എന്റെ കൈയ്യിൽ തന്നയക്കുന്ന പണം എത്ര ചിലവായെന്നും എത്ര മിച്ചമുണ്ടെന്നും കൃത്യമായി അമ്മച്ചിയുടെ അടുക്കൽ പറയണം. മാത്രമല്ല ഓരോ സാധനത്തിന്റെയും വില കൃത്യമായി അറിഞ്ഞിരിക്കണം.അതുകൊണ്ട് കടയിൽ നിന്നും വാങ്ങുന്ന ഓരോ സാധനത്തിന്റെയും വില അറിഞ്ഞതിനുശേഷമാണ് വാങ്ങാറുള്ളത്. കൂടാതെ കടക്കാരൻ സാധനം തൂക്കുന്നതോടൊപ്പം ഞാൻ കണക്കും കൂട്ടും. അവസാനം ആകെ എത്രയാണെന്ന് കടക്കാരൻ പറയുന്നതിന് മുൻപ് ഞാൻ മനസ്സിലാക്കുമായിരുന്നു. കാരണം ഇതേപടി വീട്ടിൽ ചെല്ലുമ്പോൾ അമ്മച്ചിയോട് പറയേണ്ടതല്ലെ. മാത്രമല്ല. അതുകൊണ്ട് മനക്കണക്കും പഠിച്ചു. ഇത് പിന്നീട് എന്റെ ജീവിതത്തിൽ ധാരാളം ഗുണം പ്രദാനം ചെയ്തു. എന്തു സാധനങ്ങൾ വാങ്ങാൻ പോയാലും ഞാൻ ഒരു കണക്കുകൂട്ടൽ നടത്തും. പൂർണ്ണമായും ശരിയാകണമെന്നില്ല. ഏകദേശം ഒരു കണക്കു കിട്ടും.

ഇക്കാലത്ത് കുട്ടികൾ പലരെയും കടയിൽ സാധനങ്ങൾ വാങ്ങാൻ അയച്ചാൽ കടക്കാരൻ പറയുന്നത് മാത്രമെ വിശ്വസിക്കൂ. കൂടുതലായും കുറവായാലും അവർക്ക് അനക്കമൊന്നുമുണ്ടാകില്ല. ബാക്കിതരുന്നത് എണ്ണിനോക്കുക പോലും ചെയ്യാത്തവർ ഉണ്ട്. സാമ്പത്തിക അച്ചടക്കമില്ലാത്തതുകൊണ്ടാണ് ഇതൊക്കെ സംഭവിക്കുന്നത്. പണത്തിന്റെ മൂല്യം കുട്ടികളെ ബോധ്യപ്പെടുത്തണം. കുട്ടികൾക്ക് ഉത്തരവാദി

ത്വബോധമുണ്ടാകുന്നതിന് അവരെ സാമ്പത്തിക അച്ചടക്കം പരിശീലിപ്പിക്കണം. അതുപോലെ മിച്ചം പിടിക്കുവാനും സമ്പാദ്യശീലം വളർത്തുവാനും മാതാപിതാക്കൾ കുട്ടികളെ പ്രോത്സാഹിപ്പിക്കണം. സമ്പാദ്യശീലം ഉണ്ടാകണമെങ്കിൽ സാമ്പത്തിക അച്ചടക്കം ആദ്യം പഠിക്കണം. കിട്ടുന്നതെല്ലാം ചിലവാക്കുക എന്ന ശൈലി കുട്ടികളിൽ സാധാരണ കണ്ടു വരുന്നുണ്ട്. മാതാപിതാക്കളുടെ അശ്രദ്ധകൊണ്ട് സംഭവിക്കുന്നതാണ്. പണം മിച്ചംവന്നാൽ അത് സൂക്ഷിച്ചു വയ്ക്കാൻ പറയുകയും പിന്നീട് ആ പണത്തിന്റെ വിനിയോഗം പറഞ്ഞു കൊടുക്കുകയും വേണം. സൂക്ഷിച്ചുവച്ചതും പിന്നിട് ഓർത്തെടുത്തതുമായ ആ പണം കുട്ടികൾക്ക് ഭാവിയിൽ സമ്പാദിക്കുവാനുള്ള പ്രചോദനം ഉളവാക്കും.

പെരുന്നാളിന് വീട്ടിൽ നിന്നും പെരുന്നാൾപ്പടി ലഭിക്കും. മാതാപിതാക്കൾ നൽകുന്നതു കൂടാതെ വിരുന്നുകാരും പെരുന്നാൾപ്പടി തരും. അതുകൊണ്ട് പെരുന്നാളിന് വിരുന്നുകാർ വരുന്നത് വലിയ സന്തോഷം ഉളവാക്കുന്നതാണ്. കിട്ടിയ പൈസയെക്കുറിച്ച് അമ്മച്ചിയെ ബോധ്യപ്പെടുത്തണം. എത്ര ചിലവാക്കിയാലും അതിന്റെ കണക്ക് നിർബന്ധമായിരുന്നു. പണം മിച്ചംവച്ച് അത് സ്വന്തമായി സമ്പാദിക്കുവാനുള്ള പ്രോത്സാഹനം കൂടി അമ്മച്ചി തരുമായിരുന്നു. മാത്രമല്ല ചില ബന്ധുക്കൾ വീട്ടിൽ വരുമ്പോൾ ''മിഠായി വാങ്ങിച്ചു കൊള്ളൂ" എന്നു പറഞ്ഞ് ചെറിയ തുകകൾ നൽകുമായിരുന്നു. കൂടാതെ അച്ചായൻ രാവിലെ ജോലിക്കു പോകുമ്പോൾ അച്ചായനോട് ചെറിയ നാണയത്തുട്ടുകൾ ചോദിച്ചു വാങ്ങുമായിരുന്നു. ഈ ചെറിയ തുകകൾ എല്ലാം സമ്പാദിക്കുവാൻ ഒരു ഉത്സാഹം ഉണ്ടായിരുന്നു.

കുടുക്കയിൽ ചില്ലറ നാണയങ്ങൾ സൂക്ഷിച്ചു വച്ച് സ്കൂൾ തുറക്കുമ്പോൾ കുടുക്ക പൊട്ടിച്ച് പുസ്തകങ്ങൾ വാങ്ങുവാനും പുതിയ വസ്ത്രങ്ങൾ വാങ്ങുവാനുമുള്ള വലിയ സംരംഭത്തിൽ ചെറിയ പങ്കാളികളാകുവാൻ ഞങ്ങളുടെ സാമ്പാദ്യപദ്ധതി സഹായിച്ചിട്ടുണ്ട്. കൂടാതെ ഞാൻ എട്ടാം ക്ലാസ്സിൽ പഠിക്കുമ്പോൾ "സഞ്ചയിക പദ്ധതി" നടപ്പാക്കിയിരുന്നു. കുട്ടികളിൽ സമ്പാദ്യശീലം വളർത്തുവാൻ എന്റെ സ്കൂളും സഞ്ചയികപദ്ധതി കൊണ്ടു വന്നു. എന്റെ അമ്മച്ചി എന്റെ കൈയ്യിലിരുന്ന പൈസയെല്ലാം ഈ പദ്ധതിയിൽ നിക്ഷേപിക്കുവാൻ പ്രോത്സാഹിപ്പിച്ചു. അദ്ധ്യയനവർഷം അവസാനിക്കുമ്പോൾ ആ പദ്ധതിയിൽ എനിക്ക് "പതിനാറ് രൂപയുണ്ടായിരുന്നു" അതായത് വലിയ ഒരുതുകയായിരുന്നു പതിനാറുരൂപ. എനിക്ക് വളരെ അഭിമാനം തോന്നിയ നിമിഷങ്ങൾ.

പിന്നീട് ചങ്ങനാശ്ശേരി S.B. College ൽ പ്രീഡിഗ്രിക്ക് ചേർന്നപ്പോൾ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കുള്ള K.P.C.R. Scholarship ലഭിച്ചതിനാൽ മാസം തോറും Rs. 15.50/- ഫീസ് അടയ്ക്കേണ്ടതിൽ നിന്നും ഒഴിവായി. പക്ഷെ ഞാൻ ആ പണം എല്ലാ മാസവും ഫീസിന്റെ പേര് പറഞ്ഞ് അച്ചായന്റെ അനുവാദത്തോടെ S.B.T. യുടെ S.B. College Branch ൽ (അന്ന് കോളേജ് കെട്ടിടത്തിൽ തന്നെയായിരുന്നു. S.B.T. യുടെ ശാഖ) Saving A/c തുടങ്ങി) ബാങ്കിലെ സ്റ്റാഫിന് ഞാനൊരു നേരമ്പോക്കായിരുന്നു. കാരണം 16 വയസ്സ് തികയാത്ത ഒരു കൊച്ചുചെറുക്കൻ ബാങ്കിൽ വരുന്നതും പോകുന്നതും അവർക്ക് കൗതുകമായിരുന്നു. മാത്രമല്ല സമ്പാദ്യശീലം എന്നിൽ വളരുവാൻ അവർ പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്നു.

ആ സമ്പാദ്യശീലം എന്നിൽ വളർന്നു. വൈദികനായപ്പോൾ ആദ്യശമ്പളം ലഭിച്ചപ്പോൾ മുതൽ ഞാൻ സേവിംഗിനെക്കുറിച്ച് ചിന്തിച്ചിരുന്നു. ഇന്നും ലഭിക്കുന്ന പണത്തിൽ നിന്നും മിച്ചംപിടിക്കുന്നതിനും ചിട്ടി അടയ്ക്കുന്നതിനും ഞാൻ ശ്രദ്ധിക്കാറുണ്ട്. കൂടാതെ ദശാംശം കൊടുക്കുന്നതിനും ഞാൻ ശ്രദ്ധിക്കാറുണ്ട്. മിച്ചം പിടിക്കുന്നവർക്കു മാത്രമെ ദശാംശം കൊടുക്കുവാൻ സാധിക്കു എന്നു ഞാൻ ചിന്തിക്കുന്നു. ചില ആളുകൾ പറയാറുണ്ട്

"കിട്ടുന്ന ശമ്പളം തികയില്ല. എങ്ങനെയെങ്കിലും ദശാംശം കൊടുത്താലും ഒന്നും മിച്ചം പിടിക്കുവാൻ സാധിക്കില്ല".

ഇതൊരു തെറ്റിദ്ധാരണ മാത്രമാണ്. ശമ്പളം എത്ര കുറവാണെങ്കിലും നാം ശ്രമിച്ചാൽ മിച്ചവും പിടിക്കാം ദശാംശവും കൊടുക്കാം.

ഞാൻ പറഞ്ഞു വരുന്നത് സമ്പാദ്യശീലവും സാമ്പത്തിക അച്ചടക്കവും കുഞ്ഞുന്നാളിലെ അഭ്യസിപ്പിക്കണം എന്നാണ്.

"അച്ചോ കിട്ടുന്ന ശമ്പളത്തെക്കാൾ കൂടുതലാണ് ആധുനികകാലത്തെ ചിലവ്. പെട്രോളിനും ഡീസലിനും വിലകയറുന്നത് കണ്ടില്ലെ. അതിനനുപാതികമായി എല്ലാ ചിലവുകളും വർദ്ധിച്ചിരിക്കയാണ്. മിച്ചം പിടിക്കണമെന്നും കുഞ്ഞുങ്ങളെ സമ്പാദ്യം പഠിപ്പിക്കണമെന്നും ഒക്കെ ആഗ്രഹമുണ്ട്. പക്ഷെ ഇന്നത്തെ ജീവിതചിലവ് ഒരു പിടിയും കിട്ടാതെ പറക്കുകയാണ്". ജോജോ തന്റെ ആശങ്ക പങ്കുവച്ചു. അച്ചൻ പറഞ്ഞു:

"ജോജോ പറഞ്ഞത് ശരിയാണ്. ഞാനും ഇങ്ങനെയൊരു സാഹചര്യത്തിലൂടെ തന്നെയാണ് പോകുന്നത്"

"അച്ചോ, അച്ചന് പിള്ളാർക്ക് പാമ്പർ വാങ്ങേണ്ടല്ലോ. പാമ്പറിനൊക്കെ ഇപ്പോൾ എന്താ വില".

ടോണിയുടെ കമന്റ് കേട്ട് ചിരിക്കാതിരിക്കാൻ ആർക്കും കഴിഞ്ഞില്ല. അച്ചൻ തിരിച്ചടിച്ചു.

"എനിക്ക് തോന്നുന്നത് ടോണിയുടെ കുഞ്ഞിന് മാത്രമല്ല; ടോണിയും പാമ്പർ വാങ്ങുന്നുണ്ടാകും. അതാണ് ചിലവ് കൂടുന്നത്"

ഏതായാലും എത്ര ചെറിയ വരുമാനം ഉള്ളവരും അതിൽ നിന്നും മിച്ചം പിടിക്കാൻ പഠിച്ചില്ലെങ്കിൽ മുന്നോട്ട് പോകുമ്പോൾ ജീവിതം രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ പ്രയാസപ്പെട്ടെന്ന് വന്നേക്കാം. സുരക്ഷിതമായ ഒരു ഭാവിയ്ക്ക് സാമ്പത്തിക അച്ചടക്കം എത്രമാത്രം പ്രസക്തമാണെന്ന് തിരിച്ചറിയണം.

സാമ്പത്തിക അച്ചടക്കം എന്നു പറഞ്ഞാൽ പിശുക്കു കാണിക്കണമെന്നല്ല; ബുദ്ധിപരമായി ചിലവാക്കുക. വരവിനനുസരിച്ച് ചിലവാക്കുക. അല്പം മിച്ചം പിടിക്കുക എന്നൊക്കെയാണ്. ഈ പരിശീലനം മക്കൾക്ക് ചെറുപ്പത്തിലെ കൊടുക്കണം. അതുപോലെ ദശാംശം സാധുക്കൾക്ക് കൊടുക്കുവാൻ മക്കളെ ചെറുപ്പത്തിലെ പഠിപ്പിക്കണം.

"എന്റെ കുഞ്ഞുന്നാൾ മുതൽ പപ്പയുടെ ശമ്പളത്തിന്റെ ദശാംശം ദൈവത്തിനായി മാറ്റി വയ്ക്കുന്നത് ഞാൻ മനസ്സിലാക്കിയിട്ടുണ്ട്".

രജനി പറഞ്ഞു.

ദശാംശം ദൈവത്തിനെന്നു പറഞ്ഞാൽ പള്ളിക്കും സാധുക്കൾക്കും നൽകുകയെന്നാണ്. അങ്ങനെ സാമ്പത്തിക അച്ചടക്കവും സമ്പാദ്യവും നല്ല മാതാപിതാക്കൾ ചെറുപ്പത്തിലെ മക്കളെ പരിശീലിപ്പിക്കുക.

ആധുനിക കാലത്ത് മക്കൾക്ക് യഥേഷ്ടം പോക്കറ്റ്മണി നൽകുന്ന മാതാപിതാക്കൾ അതിന്റെ അപകടത്തെക്കുറിച്ച് ബോധവാന്മാരല്ല. വരവറിയയാതെ ചിലവാക്കുന്നതിനാൽ സാമ്പത്തിക പ്രതിസന്ധി ഉണ്ടാകുമ്പോൾ പിടിച്ചു നിൽക്കാൻ കഴിയാത്ത തലമുറ സൃഷ്ടിക്കപ്പെടുന്നു. ഇവർ വേഗത്തിൽ കടക്കെണികളിൽ വീഴുന്നു. എവിടെ നിന്നു വേണമെങ്കിലും കടം കൊള്ളും. അത് ആജീവനാന്ത തകർച്ചയിൽ എത്തിക്കും. അതിനാൽ വരവറിഞ്ഞ് ചിലവാക്കുവാനും മിച്ചം പിടിക്കുവാനും ആർഭാട ജീവിതം ഒഴിവാക്കാനും മക്കളെ പരിശീലിപ്പിക്കണം. ഒപ്പം ദശാംശം ദൈവത്തിന് നൽകുവാനും അഭ്യസിപ്പിക്കണം. ●

# നിത്യരക്ഷകനായ ദൈവം

സണ്ണി കുറിയാക്കോസ് ഇളംപുരയിടത്തിൽ, നെല്ലിക്കമൺ, റാന്നി

മിദ്യാനിൽ നൂറ്റാണ്ടുകൾക്ക് മുമ്പ് 80 വയസ്സുള്ള ഒരു വൃദ്ധൻ ജീവിച്ചിരുന്നു. ആടുമാടുകളെ മേയിച്ചുനടന്നിരുന്ന ഒരു വൃദ്ധനായിരുന്നു അയാൾ. ദിവസവും രാവിലെ ആടുമാടുകളുമായി പുറപ്പെട്ട് വൈകുന്നേരം ആകുമ്പോൾ കുന്നിൻ ചെരിവിൽ കൂടാരം അടിച്ച് അതിൽ ആടുമാടുകളുമായി വിശ്രമിക്കുമായിരുന്നു. ഇങ്ങനെ നീണ്ട എട്ടുവർഷക്കാലം കടന്നുപോയി. ഒരു ദിവസം അയാൾ ആടുമാടുകളെ മേയിച്ചുകൊണ്ട് ഇരുന്നപ്പോൾ ദൂരെ കുന്നിൻചെരിവിൽ ഒരു മുൾപ്പടർപ്പ് കത്തുന്നത് അവന്റെ ശ്രദ്ധയിൽപ്പെട്ടു. അത് എന്താണ് എന്നു നോക്കുന്നതിനുവേണ്ടി അതിന്റെ അടുത്തു ചെന്ന് സൂക്ഷിച്ചു നോക്കി. അവൻ നോക്കിയപ്പോൾ മുൾപ്പടർപ്പ് തീ പിടിച്ചു കത്തുന്നു. അത് വെന്തുപോകാതെ ഇരിക്കുന്നതും കണ്ടു.

ഈ വലിയ കാഴ്ച കണ്ടപ്പോൾ അതിന്റെ നടുവിൽ നിന്ന് ഇടിമുഴക്കം പോലെ ഒരു വലിയ ശബ്ദം കേൾക്കുന്നതിന് ഇടയായി. മോശേ..മോശേ... എന്നു വിളിക്കുന്ന ശബ്ദം കേട്ടിട്ട് അവൻ തന്റെ മുഖം മറച്ചുകളഞ്ഞു. വീണ്ടും ആ ദൈവികവിളി ഉയർന്നപ്പോൾ അവൻ അടിയൻ ഇതാ എന്നു പറഞ്ഞു. "നീ നിൽക്കുന്ന സ്ഥലം വിശുദ്ധം ആകയാൽ നിന്റെ കാലിൽ നിന്ന് ചെരിപ്പ് അഴിച്ചുകളയുക എന്നു ദൈവം കല്പിച്ചു. "ഞാൻ അബ്രഹാമിന്റെയും യിസ്സഹാക്കിന്റെയും യാക്കോബിന്റെയും ദൈവമായ നിന്റെ പിതാവിന്റെ ദൈവം ആകുന്നു എന്ന് അരുളിച്ചെയ്തു. മിസ്രമിൽ ഉള്ള എന്റെ ജനത്തിന്റെ കഷ്ടത ഞാൻ കണ്ടിരിക്കുന്നു. ഊഴിയവിചാരകൻമാർ നിമിത്തം ഉള്ള അവരുടെ നിലവിളി ഞാൻ കേട്ടു. ഞാൻ അവരുടെ സങ്കടങ്ങൾ അറിയുന്നു. അവരെ മിസ്രമീയരുടെ കൈയ്യിൽ നിന്ന് വിടുവിപ്പാനും. ആ ദേശത്തുനിന്ന് നല്ലതും വിശാലവുമായ, പാലും തേനും ഒഴുകുന്ന കനാൻ ദേശത്തു കൊണ്ടുപോകാൻ ഞാൻ ഇറങ്ങി വന്നിരിക്കുന്നു".

വിക്കനായ ഈ വൃദ്ധന് സഹായിയായി അവന്റെ സഹോദരനെ ദൈവം കൂടെ അയച്ചു. അവൻ നിനക്കുവേണ്ടി നല്ലവണ്ണം സംസാരിക്കും. നീ അവന് വാക്ക് പറഞ്ഞു കൊടുക്കണം എന്നു പറഞ്ഞു. അങ്ങനെ അവർ ഫറവോന്റെ കൊട്ടാരത്തിൽ എത്തി യഹോവയായ ദൈവം കല്പിച്ചതുപോലെ ഫറവോനേ ധരിപ്പിച്ചു. എന്നാൽ ഇതിന് എന്തു തെളിവ് ആണ്. നിങ്ങളിലുള്ളത് എന്നു ഫറവോൻ ആവശ്യപ്പെട്ടപ്പോൾ "ഞാൻ ആകുന്നവൻ ഞാൻ ആകുന്നു" എന്ന ദൈവത്തിന്റെ കല്പന അവർ ഫറവോനെ അറിയിച്ചു. എന്നാൽ ഫറവോൻ അതു വിശ്വസിക്കുന്നതിനു തയ്യാറായില്ല. അപ്പോൾ അവർ തങ്ങളുടെ കൈവശം ഉള്ള വടി താഴെ ഇട്ടു. അത് ഒരു വലിയ സർപ്പം ആയിത്തീർന്നു. ഇത് കണ്ട് രാജാവ് ഞെട്ടിയപ്പോൾ അവർ സർപ്പത്തിന്റെ വാലിൽ പിടിച്ചു. അതു വീണ്ടും പഴയതുപോലെ വടിയായി മാറി. ഫറവോന്റെ മന്ത്രിമാർ ഇതുപോലെ അത്ഭുതം ചെയ്തു. എന്നാൽ അഹറോന്റെ വടി അവരുടെ വടികളെ വിഴുങ്ങിക്കളഞ്ഞു. ഫറവോന്റെ ഹൃദയം കഠിനപ്പെട്ടതിനാൽ അവൻ ജനത്തെ വിട്ടയപ്പാൻ തുനിഞ്ഞതുമില്ല.

ഫറവോന്റെ ഹൃദയം കഠിനപ്പെട്ടതിനാൽ യഹോവയായ ദൈവം മോശയോട് പറഞ്ഞു നീ വീണ്ടും ഫറവോന്റെ അടുത്തു ചെല്ലണം. ഇങ്ങനെ ഒമ്പതോളം ബാധകളെ ദൈവം മിസ്രമിനു നേരെ അയച്ചു. എന്നാൽ ഫറവോന്റെ ഹൃദയം കഠിനപ്പെട്ടതല്ലാതെ അവൻ ജനത്തെ വിട്ടയപ്പാൻ തയ്യാറായതുമില്ല.

പിന്നീട് യഹോവ മോശയോട് അരുളിച്ചെയ്തത് പുളിച്ചത് യാതൊന്നും നിങ്ങൾ തിന്നരുത്. നിങ്ങളുടെ കുടുംബങ്ങൾക്ക് ഒത്തവണ്ണം ഓരോ ആട്ടിൻകുട്ടിയെ തിരഞ്ഞെടുത്ത് പെസഹ ആചരിക്കണം. ഈസോപ്പ് ചെടിയുടെ കെട്ട് എടുത്ത് കിണ്ണത്തിൽ ഉള്ള രക്തത്തിൽ മുക്കി കിണ്ണത്തിൽ ഉള്ള രക്തം കുറുമ്പടിമേലും കട്ടളക്കാൽ രണ്ടിന്മേലും തേയ്ക്കണം. പിറ്റേന്നാൾ നേരം വെളുക്കും വരെ നിങ്ങളിൽ ആരും വാതിലിന് പുറത്ത് ഇറങ്ങരുത്. യഹോവ മിസ്രേമിയരെ ദണ്ഡിപ്പിക്കുന്നതിന് ഇറങ്ങിവരും. എന്നാൽ കുറുമ്പടിമേലും കട്ടിളക്കാൽ രണ്ടിന്മേലും രക്തം കാണുമ്പോൾ യഹോവ വാതിൽ ഒഴിഞ്ഞു കടന്നുപോകും. നിങ്ങളുടെ വീടുകളിൽ നിങ്ങളെ ദണ്ഡിപ്പിക്കേണ്ടതിന് സംഹാരകൻ വരുവാൻ സമ്മതിക്കയില്ല. ഈ കാര്യം നീയും നിന്റെ പുത്രന്മാരും നിത്യ നിയമമായി ആചരിക്കണം. അവർ അങ്ങനെ ചെയ്തപ്പോൾ ഫറവോന്റെ സന്നിധിയിൽ നിന്ന് മോചിതരായി.

അങ്ങനെ മോശ ആടുമാടുകളെ വിട്ടിട്ട് 25 ലക്ഷത്തോളം വരുന്ന ജനങ്ങളുമായി മരുഭൂമിയിൽ യാത്ര തുടങ്ങി. അവർക്ക് വിശന്നപ്പോൾ സ്വർഗ്ഗീയ മന്ന ഭക്ഷണം ആയി നൽകി. ദാഹിച്ചപ്പോൾ പാറയിൽ നിന്നുള്ള വെള്ളം സമൃദ്ധിയായി നൽകി. സൂര്യനും ചന്ദ്രനും രാവും പകലും തണലായി. എന്നാൽ ഭക്ഷണം അവരുടെ വായിൽ ഇരിക്കുമ്പോൾ തന്നെ അവർ ജീവദായകനെ മറന്നു സംസാരിക്കുന്നതിന് ഇടയായി. മരുഭൂമിയിലെ യാത്ര ദുരിതപൂർണ്ണമാണ്. വഴിയേത് എന്നു നിശ്ചയം ഇല്ല. നാൽക്കവലകൾ ഇല്ല. ദിശ അറിയുന്നതിന് ബോർഡുകൾ ഇല്ല, വഴിചോദിക്കുന്നതിന് ഭവനങ്ങൾ ഇല്ല, തണൽ വൃക്ഷങ്ങൾ ഇല്ല, ദാഹം ശമിപ്പിക്കുന്നതിന് കിണറുകൾ ഇല്ല, തടാകങ്ങളോ നദികളോ ജലസേചന സൗകര്യങ്ങളോ ഇല്ല, മണലിൽ ചവിട്ടിയാൽ കാൽപ്പാദം മൂടിപ്പോകുന്ന അവസ്ഥ. വിഷസർപ്പങ്ങൾ ഒളിഞ്ഞു കിടക്കുന്നതായ സ്ഥലം. യാത്ര ആകപ്പാടെ ദുരിതപൂർണ്ണമായ അവസ്ഥ അവർ മോശയോട് പിറുപിറുക്കാൻ തുടങ്ങി. മോശ ദൈവത്തിന്റെ മുമ്പിൽ മുട്ടുകുത്തി കണ്ണുനീരോടെ പ്രാർത്ഥിക്കുന്നു. എന്നാൽ അവർ അഹറോന്റെ വാക്കുകൾക്ക് ചെവി കൊടുത്തു. വിഗ്രഹത്തെ ആരാധിക്കാൻ തുടങ്ങി, കാളക്കുട്ടിയെ വാർത്തുണ്ടാക്കി അതിനെ വന്ദിച്ചു. യഹോവയായ ദൈവത്തിന്റെ കോപം യിസ്രായേലിനുനേരെ ആഞ്ഞടിച്ചു. മരുഭൂമിയിൽ യഹോവയായ ദൈവത്തെ വെറുപ്പിച്ചവർ അഗ്നിസർപ്പത്തിന്റെ കടിയേറ്റ് മരിച്ചു വീണു. ഇത് കണ്ട മോശ ദൈവത്തിന്റെ സന്നിധിയിൽ കണ്ണീർ വാർത്തു.

യഹോവ മോശയോട് നീ പാളയത്തിന്റെ നടുവിൽ ഒരു താമ്രസർപ്പത്തെ ഉണ്ടാക്കി അതിന്റെ നടുവിൽ നിർത്തണം.

അതിൽ നോക്കുന്നവർ രക്ഷപെട്ടു എന്നു പറഞ്ഞു. അങ്ങനെ മുറിവേറ്റ പലരും താമ്രസർപ്പത്തെ നോക്കി രക്ഷപെട്ടു.

ദൈവകോപം യിസ്രയേലിനു നേരെ വന്നതിനാൽ മൂന്നി ലൊന്നു ജനം നഷ്ടമാകുന്നതിനു കാരണമായി. എന്നാൽ മോശ ദൈവത്തോട് എനിക്ക് നിന്നെ നേരിൽ കാണണം എന്നു ആഗ്രഹം പ്രകടിപ്പിച്ചു. (വാശി പിടിച്ചു). അപ്പോൾ ദൈവം മോശയോട് എന്നെ നിനക്ക് കാണുന്നതിന് കഴിയു കയില്ലാ എന്നു പറഞ്ഞു. അവൻ പിന്നെയും വാശിപിടിച്ച പ്പോൾ ദൈവം അവനോട് നീ പാറയുടെ വിള്ളലിൽ മാറിയി രിക്കാൻ ആവശ്യപ്പെട്ടു.അങ്ങനെ മോശ പാറയുടെ വിള്ളലിൽ പോയി നിന്നു. ഞാൻ കടന്നുപോയതിനുശേഷം നിനക്ക് എന്റെ പിൻഭാഗം കാണുന്നതിന് കഴിയും മുഖം കാണുവാൻ കഴിയുകയില്ല എന്നു പറഞ്ഞു. മോശ അതുപോലെ അനു സരിച്ചു. യഹോവയായ ദൈവത്തിന്റെ പിൻഭാഗം മാത്രം കണ്ടു. ആയതിനാൽ പാലും തേനും ഒഴുകുന്ന കനാൻ ദേശം മോശയ്ക്ക് കാണുന്നതിന് കഴിഞ്ഞില്ല. (പുറ:25:10-17)

ഖദിര മരം കൊണ്ട് ഒരു പെട്ടകം ഉണ്ടാക്കണം. അതിന് രണ്ടര മുഴം നീളവും ഒന്നര മുഴം വീതിയും ഒന്നര മുഴം ഉയ രവും വേണം. അതു മുഴുവനും തങ്കംകൊണ്ട് പൊതിയണം. അകത്തും പുറത്തും പൊതിയണം. അതിന്റെമേൽ ചുറ്റും പൊന്നുകൊണ്ടുള്ള ഒരു വക്കും ഉണ്ടാക്കേണം അതിനു നാല് പൊൻവളയം വാർപ്പിച്ച് നാലു കാലിലും ഇപ്പുറത്ത് രണ്ടുവള യവും അപ്പുറത്തു രണ്ട് വളയവുമായി തറയ്ക്കണം. ഖദിര മരം കൊണ്ട് തണ്ടുകൾ ഉണ്ടാക്കി പൊന്നുകൊണ്ട് പൊതി യേണം. തണ്ടുകളാൽ പെട്ടകം ചുമക്കേണ്ടതിനു പെട്ടക ത്തിനു പാർശ്വങ്ങളിലുള്ള വളയങ്ങളിൽ അവ ചെലുത്തണം. തണ്ടുകൾ പെട്ടകത്തിന്റെ വളയങ്ങളിൽ ഇരിക്കേണം. അവയെ അതിൽ നിന്ന് ഊരരുത്. ഞാൻ തരുവാനിരിക്കുന്ന സാക്ഷ്യങ്ങൾ പെട്ടകത്തിൽ വെക്കേണം.

**സാക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു**

1. **കല്പന:** ദൈവവും മനുഷ്യനും തമ്മിൽ ഉള്ള ഉട മ്പടി

2. **മന്നാ:** ജീവന്റെ അപ്പം

3. **അഹറോന്റെ തളിർത്ത വടി:** പൗരോഹിത്യത്തിന്റെ സാക്ഷ്യം

ഈ മൂന്നു സാക്ഷ്യങ്ങളും യേശുക്രിസ്തുവാകുന്ന സാക്ഷ്യത്തിൽ എത്തിച്ചേരുന്നു. ദൈവത്തിന്റെ വചനം ആണ് യേശുക്രിസ്തു. മോശ മൂന്ന് അത്ഭുതങ്ങൾ കാണുന്നു.

1. കരിയാതെ കത്തുന്ന മുൾപ്പടർപ്പ്
2. പാളയത്തിനു നടുവിൽ ഉള്ളതായ താമ്രസർപ്പം
3. പ്രകാശിക്കുന്നതായ സീനായ് മല

വലിയ പാപികൾ ഭൂമിയിൽ കിടന്നു മരിക്കുന്നത് ഭൂമിയ്ക്ക് ശാപമാണ് എന്നാണ് യെഹൂദന്മാരുടെ സങ്കല്പം. യേശുക്രി സ്തുവിന്റെ ഉയർപ്പോടെ അപമാനത്തിന്റെ അടയാളം ആയി രുന്ന കുരിശ് മഹത്വത്തിന്റെയും രക്ഷയുടെയും അടയാളം ആയി മാറി. നിത്യരക്ഷയുടെ അച്ചാരം ആണ് സ്ളീബാ. മനു ഷ്യപാപത്തിന്റെ അടയാളം ആണ് കുരിശ്. ദൈവസ്നേഹം ആണ് കുരിശ്. രക്ഷയുടെ വഴിയാകുന്നു കുരിശ്.

(ആവർ. 8:1-10) നിങ്ങൾ ജീവിച്ചിരിക്കയും വർദ്ധിക്കയും യഹോവ നിങ്ങളുടെ പിതാക്കന്മാരോടു സത്യം ചെയ്ത ദേശം ചെന്നു കൈവശം ആക്കിയും ചെയ്യേണ്ടതിനു ഞാൻ ഇന്നു നിങ്ങളോടു കല്പിക്കുന്ന സകല കല്പനകളും നിങ്ങൾ പ്രമാണിച്ചു നടക്കണം. നിന്റെ ദൈവമായ യഹോവ നിന്നെ താഴ്ത്തുവാനും തന്റെ കല്പനകൾ പ്രമാണിക്കുമോ ഇല്ലയോ എന്ന് നിന്നെ പരീക്ഷിച്ച് നിന്റെ ഹൃദയത്തിൽ ഇരി ക്കുന്നത് അറിവാനുമായി നിന്നെ ഈ നാല്പതു സംവത്സരം മരുഭൂമിയിൽ നടത്തിയ വിധമൊക്കെയും നീ ഓർക്കണം. അവൻ നിന്നെ താഴ്ത്തുകയും നിന്നെ വിശപ്പിക്കുകയും മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ല യഹോവയുടെ വായിൽ നിന്നു പുറപ്പെടുന്ന സകല വചനം കൊണ്ടും ജീവിക്കുന്നു എന്നു നിന്നെ ഗ്രഹിപ്പിക്കേണ്ടതിന് നീയും നിന്റെ പിതാക്ക ന്മാരും അറിഞ്ഞിട്ടില്ലാത്ത മന്നകൊണ്ടു നിന്നെ പോഷിപ്പി ക്കുകയും ചെയ്തു. ഈ 40 സംവത്സരം നീ ധരിച്ച വസ്ത്രം ജീർണ്ണിച്ചു പോയില്ല. നിന്റെ കാൽ വീങ്ങിയതുമില്ല. ഒരു മനു ഷ്യൻ തന്റെ മകനെ ശിക്ഷിച്ചു വളർത്തുന്നതുപോലെ നിന്റെ ദൈവമായ യഹോവ നിന്നെ ശിക്ഷിച്ചു വളർത്തുന്നു എന്നു നീ മനസ്സിൽ ധ്യാനിച്ചു കൊള്ളേണം. ആകയാൽ നിന്റെ ദൈവമായ യഹോവയുടെ വഴികളിൽ നടന്നു അവനെ ഭയ പ്പെട്ടു അവന്റെ കല്പനകൾ പ്രമാണിക്കേണം. നിന്റെ ദൈവ മായ യഹോവ നല്ലോരു ദേശത്തേക്കല്ലോ നിന്നെ കൊണ്ടു പോകുന്നത്. അതു താഴ്വരയിൽ നിന്നും മലയിൽ നിന്നും പുറപ്പെടുന്ന നീരൊഴുക്കുകളും ഉറവകളും തടാകങ്ങളും ഉള്ള ദേശം. ഒലിവുവൃക്ഷവും തേനും ഉള്ള ദേശം. ഗോതമ്പും യവവും മുന്തിരിവള്ളിയും അത്തിവൃക്ഷവും മാതള നാര കവും ഉള്ള ദേശം; സുഭിക്ഷമായി ഉപജീവനം കഴിയാവു ന്നതും ഒന്നിനും കുറവില്ലാത്തതുമായ ദേശം. കല്ല് ഇരി മ്പായിരിക്കുന്നതും മലകളിൽനിന്നു താമ്രം വെട്ടിയെടുക്കു ന്നതുമായ ദേശം. നീ ഭക്ഷിച്ചു തൃപ്തിയാകുമ്പോൾ (പ്രാ പിക്കുമ്പോൾ) നിന്റെ ദൈവമായ യഹോവ നിനക്കു തന്നി രിക്കുന്ന നല്ല ദേശത്തെക്കുറിച്ചു നീ അവനു സ്തോത്രം ചെയ്യണം.

(ആവർ: 34:1-12) അനന്തരം മോശ മോവാബ് സമഭൂമി യിൽ നിന്നു യെരീഹോവിന്നെതിരെയുള്ള പിസ്സാ മുകളിൽ കയറി; അബ്രഹാമിനോടും, ഇസ്സഹാക്കിനോടും,യാക്കോബി നോടും ഞാൻ നിന്റെ സന്തതിയ്ക്ക് കൊടുക്കാമെന്നു സത്യം ചെയ്ത ദേശമായ ദാൻ ഗിലയാദ് ദേശം നഫ്താലിദേശം എഫ്രയീമിന്റെയും മനശ്ശെയുടെയും ദേശവും പടിഞ്ഞാറെ കടൽവരെയുള്ള യഹൂദാദേശവും തെക്കേദേശവും ഈന്ത നഗരമായ യെരിഹോമും സോവാർവരെയുള്ള സമഭൂമിയും അവനെ കാണിച്ചു. നീ അവിടെ(കനാൻ ദേശം) കടന്നുപോ കയില്ല എന്നു കല്പിച്ചു. യഹോവയുടെ ദാസനായ മോശ മോവാബ് ദേശത്തുവച്ചു മരിച്ചു. അവനെ ബേത്ത്-പെയോ രീന്നെതിരെയുള്ള താഴ്വരയിൽ അടക്കം ചെയ്തു. എങ്കിലും ഇന്നുവരെയും ആ ശവക്കുഴിയുടെ സ്ഥലം ആരും അറിയു ന്നില്ല. മോശ മരിയ്ക്കുമ്പോൾ അവനു 120 വയസ്സായിരുന്നു. അവന്റെ കണ്ണു മങ്ങാതെയും ദേഹബലം ക്ഷയിക്കാതെയും ഇരുന്നിരുന്നു. യിസ്രായേൽ മക്കൾ മോശയെക്കുറിച്ച് വില പിച്ച് 30 ദിവസം കരഞ്ഞുകൊണ്ടിരുന്നു. നൂന്റെ മകനായ യോശുവയെ മോശ കൈവച്ച് അനുഗ്രഹിച്ചിരുന്നതു കൊണ്ട് അവൻ ജ്ഞാനപൂർണ്ണനായിത്തീർന്നു. യഹോവ മോശ യോടു കല്പിച്ചതുപോലെ യിസ്രയേൽ മക്കൾ യോശുവയെ അനുസരിച്ചു. യഹോവയെ അഭിമുഖമായി അറിഞ്ഞ മോശ യെപ്പോലെ ഒരു പ്രവാചകൻ യിസ്രായേലിൽ പിന്നെ ഉണ്ടാ യിട്ടില്ല. നമുക്ക് പ്രാർത്ഥിക്കാം. സങ്കീ. 20:1-4 "യഹോവ കഷ്ട കാലത്ത് നിനക്ക് ഉത്തരം അരുളുമാറാകട്ടെ. യാക്കോബിന്റെ ദൈവത്തിന്റെ നാമം നിന്നെ ഉയർത്തുമാറാകട്ടെ. അവൻ വിശുദ്ധ മന്ദിരത്തിൽ നിന്ന് നിനക്ക് സഹായം അയക്കുമാറാ കട്ടെ, സീയോനിൽ നിന്ന് നിന്നെ താങ്ങുമാറാകട്ടെ. നിന്റെ വഴിപാടുകൾ ഒക്കെയും അവൻ ഓർക്കട്ടെ, നിന്റെ ഹോമ യാഗം കൈകൊള്ളുമാറാകട്ടെ. നിന്റെ ഹൃദയത്തിലെ ആഗ്രഹം അവൻ നിനക്ക് നൽകട്ടെ, നിന്റെ താല്പര്യം ഒക്കെയും നിവർത്തിക്കട്ടെ" ദൈവനാമം മാത്രം മഹത്വപ്പെ ടുമാറാകട്ടെ.

ആമ്മീൻ

# ക്യാൻസർ വ്യാപിച്ചാൽ ഭയപ്പെടേണ്ടതില്ല

ഡോ. സി.എസ് മധു ഓങ്കോളജിസ്റ്റ്

ഒരു ക്യാൻസർ ചികിത്സകനെന്ന നിലയിൽ പലപ്പോഴും രോഗികളും കുടുംബാംഗങ്ങളും ആദ്യമേ ചോദിച്ചിട്ടുള്ള ഒരു ചോദ്യം ഇതാണ്. ഡോക്ടർ ഏതു സ്റ്റേജ് ആണ്, രോഗിയുടെ ക്യാൻസർ? വളരെ എളുപ്പത്തിൽ ഉത്തരം കൊടുക്കാവുന്ന ഒരു ചോദ്യമല്ല ഇത്. ഘട്ടം തിരിക്കുന്നതിനു മുമ്പ് പല പരിശോധനകളും സ്കാനിംഗുകളും ചെയ്യേണ്ടതായിട്ടുണ്ട്. ഒരു യഥാർത്ഥ സ്കാനിംഗ് വിശകലനം ചെയ്യുമ്പോൾ അതിലുണ്ടാകാവുന്ന ശരിയും തെറ്റും മറ്റൊരു പ്രശ്നം. "മിന്നുന്നതെല്ലാം പൊന്നല്ല" എന്നത് എല്ലാവരും ഓർക്കേണ്ടതുണ്ട്.

ഇന്ന് രോഗികളുടെ അവകാശങ്ങളിൽ പ്രധാനമായ ഒന്ന്, രോഗിയുടെ അറിവും സമ്മതവുമില്ലാതെ രോഗിയെ സംബന്ധിച്ചുള്ള വിവരങ്ങൾ ഇതര ആൾക്കാരോടാ ബന്ധുക്കളോടോ പറയരുതെന്നുള്ളതാണ്. കാര്യങ്ങൾ ഇങ്ങനെയൊക്കെയാണെങ്കിലും ഡൈഗനോസിസ് ആദ്യം അറിയുന്നത് 90% വും ബന്ധുക്കളും പരിചയക്കാരുമാണ്. അച്ചനോടും/ അമ്മയോടും അസുഖ വിവരം ഒന്നും പറയരുത് എന്ന് ശാഠ്യം പിടിച്ച് Breaking the bad news എന്ന പ്രധാന കാര്യം തടസ്സപ്പെടുത്തുകയും പിന്നീട് അനവസരത്തിൽ രോഗിയോട് അവ്യക്തമായി കാര്യങ്ങൾ പറഞ്ഞ് മനോവ്യഥയിലാക്കുകയും ചെയ്യുന്നത് ഇന്ന് നിത്യസംഭവമാണ്. ചികിത്സ മുഴുവൻ തെറ്റിക്കുകയാണ് ഇക്കൂട്ടർ ചെയ്യുന്നത് എന്ന് ഉദ്ബോധിപ്പിച്ചു കൊള്ളട്ടെ.

ക്യാൻസർ പല അവയവങ്ങളിലായി പലതരമുണ്ട് ഒരേ സ്ഥാനത്തു വരുന്ന അസുഖങ്ങൾ പോലും ഒരേപോലെയെന്ന് തോന്നുന്നുവെങ്കിലും ജനിതകമായി വ്യത്യസ്തമാണ്. അതുകൊണ്ട് തന്നെ അവയ്ക്കുള്ള ചികിത്സയും ചികിത്സാഫലവും എല്ലാം തികച്ചും വ്യത്യസ്തമായിരിക്കും. ഇന്ന് പല ക്യാൻസറുകൾക്കുമുള്ള ചികിത്സയ്ക്കായി നിരവധി ജനറ്റിക് ടെസ്റ്റുകൾക്ക് വിധേയമാക്കി അവയുടെ ജനിതകഘടന കൂടെ കണക്കിലെടുത്ത് കൂടുതൽ ഫലപ്രദമായ, താരതമ്യേന പാർശ്വഫലങ്ങൾ കുറവുള്ള, എന്നാൽ ചിലവേറിയ ചികിത്സ ഇന്ന് നൽകപ്പെടുന്നു. Tyrosine kinase inhibitors monoclonal antibodies immune checkpoint inhibitors ഇവ ഇതിനു ഉദാഹരണങ്ങളാണ്. അസുഖത്തിന്റെ വ്യാപ്തി മനസ്സിലാക്കുന്നതിനും ഘട്ടം തിരിക്കുന്നതിനുമായി ഇന്ന് നൂതനമായ സ്കാനിംഗും രക്തപരിശോധനകളും സാർവ്വത്രികമാണ്. Immuenohistochemistry യും Tumor markers ളുടെ ചികിത്സാരംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾ കൊണ്ടു വന്നിരിയ്ക്കുന്നു.

വ്യാപിച്ച ക്യാൻസർ കണ്ടുപിടിച്ചാൽ അസുഖ വിവരങ്ങളും ചികിത്സാമാർഗ്ഗങ്ങളും ഫലങ്ങളും എല്ലാം രോഗിയോട് വളരെ സമയമെടുത്ത് പറയുന്നതാണ് എല്ലായ്പ്പോഴും നന്ന്. ഇങ്ങനെയുള്ള ''Breaking the bad news'' പരിചയമുള്ള ഓങ്കോളജിസ്റ്റ് അല്ലാതെ Palliative care Physicians അല്ലെങ്കിൽ മറ്റു ഡോക്ടർമാർ വിശദീകരിക്കുന്നത് ഉത്തമമല്ല എന്ന് എളിമയോടെ പ്രസ്താവിച്ചു കൊള്ളട്ടെ. ഓരോ രോഗിയുടെയും അസുഖങ്ങൾ വ്യത്യസ്തമാണ്. ആയതിനാൽ സമയമുണ്ടെങ്കിൽ മണിക്കൂറുകൾ എടുത്ത് വിശദീകരിക്കുന്നത് നല്ലതാണ്. ഗൂഗിൾ സെർച്ച് വഴി അസുഖത്തെ പഠിക്കാൻ ശ്രമിക്കുന്നത് വിനാശകരമായിരിക്കും. കാരണം മുമ്പു പറഞ്ഞതുപോലെ ഓരോ രോഗിയുടെ രോഗവും വ്യത്യസ്തമാണ്.

ഇന്ന് വ്യാപിച്ച ക്യാൻസർ നല്ലൊരു ശതമാനം ഫലപ്രദമായ ചികിത്സയിലൂടെ നിയന്ത്രിക്കപ്പെട്ട് രോഗിയ്ക്ക് വർഷങ്ങളോളം ആയസ്സ് നീട്ടികൊടുക്കുക മാത്രമല്ല മെച്ചപ്പെട്ട നിലവാരത്തിലുള്ള ജീവൻ സാദ്ധ്യമാക്കുകയും സാധിക്കുന്നു. ഉദാഹരണം വ്യാപിച്ച പലതരം സ്തനാർബുദങ്ങൾ. ഈ അവസരത്തിൽ പലപ്പോഴും രോഗിക്ക് പാർശ്വഫലം പരമാവധി കുറവുള്ള ചികിത്സയ്ക്കാവും മുൻഗണന. അസുഖത്തെ നിർമാർജ്ജനം ചെയ്യാൻ ശ്രമിക്കാതെ ശരീരത്തിന് ചികിത്സ താങ്ങുന്നതിനുള്ള ക്ഷമത നിലനിർത്തിക്കൊണ്ടു ചികിത്സിക്കുന്നതാണ് അഭിലഷണീയം. ചുരുക്കിപ്പറഞ്ഞാൽ ആവനാഴിയിൽ അസ്ത്രങ്ങൾ കരുതിയിരിക്കണം. അനവസരത്തിൽ അവയെ ഉപയോഗിക്കരുത്. സ്തനാർബുദത്തിനാകട്ടെ പാർശ്വഫലങ്ങൾ കുറവുള്ള ഹോർമോൺ ചികിത്സ ഒന്നൊന്നായി ഉപയോഗിച്ചതിനുശേഷം മാത്രമേ കീമോതെറാപ്പി നൽകാറുള്ളൂ. കീമോതെറാപ്പിയാണെങ്കിൽപോലും ഒന്നിൽ കൂടുതൽ മരുന്നുകൾ ഒരേ സമയം ഉപയോഗിക്കുന്നതിന് പല ഡോക്ടർമാരും മുതിരാറില്ല. Tyrosine kinase inhibitors monoclonal antibodies ഇവയൊക്കെ അസുഖം നിയന്ത്രിക്കുന്നതിൽ വലിയ പങ്കു വഹിക്കുന്നുണ്ട്. ഇപ്രകാരം ചികിത്സിക്കപ്പെട്ട രോഗികളെ പുതിയ രോഗികളുമായി പരിചയപ്പെടുത്തുന്നത് മെച്ചപ്പെട്ട ഫലം കൈവരിക്കുന്നതിന് സഹായകമാണ്.

നവീനറേഡിയേഷൻ ക്യാൻസർ ചികിത്സാ രംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾ സംജാതമാക്കിയിട്ടുണ്ട്. നൂതന ചികിത്സാരീതികളായ IMRT, IGRT, SRS, SBRT തുടങ്ങിയവ ഉപയോഗിച്ച് ക്യാൻസർ ബാധിച്ച ശരീരഭാഗത്ത് പരമാവധി റേഡിയേഷൻ നൽകി അവയെ നശിപ്പിക്കുന്നതോടൊപ്പം അസുഖം ബാധിക്കാത്ത ശരീരഭാഗങ്ങളെ പരമാവധി സംരക്ഷിക്കുന്നതിന് ഇന്ന് സാധിക്കുന്നു. ചികിത്സാദൈർഘ്യം കുറച്ച് കൂടുതൽ റേഡിയേഷൻ കുറഞ്ഞ സമയം കൊണ്ട് നൽകുക വഴി ചികിത്സാഫലം ശസ്ത്രക്രിയയെക്കഴിഞ്ഞും പലപ്പോഴും മെച്ചപ്പെട്ടതാകുന്നു. ശാരീരിക പ്രശ്നങ്ങൾകൊണ്ട് ശസ്ത്രക്രിയ സാധ്യമല്ലാത്ത ഒരു രോഗിയ്ക്ക് തത്തുല്യമായ ഫലം ശസ്ത്രകിയയില്ലാതെ റേഡിയേഷൻ വഴി സാദ്ധ്യമാകുന്നത് ഒരു വലിയ നേട്ടം തന്നെയാണ്. തലച്ചോറിലെ ക്യാൻസർ, ശ്വാസകോശ ക്യാൻസർ, കരളിലെ ക്യാൻസർ ഇവയ്ക്കൊക്കെ ഈ രീതി അവലംബിക്കാവുന്നതാണ്. Cyber knife എന്ന് robotic linear accelerator മുഖാന്തിരം അതല്ലെങ്കിൽ നൂതനമായ മറ്റു linear accelerator കൾ വഴിയോ ഇപ്രകാരമുള്ള ചികിത്സ സാദ്ധ്യമാണ്. റേഡിയേഷൻ കൂടുതൽ ഫലപ്രദമാകുന്നതിന് റേഡിയേഷനൊപ്പം

കീമോതെറാപ്പി കുറഞ്ഞ അളവിൽ ഒപ്പം നൽകുന്നത് പല സന്ദർഭങ്ങളിലും നല്ലതാണ്.

ബ്രാക്കിതെറാപ്പി എന്ന റേഡിയേഷൻ ചികിത്സവഴി റേഡിയേഷൻ കൃത്യമായി റ്റ്യൂമറിന് നൽകാൻ കഴിയുന്നു. ഇന്ന് ഈ ചികിത്സ പലപ്പോഴും ഒ.പി യായി നൽകാൻ കഴിയുന്നു. ശസ്ത്രക്രിയാരംഗത്തു വന്ന മാറ്റങ്ങൾ ക്യാൻസർ ചികിത്സാ ഫലങ്ങളെ കൂടുതൽ മെച്ചപ്പെടുത്തിയിട്ടുണ്ട്. താക്കോൽദ്വാര ശസ്ത്രക്രിയകൾ, റോബോട്ടിക് സർജറി, ലാപ്രോസ്കോപിക് സർജറി ഇവ ശസ്ത്രക്രിയ ആയാസരഹിതമാക്കി പാർശ്വഫലങ്ങൾ പരമാവധി കുറച്ചു ചെയ്യുന്നതിന് സഹായകരമാകുന്നു.

ശസ്ത്രക്രിയകൊണ്ട് മാറ്റാൻ പറ്റാത്ത 50% ക്യാൻസറുകൾ റേഡിയേഷനിലൂടെ മാറ്റാൻ കഴിയുന്നു. അതുപോലെ ശസ്ത്രക്രിയ കൊണ്ടു മാറ്റാവുന്ന പല ക്യാൻസറുകളും റേഡിയേഷൻചികിത്സയിലൂടെ അവയവത്തിന് ഭംഗംവരാതെ ചികിത്സിച്ച് ഭേദമാക്കുന്നതിനും കഴിയുന്നു.

ക്യാൻസർ വ്യാപിച്ചാൽ പണ്ടുകാലത്തെപ്പോലെ ആരും ഭയപ്പെടേണ്ട. കൃത്യമായ ചികിത്സയിലൂടെ അസുഖത്തെ നിയന്ത്രിച്ച് വളരെ നീണ്ടകാലം കുടുംബങ്ങളോടൊപ്പം ചില വഴിക്കുന്നതിന് ഇന്നു സാധിക്കുന്നു. ഇതുപോലെ ക്യാൻസർ നിയന്ത്രിച്ച് സാധാരണ ജീവിതത്തിലേയ്ക്ക് തിരിച്ചു വന്നിട്ടുള്ള വ്യക്തികൾ സമൂഹമദ്ധ്യത്തിൽ വന്ന് ബോധവത്ക്കരിക്കുന്നതുവഴി ക്യാൻസറിനെപ്പറ്റിയുള്ള ഭീതി ജനമനസ്സുകളിൽ നിന്ന് നമുക്ക് മാറ്റുന്നതിന് തീർച്ചയായും സാധിക്കും.

ഭയപ്പെടാതിരിക്കുക, സമചിത്തത കൈവിടാതിരിക്കുക, സംയമനം പാലിക്കുക, കൃത്യമായ ചികിത്സയ്ക്ക് വിധേയനാകുക എന്നത് ഏവരും പ്രത്യേകം പാലിക്കേണ്ടതുണ്ട്. ക്യാൻസറിനെ നിയന്ത്രിക്കുന്നതുവഴി സാധാരണ ജീവിതം സാദ്ധ്യമാണ്. 50% ത്തോളം ക്യാൻസർ പൂർണ്ണമായി ഭേദപ്പെടുമ്പോൾ ബാക്കിയുള്ള 50% ൽ നല്ലൊരു ഭാഗത്തെ നിയന്ത്രിച്ച് സാധാരണ ജീവിതം ഇത് സാദ്ധ്യമാക്കുന്നു.

# ആശ്രയം

**കുഞ്ഞ് ഏബ്രഹാം, പള്ളിക്കപ്പറമ്പിൽ**

അഖിലാണ്ഡമണ്ഡല ചലനനിയന്ത്രണം
ശാസ്ത്രജ്ഞ ഹസ്തത്തിലാണെന്നുള്ള
ഗർവ്വിന്റെ മണ്ടയ്ക്കു കിട്ടിയ കൊട്ടാണോ
കണ്ണിനു കാണുവാൻ കഴിയാതുള്ള
സൂക്ഷ്മാണു 'കൊറോണ' ലോകനിയന്ത്രണം
സ്വന്തകരങ്ങളിലാക്കിപോലും
ഭൂമിയിൽ സമ്പത്തിൽ, ജോലിയിൽ, ആരോഗ്യ-
ഭാഗത്തിലൊക്കെയും മാറ്റമായി
അകലം പാലിക്കുന്നു വദനം മറയ്ക്കുന്നു
സോപ്പിട്ടു ശുദ്ധി വരുത്തീടുന്നു
സർവ്വകലാശാല, പള്ളിക്കൂടങ്ങളും
നേഴ്സറിസ്കൂളും തുറക്കാതായി
ആളുകൾ കൂടീടും ആഘോഷം ഉത്സവം
പൊങ്ങച്ചം പേറും വിരുന്നുകളും
എങ്ങോപോയ്മാഞ്ഞല്ലോ നമ്മുടെ നാട്ടീന്നു
എന്നു മടങ്ങുമെന്നോതീടാതെ
ദൈവാലയങ്ങളിൽ ആശുപത്രികളിൽ
വന്ന്യമാം പട്ടണ ചന്തയിലും
വിനോദയാത്രയിൽ തീർത്ഥാടനങ്ങളിൽ
കടലോര സായാഹ്ന സന്ധ്യകളിൽ
ആളുകൾ തെല്ലുമേ ഇല്ലാതെ ശൂന്യമായി
നീണ്ടു നിവർന്നു മെലിഞ്ഞു നിൽപ്പൂ
എന്നിട്ടും 'കൊറോണ' തൻ പണി ഭംഗിയായ്
മന്നിതിലെങ്ങും പടർത്തീടുന്നു.
നമ്മുടെ നാട്ടിലോ ദേശത്തോ മാത്രമായ്
കാണും പ്രതിഭാസമല്ലിതെന്ന്
ലോകത്തെ വീക്ഷിക്കും മാലോകർക്കെല്ലാമേ
ബോദ്ധ്യമായ് തീർന്നീടും സത്യമല്ലോ
എന്നതിനാൽ തന്നെ ഭൂലോകരെല്ലാമേ
സൂക്ഷ്മാണു പേടിയാൽ നിർജീവരായ്
ദൈവത്തിൽ ആശ്രയം വെച്ചോരാം മാനവർ
ഒന്നിലും തെല്ലും ഭയന്നിടാതെ
രക്ഷകൻ യേശുവിൽ ആശ്രയം അർപ്പിച്ചു
നിത്യമായ് നാഥനോടൊപ്പം വാഴും.


REACH COACHING CENTRE

IELTS / PTE / OET Training & VISA Consultancy



- Personalized Training
- Flexible Timings
- Regular Mock Test
- Training in Advanced Grammar
- Business English
- Affordable Costs

Contact No.: +91 - 98414 23786 & 94879 67089
email: rejisam0412@gmail.com




## യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ

യൂദാശ്ലീഹായോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥനയാൽ
ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ
*ഒരു വിശ്വാസി*

യൂദാശ്ലീഹായോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥനയാൽ
ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ
*ഒരു വിശ്വാസി*

യൂദാശ്ലീഹായോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥനയാൽ
ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ
*ഒരു വിശ്വാസി*




## എല്ലാം നല്ലതിന്

ഒരു രാജ്യത്ത് വളരെ ഈശ്വരഭക്തനായ ഒരു രാജാവും അദ്ദേഹത്തിനു തികഞ്ഞ ഈശ്വരഭക്തിയോടുകൂടിയ ഒരു മന്ത്രിയുമുണ്ടായിരുന്നു. എന്താപത്തു വന്നാലും അതെല്ലാം ഈശ്വരാനുഗ്രഹമാണെന്നു വിചാരിച്ച് രണ്ടു പേരും സമാധാനമായി ജീവിച്ചു. കാലക്രമത്തിൽ രാജാവ് മരിച്ചു. രാജകുമാരൻ രാജാവായി. അദ്ദേഹത്തിന് ഈശ്വരനിൽ വലിയ വിശ്വാസമുണ്ടായിരുന്നില്ല. ആപത്തുകൾ വരുന്നത് മനുഷ്യന്റെ ശ്രദ്ധക്കുറവുകൊണ്ടും ദൗർഭാഗ്യം കൊണ്ടുമാണെന്ന് അയാൾ പൂർണ്ണമായി വിശ്വസിച്ചു. മന്ത്രി അപ്പോഴും ഈശ്വരേച്ഛകൊണ്ടുണ്ടാകുന്ന എന്തും നല്ലതിനാണെന്നുതന്നെ വിശ്വസിച്ചു.

ഒരു ദിവസം രണ്ടുപേരും നായാട്ടിനു പോയി. രാജാവിന്റെ കൈയ്യിൽ ഒരു മുറിവു പറ്റി. അദ്ദേഹം മന്ത്രിയെ വിളിച്ചു കാണിച്ചു. മന്ത്രി ഉടനെ അതും നല്ലതിനുതന്നെ എന്നഭിപ്രായം പറഞ്ഞു. തന്റെ കൈ മുറിഞ്ഞത് നല്ലതിനാണെന്നു പറയുന്ന മന്ത്രിയ്ക്ക് തന്നോടു സ്നേഹമില്ലെന്നു വിചാരിച്ച് കുപിതനായ രാജാവ് മന്ത്രിയെ ജയിലിലടയ്ക്കുവാൻ കല്പിച്ചു. രാജാവ് വൈദ്യനെ വിളിച്ച് മുറിവു കെട്ടിക്കുകയും ചെയ്തു. നാലുദിവസം കഴിഞ്ഞ് രാജാവ് വീണ്ടും നായാട്ടിനു പോയി. അപ്പോഴാണ് ചില കാപാലികന്മാർ വന്ന് അദ്ദേഹത്തെ പിടികൂടിയത്. അമാവാസിദിവസം പാതിരായ്ക്ക് കാളീപൂജയ്ക്കുശേഷം ലക്ഷണമൊത്ത ഒരു പുരുഷനെ ബലി കൊടുക്കുകയാണെങ്കിൽ ആഗ്രഹങ്ങളെല്ലാം സാധിക്കുമെന്നാണ് അവരുടെ വിശ്വാസം. അതിനുവേണ്ടി രാത്രി രാജാവിനെ കുളിപ്പിച്ചു ചുവന്ന പട്ടുടുപ്പിച്ച് ചെമ്പരത്തിപ്പൂമാലയണിയിച്ച് കാളീക്ഷേത്രത്തിൽ ഹാജരാക്കി. തന്റെ മരണം അടുത്തിരിക്കുന്നുവെന്നറിഞ്ഞ രാജാവ് ഭയം കൊണ്ട് മരവിച്ച് കണ്ണുമടച്ചുനിന്നു. പൂജയ്ക്കുശേഷം ബലി നടത്തുവാനുള്ള പൂജാരി അടുത്തുവന്ന് രാജാവിന്റെ ദേഹം പരിശോധിച്ചപ്പോൾ കൈയിലെ മുറിവു കണ്ടു. ഈ ദേഹം ബലിക്കുപറ്റിയതല്ലെന്നു വിധിക്കുകയും ചെയ്തു. രാജാവിനു ജീവൻ വീണ്ടു കിട്ടി. തന്റെ കൈ മുറിഞ്ഞത് നല്ലതിനായിരുന്നുവെന്നു ബോധ്യപ്പെടുകയും ചെയ്തു. അകാരണമായി മന്ത്രിയെ അവിശ്വസിക്കുകയും ജയിലിലടയ്ക്കുകയും ചെയ്തതിന് ക്ഷമ ചോദിച്ച് ധാരാളം സമ്മാനങ്ങൾ നൽകി. ദൈവം ചെയ്യുന്നത് എല്ലാം നല്ലതിന്. ●

# ബാലദീപം ക്വിസ്

**അമ്പിളി ഷെറിൻ, കൊല്ലംപറമ്പിൽ**

1. തന്റെ ഭവനത്തിൽ നിന്ന് ഓടിപ്പോയ യാക്കോബിനെ ലാബാൻ കണ്ടുമുട്ടിയതെവിടെവെച്ച്?
2. ഫറവോന്റെ സന്നിധിയിൽ നിന്നും ഓടിപ്പോയ മോശ പാർത്ത ദേശം ഏത്?
3. ഏതു യാഗത്തിലാണ് കുന്തുരുക്കം ഉപയോഗിക്കുന്നത്?
4. "നീ പുരുഷനെപ്പോലെ അരമുറുക്കിക്കൊൾക" എന്ന് യഹോവ പറഞ്ഞതാരോട്?
5. തന്റെ കാലം അറിയുന്നു എന്ന് യിരെമ്യാവ് പറഞ്ഞ പക്ഷി ഏത്?
6. യഹോവ യാഗപീഠത്തിനുമീതെ നിൽക്കുന്നതു കണ്ട പ്രവാചകൻ ആര്?
7. ഏതു നദിയിലാണ് യോഹന്നാൻ സ്നാപകൻ സ്നാനം കഴിപ്പിച്ചത്?
8. ബർത്തിമായിയുടെ പിതാവാര്?
9. ഭൂതങ്ങളുടെ തലവൻ ആര്?
10. പൌലോസും ബർന്നവാസും തമ്മിൽ ഉഗ്രവാദം ഉണ്ടായതെവിടെ വെച്ച്?

**മെയ് മാസത്തിലെ ഉത്തരങ്ങൾ**

1. ഹവ്വാ (ഉല്പത്തി 3:3)
2. മെഥുശലഹ് (ഉല്പത്തി 5:21)
3. യിത്രോ (റെഗുവേൽ), പുറപ്പാട് 2:18, 3:1, 4:18
4. ഗിബെയോൻ നിവാസികൾ (യോശുവ 9:3-4,15)
5. സങ്കീർത്തനം 3
6. സോർ രാജാവ് (ദാനിയേൽ 28:17)
7. കഫർന്നഹൂമിനെക്കുറിച്ച് (മത്തായി 11:23)
8. യേശു (മത്താ. 10:22)
9. കടുകുമണിയെ (മർക്കോസ് 4:30-32)
10. ബേഥാന്യയിൽ (മർക്കോസ് 11:12-14)

## ക്നായിതോമ പ്രയർ ഫെലോഷിപ്പ് 9-ാമത് വാർഷികയോഗം

പൂവൻതുരുത്ത്: ക്നായിതോമ പ്രയർഫെലോഷിപ്പിന്റെ 9-ാ മത് വാർഷികയോഗം 10-7-2022 ഞായർ വൈകുന്നേരം 6 മണിക്ക് പാക്കിൽ സെന്റ്തോമസ് യാക്കോബായ പള്ളിയുടെ പാരീഷ്ഹാളിൽ വച്ച് കുറിയാക്കോസ് മോർ സേവേറിയോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്യും. **റവ. ഫാ. ജേക്കബ് ഫിലിപ്പ് നടയിൽ** മുഖ്യ സന്ദേശം നൽകും.



40-ാം ചരമദിനം
12-06-2022

# തങ്കമ്മ ഏബ്രഹാം

Wife of കുട്ടച്ചൻ ഏബ്രഹാം
പട്ടുകാലായിൽ,
വള്ളംകുളം
സെന്റ് ജോർജ് ക്നാനായപള്ളി

"നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ"

KNAITHOMMAN AWARD

സീനിയർ ക്നാനായ
വാർഷിക സംഗമം
2022



കോവിഡ് കാലത്ത് ഒരു കോടിയിലധികം രൂപ
ക്നാനായസമൂഹത്തിനായി ചിലവഴിച്ച് കൈത്താങ്ങായ
ഇരവിപേരൂർ സെന്റ് മേരീസ് ക്നാനായ പള്ളി
ഇടവകാംഗം ശ്രീ. ബാബു പട്ടുകാലായിലിന്
(Founder Member of St. Greegorios Knanaya Church Bahrain)
ക്നാനായ കോൺഗ്രസിന്റെ
ആശംസകൾ




കോവിഡ് കാലത്ത് ക്നാനായ സമൂഹത്തിന് ഒരുകോടിയിലധികം
രൂപയുടെ സഹായങ്ങൾ നല്കി കൈത്താങ്ങായി മാറിയ
ശ്രീ. ബാബു ഏബ്രഹാം പട്ടുകാലായിലിന് ക്നാനായ
കോൺഗ്രസിന്റെ ക്നായിത്തോമ്മൻ അവാർഡ്
ക്നാനായ സമുദായ മെത്രാപ്പോലീത്ത അഭി. കുറിയാക്കോസ്
മോർ സേവേറിയോസ് തിരുമേനി
ശ്രീ. ബാബു ഏബ്രഹാം പട്ടുകാലായിലിനുവേണ്ടി
ഫാ. ലിജോ പട്ടുകാലായിലിന് നല്കുന്നു.

Advt -O

1 – ാം ചരമവാർഷികം

12 – 06 – 2022



Advt -R

## ഷീല ജോസഫ്

### കാടാത്ത് പുറത്തേരിൽ, നീലംപേരൂർ

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

8 – ാം ചരമവാർഷികം

16 – 06 – 2022



Advt -O

## കുര്യൻ മാത്യു (അനിയച്ചൻ)

### വടവുപറമ്പിൽ, റാന്നി

"നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവൻ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

31 – ാം ചരമവാർഷികം

20 – 06 – 2022

5 – ാം ചരമവാർഷികം

13 – 05 – 2022





## കെ. റ്റി. ആൻഡ്രൂസ്

## ശോശാമ്മ ആൻഡ്രൂസ്

Advt -O

### നെടുഞ്ചിറ കൊമറത്തുംപറമ്പിൽ ചെങ്ങളം

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്തു വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

1 – ാം ചരമവാർഷികം

17 – 07 – 2022



Advt -O

## കെ.സി. ഏബ്രഹാം (75)

(പാപ്പച്ചൻ)

### കുന്നേലായ കാരിയിൽ, ചിങ്ങവനം

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

## 10 – ാം ചരമവാർഷികം

15 – 06 – 2022



Advt - O

# ചിന്നമ്മ കുര്യൻ (കുഞ്ഞമ്മ)

**കുഴിപറമ്പിൽ സജി വില്ല, കറ്റോട്**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ, സണ്ണി, സുജി, സജി, തോമസ്, ജോയൽ*

## 1 – ാം ചരമവാർഷികം

25 - 06 - 2022



Advt - O

# P.G. Abraham (Sunny)

**കിഴക്കേതേവർകുഴി, മാന്നാർ**

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ "

*സന്തപ്ത കുടുംബാംഗങ്ങൾ*

## 40 – ാം ചരമദിനം

15 – 06 – 2022



Advt -O

# എം. എ. ഏബ്രഹാം (അവറാച്ചൻ)

**മറ്റത്തിൽ, വെള്ളുത്തുരുത്തി**

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൻ വലഭാഗത്തിൽ "

*സന്തപ്ത കുടുംബാംഗങ്ങൾ*

## 1 – ാം ചരമവാർഷികം

6 – 07 – 2022



Advt -R

# എം. എം. ഏലിയാസ്

**മടുക്കുംമൂട്ടിൽ, പൂവൻതുരുത്ത്**

"നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

**സന്തപ്ത കുടുംബാംഗങ്ങൾ**

## 12 –ാം ചരമവാർഷികം

**28 –06 – 2022** (4382 –ാം ചരമദിനം)



# ജോമോൻ ജേക്കബ്

**കുന്നുംപുറത്ത്, ചിങ്ങവനം**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - R

## 1 –ാം ചരമവാർഷികം

**11 –06 – 2022**



# റ്റി. എ. ബേബി

**കട്ടയിൽ (തടത്തിൽപറമ്പിൽ)**
**ചാന്നാനിക്കാട്, കോട്ടയം**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - R

## 19 –ാം ചരമവാർഷികം

**29 – 03 – 2022**

## 7 –ാം ചരമവാർഷികം

**22 – 06 – 2022**



# അച്ചാമ്മ ലൂക്കോസ്

# ഇ. റ്റി. ലൂക്കോസ്

**ഇടവഴിക്കൽ, ചിങ്ങവനം**

സന്തപ്ത കുടുംബാംഗങ്ങൾ

Advt -O

## 40 – ാം ചരമദിനം

3-06-2022



Advt -O

# അമ്മുക്കുട്ടി തോമസ്

**പുതുച്ചിറയിൽ**

**മാടമൺ, വടശ്ശേരിക്കര**

By Sorrowing Family

## 14th Death Anniversary

**19-06-2022**



Advt -O

# കെ. സി. ചാക്കോ

**കല്ലുകുളത്തിൽ**

**ചിങ്ങവനം (കൊട്ടാരക്കര)**

By Sorrowing Family

## 1st Death Anniversary

**13-06-2022**



Advt -O

# Mathew Kuriakose (Raju)

**Kdaithara, Chingavanam**

“കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ”

*സന്തപ്ത കുടുംബാംഗങ്ങൾ*

## ഒന്നാം ചരമവാർഷികം

28-06-2022



Advt -O

# തങ്കമ്മ ചാക്കോ

**സ്രാമ്പിമലയിൽ, വെസ്റ്റ് ഓതറ**

“ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ”

*സന്തപ്ത കുടുംബാംഗങ്ങൾ*

## വേർപാടിന്റെ 9 –ാം വാർഷികം

05-07-2022



## 12 –ാം ചരമവാർഷികം

09-06-2022



Advt - O

## Er. James K. Jacob (Vinumon)

## മറിയാമ്മ ചാക്കോ

**Kandathil Kaleeckal, Thiruvanvandoor**

By Sorrowing Family

## 40 –ാം ചരമദിനം

17 –06 –2022



Advt -O

## Annamma Mathew(92)

**Cherumadakalayil, Kattodu**
**(Wife of late Very Rev. C. K Mathews Corepiscopa, Cherumadakalayil)**

By Sorrowing Family

## First Birthday in Heaven

11-06-2022



Advt -O

## Kuruvilla Sabu

**Kappiyaruseril House, Trivandrum**
**(Retd. from Indian Air Force)**

“നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൻ വലഭാഗത്തിൽ ”

*സന്തപ്ത കുടുംബാംഗങ്ങൾ*

## ഒന്നാം ചരമവാർഷികം

12-06-2022



**അമ്മുക്കുട്ടി ഐസക്ക്**

കോയിക്കൽ, റാന്നി

By Sorrowing Family

Advt - O

## 10-ാം ചരമ വാർഷികം

25-06-2022



**സി. പി. തോമസ് (ബേബി)**

ചെട്ടുവള്ളിൽ, തുരുത്തിക്കാട്

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത്
വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

സന്തപ്ത കുടുംബാംഗങ്ങൾ

Advt -S

## 15-ാം ചരമ വാർഷികം

20-06-2022



**കെ. സി. ജോസഫ് (പാപ്പച്ചൻ)**

കോയിക്കൽ പുതുവേലിൽ
അങ്ങാടി, റാന്നി

"നിന്റെ മഹത്വമുദിക്കുംനാൾ നിൽക്കണമിവൻ വലഭാഗത്തിൽ "

സന്തപ്ത കുടുംബാംഗങ്ങൾ

Advt S

## 5-ാം ചരമ വാർഷികം

12-06-2022



**എൻ. ഐ. കുര്യൻ**

നെടുന്തറ താഴ്ചയിൽ, കുറ്റൂർ, തിരുവല്ല

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - S

## 5 – ാം ചരമ വാർഷികം

14 – 06 – 2022



Advt -S

# T. I. Thomas (Kunjachen)

**(Rtd. Asst. Engineer K.S.E.B)**

**തോട്ടുപുറത്ത്, എം. എം. വില്ല**

**തോലശ്ശേരി, തിരുവല്ല – 1**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്തുകാണാമെന്നുള്ളപ്രത്യാശയോടെ"

സന്തപ്ത കുടുംബാംഗങ്ങൾ

## 40 – ാം ചരമദിനം

08 – 06 – 2022



Advt -S

# ജോയി പുന്നൂസ് (85)

**ചെരിക്കലേത്ത്, ഐത്തല, റാന്നി**

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൻ വലഭാഗത്തിൽ "

സന്തപ്ത കുടുംബാംഗങ്ങൾ

## 40 – ാം ചരമദിനം

17 – 06 – 2022



Advt -S

# സഖറിയ ജോസഫ് (70)

**വേലംകടവിലായ പിച്ചകപ്പള്ളിൽ, കുറിച്ചി**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

## 8 – ാം ചരമ വാർഷികം

14 – 06 – 2022



Advt -S

# രാജു പി. സി.

**പെരിഞ്ചേരിൽ, വെള്ളൂത്തുരുത്തി**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*




ഫാ. മോനായി കെ. ഫിലിപ്പ്, കർക്കടകംപള്ളിൽ

**പെന്തിക്കോസ്തിക്ക് ശേഷം രണ്ടാം ഞായർ**
**ജൂൺ 19 ക്രിസ്തീയ വിശ്വാസിയുടെ യോഗ്യതകൾ (വി. മത്തായി 10:34-11:1)**

ഇന്നത്തെ ഏവൻഗേലിയോൻ ഭാഗമായ മത്തായി 10:34 -11:1) വരെ ക്രിസ്തീയ വിശ്വാസിയുടെ രണ്ട് യോഗ്യതകളെ ക്കുറിച്ചുള്ള പ്രബോധനം നല്കുന്നു.

വി. മത്തായിയുടെ സുവിശേഷം 10-ാം അദ്ധ്യായത്തിൽ യേശുനാഥൻ 12 അപ്പോസ്തോലന്മാരെ ലോകത്തിലേയ്ക്ക് സുവിശേഷവുമായി അയക്കുന്നു.

നമുക്ക് ഇന്ന് ഈ വേദഭാഗത്തിന്റെ പശ്ചാത്തലത്തിൽ ക്രിസ്തീയ വിശ്വാസിക്ക് ഉണ്ടായിരിക്കേണ്ട രണ്ട് യോഗ്യത കളെക്കുറിച്ച് ചിന്തിക്കാം.

1. സ്വന്തക്കാരെക്കാളുപരി ദൈവത്തിന് പ്രാധാന്യമേകുക

വാക്യം 37 ഇങ്ങനെ വായിക്കുന്നു. 'എന്നെക്കാളധികം പിതാവിനെയോ മാതാവിനെയോ സ്നേഹിക്കുന്നവൻ എനിക്ക് യോഗ്യനല്ല. എന്നെക്കാളധികം പുത്രനെയോ പുത്രിയെയോ സ്നേഹിക്കുന്നവനും എനിക്ക് യോഗ്യനല്ല. ഇതിലൂടെ വിശ്വാസിക്കുണ്ടായിരിക്കേണ്ട യോഗ്യതയെന്നത് സ്വന്തക്കാരെക്കാൾ ഉപരി ക്രിസ്തീയ വിശ്വാസി ദൈവത്തിന് മുഖ്യസ്ഥാനം നല്കേണ്ടതുണ്ട് എന്നാണ്. ഇവിടെ നാം ഉൾക്കൊള്ളേണ്ട തത്വമെന്നത് സ്വന്തക്കാരെ നമുക്ക് നല്കു ന്നവൻ ദൈവമാണ്. അല്പം കൂടെ വിസ്തൃതമായി നാം മന സ്സിലാക്കേണ്ടതുണ്ട്. നമുക്കുള്ള സകല സാധ്യതകളുടേയും നാഥൻ നമ്മുടെ കർത്താവാണ്. അപ്പോൾ ആ ദൈവത്തിന് നാം മുഖ്യസ്ഥാനം നല്കേണ്ടതുണ്ട്.

വേദഭാഗം നല്കുന്ന സന്ദേശം ലോകത്തിലുള്ള സക ലത്തിലുമുപരി ദൈവത്തിന് മുഖ്യസ്ഥാനം നല്കുകയെന്ന താണ്. ഇവിടെ ഉദ്ദേശിക്കുന്നത് എല്ലാത്തിനെയും ഉപേക്ഷി ക്കണമെന്നോ, അവഗണിക്കണമെന്നോ അല്ല. അവയെല്ലാം ദൈവത്തിൽ നിന്ന് ലഭ്യമായതിനാൽ ഇയ്യോബ് പറയുന്ന മനോഭാവം ദൈവം തന്നു, ദൈവം എടുത്തു, ദൈവനാമം വാഴ്ത്തപ്പെടുമാറാകട്ടെ. എന്നത് നമ്മുടേയും മനോഭാവമാ കണം.

നമ്മുടെ ജീവിതത്തിൽ ധനസമ്പാദനത്തിനോ, സ്ഥാനമാ നങ്ങൾക്കോ അങ്ങനെ എന്തിനെങ്കിലും നാം മുഖ്യസ്ഥാനം നല്കുന്നുവെങ്കിൽ, അത് മാറ്റി എല്ലാത്തിനും കാരണമായ വനായ ദൈവത്തിന് മുഖ്യസ്ഥാനം നൽകേണ്ടതുണ്ട്.

**2. സ്വന്തം കുരിശെടുത്ത് യേശുവിനെ അനുഗമിക്കുക**

വാക്യം 38 ഇങ്ങനെ വായിക്കുന്നു. തന്റെ ക്രൂശെടുത്ത് എന്നെ അനുഗമിക്കാത്തവനും എനിക്ക് യോഗ്യനല്ല. ക്രിസ്തീയ ജീവിതത്തിന്റെ പ്രത്യേകത ഇവിടെ വെളിപ്പെടു ന്നു. ക്രിസ്തീയ ജീവിതത്തിൽ ക്രൂശുകളുണ്ട്, കഷ്ടതക ളുണ്ട് എന്നത് യാഥാർത്ഥ്യമാണ്. യേശു ഗോൽഗോഥായി ലേക്ക് പോയപ്പോൾ മാത്രമല്ല ജീവിതത്തിലുടനീളം ക്രൂശിനെ ചുമന്ന വ്യക്തിയാണ്. ഫുൾട്ടൺ ഷീൻ എന്ന ദൈവശാസ്ത്ര ജ്ഞൻ യേശുവിനെക്കുറിച്ച് പറഞ്ഞിരിക്കുന്നത് 'മരിക്കുവാ നായി ജനിച്ചവൻ' എന്നാണ്. ഇത് യേശുവിന്റെ ജീവിതത്തി ലുടനീളം നാം ദർശിക്കുന്നുണ്ട്.

വിശ്വാസികളെ പ്രബോധിപ്പിക്കുന്നത്, ജീവിതത്തിൽ പ്രതി സന്ധികളെ നേരിടേണ്ടതായി വരും. അതിന് ആർക്കും ഒഴി വുകൾ ഇല്ല. എന്നാൽ ക്രിസ്തീയ ജീവിതത്തിന്റെ ധന്യത യാകേണ്ടത് സംഭവിക്കുന്ന സകലത്തിലും നിരാശ നിറഞ്ഞ വരാകാതെ പ്രത്യാശ നിറഞ്ഞവരാകുക എന്നതാണ്. ജീവിതത്തിൽ ഉണ്ടാകാവുന്ന പ്രതികൂലതകളെ സ്വീകരിച്ച്, യേശുവിനോടൊത്ത് അവയുമായി ജീവിതത്തിൽ മുന്നേറു വാനുള്ള സന്നദ്ധത നമ്മുടെ ശ്രേഷ്ഠതയാകണം.

നമുക്കുള്ള സന്ദേശമെന്നത്, ജീവിതത്തിൽ ചില കുരിശു കൾ കാണും. അതിനെ ഉപേക്ഷിക്കുകയല്ല വേണ്ടത്, അവ വഹിച്ചുകൊണ്ട് യാത്ര തുടരുകയെന്നതാണ്. അതാണ് യഥാർത്ഥ വിശ്വാസിയെ രൂപപ്പെടുത്തുന്ന അച്ച്.

ക്രിസ്തീയ വിശ്വാസികളുടെ രണ്ടു യോഗ്യതകളെക്കുറി ച്ചാണല്ലോ നാം ധ്യാനിച്ചുകൊണ്ടിരുന്നത്. നാമാകുന്ന വിശ്വാ സികളുടെ ജീവിതത്തിൽ ഉണ്ടായിരിക്കേണ്ടത് സ്വന്തക്കാരെ ക്കാളുപരി ദൈവത്തിന് പ്രാധാന്യം നല്കുക. അതുപോലെ ജീവിതയാത്രയിൽ സ്വന്തംകുരിശുമെടുത്ത് യേശുവിനെ അനു ഗമിക്കുക. ഇതായിരിക്കട്ടെ നമ്മുടെ വിശ്വാസ ജീവിതത്തിന്റെ പ്രത്യേകത.

**പെന്തിക്കോസ്തിക്ക് ശേഷം മൂന്നാം ഞായർ**
**(ജൂൺ 26) വിശ്വാസ ജീവിതത്തിലെ കുറവുകൾ (വി. യോ. 6:35-46)**

ഇന്നത്തെ ഏവൻഗേലിയോൻ ഭാഗമായ (യോഹന്നാൻ 6:35-46) വിശ്വാസ ജീവിതത്തിലെ രണ്ടു കുറവുകളെക്കുറിച്ച് യേശുനാഥൻ ചൂണ്ടിക്കാണിക്കുന്നു.

71 വാക്യങ്ങൾ ഉള്ള ദീർഘമായ ഒരു പ്രഭാഷണമാണ് 6-ാം അദ്ധ്യായത്തിന്റെ ശ്രേഷ്ഠത. യേശുവിന്റെ വചനം ശ്രവി ക്കുവാൻ കടന്നുവന്ന ബാലന്റെ കൈവശമുണ്ടായിരുന്ന 5 യവത്തപ്പവും, 2 മീനും യേശുനാഥൻ വാഴ്ത്തി അയ്യായിര ത്തോളം പുരുഷാരത്തെ തീറ്റി തൃപ്തിപ്പെടുത്തിയതിനു ശേഷം ജീവന്റെ അപ്പത്തെക്കുറിച്ചുള്ള പ്രഖ്യാപനങ്ങൾ നിറ ഞ്ഞതാണ് 6-ാം അദ്ധ്യായത്തെ പ്രത്യേകതയുള്ളതാക്കുന്നത്. ജീവന്റെ അപ്പമായ യേശുവിനെ സ്വീകരിക്കുവാൻ തയ്യാറാ കാതിരുന്ന ജനത്തിന്റെ രണ്ട് കുറവുകളെക്കുറിച്ച് യേശു ഈ വേദഭാഗത്തിൽ പ്രബോധിപ്പിക്കുന്നു. നമുക്ക് ധ്യാനിക്കാം.

**1. വിശ്വാസമില്ലാത്ത സ്വഭാവം**

വാക്യം 36 ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു. "നിങ്ങൾ എന്നെ കണ്ടിട്ടും വിശ്വസിക്കുന്നില്ല എന്നു ഞാൻ നിങ്ങളോട് പറഞ്ഞുവല്ലോ. ജീവന്റെ അപ്പം വിശ്വാസിയെ നിത്യജീവങ്ക ലേക്ക് നയിക്കുന്നതാണ്. ജീവന്റെ അപ്പം വിശ്വാസിയെ ഉയിർപ്പിലേക്ക് എത്തിക്കുന്നതാണ്. ജീവന്റെ അപ്പം വിശപ്പും, ദാഹവും ഉണ്ടാക്കാത്തതാണ്. എന്നാൽ ഇവിടെ കാണുന്നത് ജീവന്റെ അപ്പത്തെ സ്വീകരിക്കുവാൻ തയ്യാറാകാത്തവരെക്കു റിച്ചാണ്. അവരുടെ പ്രശ്നം സ്വർഗ്ഗത്തിൽനിന്ന് ഭൂമിയിലേക്ക് മനുഷ്യരക്ഷയ്ക്കായി വന്ന യേശുവിനെ വിശ്വസിക്കാത്ത താണ്.

വിശ്വാസികളുടെ മുഖമുദ്ര യേശുവിലുള്ള വിശ്വാസമായിരിക്കണം. സംശയം കൂടാതെയും, പൂർണ്ണ ആശ്രയത്തിന്റെതുമായിരിക്കണം. ഒരു ഉദാഹരണത്തിലൂടെ ഇത് വ്യക്തമാക്കട്ടെ. മേശപ്പുറത്ത് ഒരു കുഞ്ഞിനെ നിർത്തിയിരിക്കുന്നു എന്ന് ചിന്തിക്കുക. അതിന്റെ അപ്പനോ, അമ്മയോ ഏറ്റവും പ്രിയപ്പെട്ടവരോ അതിനെ വിളിക്കുമ്പോൾ അതിന്റെ പ്രതികരണം എങ്ങനെ ആയിരിക്കും? കൈ നീട്ടി വിളിച്ചാൽ ഉടനെ ആ കൈകളിലേക്ക് ചാടിവരും. താഴെ വീഴുമെന്നോ, അവർ കൈകൾ മാറ്റുമെന്നോ, അവരുടെ കൈകളിൽ സുരക്ഷിതരല്ലായെന്നോ ഒന്നും ആ കുഞ്ഞിനില്ല. പൂർണ്ണമായ വിശ്വാസം മാത്രം.

ഈ അദ്ധ്യായത്തിൽ സൂചിപ്പിക്കുന്ന ബാലന് ഒരു വലിയ വിശ്വാസം ഉണ്ടായിരുന്നു. ദൈവിക വചനം പറയുന്ന യേശുവിന്റെ കൈകളിൽ തന്റെ അപ്പം നല്കിയാൽ യേശു അതിനെ വർദ്ധിപ്പിക്കുകയാണ്. നമുക്കാവശ്യം യേശുവിലുള്ള പരമമായ വിശ്വാസമാണ്. വിശ്വാസത്തിൽ ഉറപ്പുള്ള ജീവിതത്തിനുടമകളായി നമുക്ക് ആയിത്തീരാം.

**2. വിമർശിക്കുന്ന സ്വഭാവം**

വാക്യം 41 ൽ കാണുന്നു. 'ഞാൻ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവന്ന അപ്പം എന്ന് അവൻ പറഞ്ഞതിനാൽ യഹൂദന്മാർ അവനെക്കുറിച്ച് പിറുപിറുത്തു. അവർ യേശുവിനെ വിമർശിക്കുവാൻ കാരണമെന്നത് വാക്യം 42 ൽ രേഖപ്പെടുത്തിയിരിക്കുന്നു. 'ഇവൻ യൗസേഫിന്റെ പുത്രനായ യേശുവല്ലയോ. അവന്റെ അപ്പനെയും അമ്മയേയും നാം അറിയുന്നുവല്ലോ. പിന്നെ ഞാൻ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവന്നു എന്ന് അവൻ പറയുന്നത് എങ്ങനെ എന്ന് അവർ പറഞ്ഞു.

യേശുവിന്റെ യഥാർത്ഥ ആഗമനം എവിടെ നിന്ന് എന്നതിനെ ഉൾക്കൊള്ളാനോ, അതിൻ പ്രകാരം അവനെ സ്വീകരിക്കാനോ അവർ ഒരുക്കമല്ല. പകരം അവർ യേശുവിനെ വിമർശിക്കുന്നതിൽ ഉത്സുകത കാണിക്കുന്നു.

വിമർശനം ഏതൊരാളിന്റെയും ഉയർച്ചയ്ക്കും ഉന്നമനത്തിനും വളരെ അത്യാവശ്യമാണ്. ആരും തികഞ്ഞവരില്ല. എന്തെങ്കിലുമൊക്കെ കുറവുകൾ എല്ലാവരിലും ഉണ്ടാകാം. വിമർശനത്തിലൂടെ അവയെ തിരിച്ചറിയുവാനും, അവയിൽ നിന്ന് നിരന്തര പരിശ്രമത്തിലൂടെ മോചനം നേടാനും സാധിക്കും. വിമർശിക്കുമ്പോൾ കാത്തുസൂക്ഷിക്കേണ്ട വലിയൊരു തത്വമെന്നത് അത് ആരെയും നശിപ്പിക്കുവാനോ, തളർത്തുവാനോ ഇടയാകരുതെന്നാണ്. പിന്നെയോ പ്രചോദനാത്മകവും, ക്രിയാത്മകവുമായിരിക്കണം.

നമ്മുടെ വിമർശനങ്ങൾ എങ്ങനെയാണ്? മറ്റുള്ളവരെ ഇല്ലായ്മ ചെയ്യാനും, തളർത്തുന്നതിനുമാണെങ്കിൽ അവയുടെ ആവശ്യമില്ല എന്നത് ഉൾക്കൊള്ളാൻ സാധിക്കണം. അതുപോലെ സ്വയവിമർശനം നമ്മുടെ പ്രത്യേകതയാകണം. യേശു നാഥൻ പറയുന്നുണ്ടല്ലോ. നിന്റെ കണ്ണിലെ കോലെടുത്തിട്ട് നിന്റെ സഹോദരന്റെ കണ്ണിലെ കരട് മാറ്റാൻ ശ്രദ്ധിക്കണമെന്ന്. നമ്മെക്കുറിച്ചുള്ള സ്വയവിമർശനം നമ്മുടെ കുറവുകളെ കണ്ടെത്തുവാനും, നമ്മിലെ കുറവുകളെ അടർത്തിമാറ്റി നല്ലൊരു നാമാകാനുള്ള ശ്രമമാകണം.

വിശ്വാസ ജീവിതത്തിലെ കുറവുകളായ വിശ്വാസമില്ലായ്മയും, മറ്റുള്ളവരെ നശിപ്പിക്കുന്ന വിമർശിക്കുന്ന സ്വഭാവവും നമ്മിൽ നിന്ന് ദൂരെയാക്കി ശ്ലീഹാനോമ്പിൽ നാം എല്ലാവരും നല്ല നാമായിത്തീരുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

**പെന്തിക്കോസ്തിക്ക് ശേഷം നാലാം ഞായർ**
**(ജൂലൈ 3) ക്രിസ്തീയ ജീവിതത്തിന്റെ ശ്രേഷ്ഠത**
**(വി. മത്താ. 14:14–23)**

ക്രിസ്തീയ ജീവിതത്തിന്റെ ശ്രേഷ്ഠത എന്താണ് എന്നതിന്റെ ഉത്തരമാണ് ഈ വേദഭാഗം നൽകുന്നത്. യേശു നിവൃത്തിക്കുന്ന ഒരു അത്ഭുതമാണ് വേദഭാഗം. യേശുവിനെ ശ്രവിക്കുവാൻ അനേകർ ഉണ്ടായിരുന്നു. ഒരു വൈകുന്നേരം ശിഷ്യർ യേശുവിനോട് പറയുന്നു. ഈ ജനത്തെ ആഹാരം വാങ്ങുവാൻ പറഞ്ഞ് അയക്കണമെ. കാരണം അവർ ആയിരിക്കുന്നത് മരുഭൂമിയിൽ ആണ്. സമയം സന്ധ്യ ആകുന്നു. ഇനിയും അവർ യേശുവിനോടൊപ്പം ആയിരുന്നാൽ ലൗകികമായി അവർ തളർന്ന് പോകും എന്ന ചിന്തയാണ് ഈ ആഹ്വാനത്തിലേത്.

യേശുവിന്റെ മറുപടി ശ്രദ്ധേയമാണ്. "നിങ്ങൾ അവർക്ക് ഭക്ഷിക്കുവാൻ നല്കുക". അപ്പോൾ അവർ മറുപടി പറയുന്നു. "ഞങ്ങളുടെ പക്കൽ അഞ്ച് അപ്പവും രണ്ട് മീനും അല്ലാതെ ഒന്നുമില്ല". അത് യേശു ആവശ്യപ്പെടുന്നു. അവർ യേശുവിന്റെ സന്നിധിയിൽ അത് സമർപ്പിക്കുന്നു. യേശു അതിനെ വാഴ്ത്തുന്നു. അയ്യായിരത്തോളം പുരുഷന്മാരുടെ സംഘം അതിൽ നിന്ന് ഭക്ഷിച്ചു തൃപ്തരായി. ശേഷിച്ച കഷണങ്ങൾ പന്ത്രണ്ട് കുട്ട നിറച്ചെടുത്തു.

ഈ അത്ഭുതത്തിന്റെ വെളിച്ചത്തിൽ ക്രിസ്തീയ ജീവിതത്തിന്റെ രണ്ട് ശ്രേഷ്ഠതകളെക്കുറിച്ച് ധ്യാനിക്കാം.

**1. ക്രിസ്തീയതയിലെ പ്രത്യാശ**

ശിഷ്യന്മാർ ആകുലത നിറഞ്ഞ അവസ്ഥയിലാണ്. ലോകപ്രകാരം സകലപ്രതീക്ഷകളും അറ്റ അവസ്ഥ. പ്രത്യാശയറ്റ അവസ്ഥയിൽ യേശു പ്രത്യാശയായി അവർക്ക് അനുഭവപ്പെടുന്നു. ഈ ലോകത്തിന്റെ പ്രത്യാശ അസ്തമിക്കുന്നിടത്ത് ക്രിസ്തുവാണ് പ്രത്യാശയുടെ അവസാനവാക്ക്. ഒരു ക്രൈസ്തവന്റെ ജീവിതത്തെ നയിക്കുന്നത് ഈ പ്രത്യാശ ആയിരിക്കണം. ഇന്നയോളം നടത്തിയ ദൈവം നമ്മെ നടത്തും. ആ ദൈവകരങ്ങളിൽ ഞാൻ സുരക്ഷിതനാണ് എന്ന ചിന്ത നമ്മെ നിരാശയിലേക്കല്ല. പിന്നെയോ പ്രത്യാശയിലേക്കായിരിക്കണം നയിക്കേണ്ടത്.

**2. സമർപ്പണത്തിന്റെ സമൃദ്ധി**

ശിഷ്യരുടെ പക്കൽ ഉണ്ടായിരുന്ന അല്പം അപ്പത്തെ ദൈവസന്നിധിയിൽ സമർപ്പിച്ചപ്പോൾ അനുഗ്രഹമാരി അവിടെ സാദ്ധ്യമായി. നമ്മുടെ ആഡംബര ജീവിതത്തിന്റെ ഭാഗമായി എന്ത് ധനം നാം വെറുതെ പാഴാക്കികളയുന്നവരാണ്. എന്നാൽ ദൈവനാമത്തിൽ നല്കുവാൻ നാം വിസമ്മതിക്കുന്നുണ്ടോ എന്നത് ചിന്തിക്കേണ്ടിയിരിക്കുന്നു. ദൈവനാമത്തിൽ നൽകുന്നവയെ ദൈവം സമൃദ്ധമാക്കും എന്നതിനാലും, ഇതെല്ലാം നൽകിയവൻ ദൈവമാകയാൽ ആ സന്നിധിയിൽ സമർപ്പിക്കുവാനുള്ള ഒരുക്കമായിരിക്കണം നമ്മുടെ മുഖമുദ്ര.

ക്രിസ്തീയ ജീവിതത്തിന്റെ രണ്ട് ശ്രേഷ്ഠതകളെക്കുറിച്ച് നാം ചിന്തിച്ചുവല്ലോ. ക്രിസ്തീയ ജീവിതം നിരാശയുടേതല്ല പിന്നെയോ പ്രത്യാശ നിറഞ്ഞതാകണം എന്നതും ദൈവസന്നിധിയിൽ സമർപ്പിക്കുവാനുള്ള സന്നദ്ധത നമ്മുടെ മുഖമുദ്രയാകണം എന്നതുമാണ്. അങ്ങനെ നമ്മുടെ ക്രിസ്തീയ ജീവിതം കൂടുതൽ ധന്യതയിലേക്ക് നയിക്കുവാൻ ഇടയാകട്ടെ.

**പെന്തിക്കോസ്തിക്ക് ശേഷം അഞ്ചാം ഞായർ**
**(ജൂലൈ 10) പുരുഷാരത്തിന്റെ പ്രത്യേകതകൾ**
**(ലൂക്കോ. 9:10–17)**

അഞ്ച് അപ്പവും രണ്ട് മീനും എടുത്ത് യേശു വാഴ്ത്തി

അയ്യായിരത്തോളം പുരുഷന്മാർ ഉണ്ടായിരുന്ന പുരുഷാരത്തിന് നല്കുന്ന അത്ഭുതത്തിന്റെ വിവരണമാണ് സുവിശേഷം. വേദഭാഗം വി. ലൂക്കോസ് 9:10–17. യേശുവിനെ പിന്തുടരുന്ന പുരുഷാരത്തിന്റെ പ്രത്യേകതകളെക്കുറിച്ച് നമുക്ക് ധ്യാനിക്കാം.

നമ്മുടെ ധ്യാനഭാഗത്ത് ബെത്സയിദ എന്ന ഗ്രാമത്തിൽ അപ്പോസ്തോലന്മാരെ കൂട്ടിക്കൊണ്ട് യേശുനാഥൻ പോകുന്നു. അത് മനസ്സിലാക്കിയ പുരുഷാരത്തെക്കുറിച്ച് 11–ാം വാക്യത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. "അത് പുരുഷാരം അറിഞ്ഞ് അവരെ പിന്തുടർന്നു. അവൻ അവരെ കൈക്കൊണ്ട് ദൈവരാജ്യത്തെക്കുറിച്ച് അവരോട് സംസാരിക്കയും രോഗശാന്തി വേണ്ടിയവരെ സൗഖ്യമാക്കുകയും ചെയ്തു". യേശുവിനെ പുരുഷാരം പിന്തുടരുന്നു. അവരുടെ രണ്ട് പ്രത്യേകതകൾ ഇവിടെ കാണുന്നു.

**1. യേശുവിന്റെ സാന്നിദ്ധ്യം മനസ്സിലാക്കുന്ന പുരുഷാരം**

യേശു ബെത്സയിദയിൽ തന്റെ അപ്പോസ്തോലന്മാരോടൊപ്പം ഉണ്ടെന്ന് ജനം മനസ്സിലാക്കുന്നു. അവരെ സംബന്ധിച്ചിടത്തോളം യേശുവിന്റെ സാന്നിദ്ധ്യമെന്നത് വളരെയേറെ സാധ്യതകളുടെ ഭണ്ഡാരത്തിന്റെ ചെപ്പ് തുറക്കലാണ്. അത് അവർ തിരിച്ചറിഞ്ഞു. അവരെ സംബന്ധിച്ചിടത്തോളം യേശുവിന്റെ സാന്നിധ്യമെന്നത് ഒരു ബാധ്യതയല്ല. പിന്നെയോ അവർക്ക് അനുഗ്രഹത്തിന്റെ നിക്ഷേപങ്ങളെ തുറക്കുന്ന കലവറയാണ്.

വേദഭാഗത്ത് യേശുവിന്റെ സാന്നിദ്ധ്യം അവർക്ക് ദൈവരാജ്യമർമ്മങ്ങളുടെ ഉറവയായിത്തീർന്നു. രോഗസൗഖ്യം ദാനമായി നൽകിയതും നാം വായിക്കുന്നു. ഇവിടെ വെളിപ്പെടുന്നത് യേശുവിന്റെ സാന്നിദ്ധ്യം അവർക്ക് ആത്മീയമായ പോഷണം നല്കി. അവർക്ക് നിത്യജീവന്റെ വീഥി കാണിച്ചുകൊടുക്കുന്നതായിത്തീരുന്നു. അതുമാത്രമല്ല ശാരീരികമായ സൗഖ്യത്തിന്റെ മുഖാന്തിരവുമായിത്തീരുന്നു.

ലോകം നമ്മോട് ചോദിക്കും. എന്താണ് ദൈവശക്തിയുടെ പ്രസക്തി? എന്താണ് ദൈവത്തിന്റെ റോൾ? നാം തിരിച്ചറിയേണ്ടതുണ്ട്. ലോകത്തിന്റെ സാധ്യതകൾക്ക് പരിധികളും, പരിമിതികളുമുണ്ട്. എന്നാൽ ദൈവത്തിന്റെ സാധ്യത അതിനപ്പുറമാണ്. ദൈവശക്തികൊണ്ട് മാത്രമെ ഈ പ്രതിസന്ധിക്ക് ഉത്തരം ലഭിക്കുകയുള്ളു. അത് തിരിച്ചറിയുന്ന വിശ്വാസികളായി നാം ആയിത്തീരുക.

**2. യേശുവിനെ പിന്തുടരുന്ന പുരുഷാരം**

ആ പുരുഷാരം യേശുവിന്റെ സാന്നിദ്ധ്യത്തിന്റെ സാധ്യത തിരിച്ചറിഞ്ഞ് യേശുവിനെ പിന്തുടർന്നു. They Followed Jesus.അവർ യേശുനാഥനെ പിന്തുടർന്നപ്പോൾ അവർക്കുണ്ടായ മനോഭാവം എന്തായിരുന്നുവെന്ന് Follow എന്ന വാക്കിലെ ഓരോ അക്ഷരവും പ്രതിനിധാനം ചെയ്യുന്നുണ്ട്. F- Faith വിശ്വാസം. യേശുവിലുള്ള വിശ്വാസം അവരുടെ കൈമുതലായിരുന്നു. ആ വിശ്വാസമാണ് യേശുവിനെ പിന്തുടരാൻ അവരെ പ്രാപ്തരാക്കിയത്. O-obedience അനുസരണം. മരണത്തോളം യേശുവിനോടുള്ള അനുസരണം അവരെ വഴി നടത്തി. L- Loyalty വിശ്വസ്തത. വിളിച്ചവനോടുള്ള വിശ്വസ്തത അവർ കാത്തുസൂക്ഷിച്ചു. L-Love. സ്നേഹത്തിന്റെ നിറകുടമായ യേശുവിന്റെ കരുണയുള്ള സ്നേഹം അവർ ഒഴുക്കി. ആ സ്നേഹത്തിന്റെ കൂട്ടായ്മയാണ് അവരുടെ കൈവശമുണ്ടായിരുന്ന ആ അഞ്ചപ്പവും രണ്ട് മീനും, യേശുവിന്റെ സന്നിധിയിൽ സമർപ്പിക്കുവാനും അത്ഭുതത്തിന്റെ ചെപ്പ് തുറക്കുവാനും അവിടെ എത്തിയവർക്ക് ആ സ്നേഹത്തിന്റെ നീരൊഴുക്ക് അനുഭവിക്കുവാനും ഇടയായി. O-Offering themselves. അവരെത്തന്നെ സമർപ്പിക്കവാനുള്ള ഒരുക്കം. അതാണ് അവരെ പുരുഷാരത്തിൽ നിന്ന് ശിഷ്യരാക്കിയത്. അതാണ് ജീവിതാന്ത്യം വരെ യേശുവിനായി ജീവിക്കാനും, യേശുവിനെപ്രതി സ്വയ ജീവൻപോലും നൽകാനും പ്രാപ്തരാക്കിയതും. ഒടുവിലത്തെ അക്ഷരമായ W-Walking with Christ യേശുവിനോടൊപ്പം സഞ്ചരിക്കുവാനുള്ള സന്നദ്ധത അവരുടെ മുഖമുദ്രയായിരുന്നു.

ആ പുരുഷാരം യേശുവിന്റെ സാന്നിദ്ധ്യത്തിന്റെ സാധ്യതകളെ തിരിച്ചറിഞ്ഞതുപോലെ നമുക്കും ലോകത്തിന്റെ പരിമിതികൾക്കപ്പുറമുള്ള ദൈവിക സാധ്യതയെ തിരിച്ചറിഞ്ഞ് അവനെ പിന്തുടരുന്നവരാകാം. യേശുവിലുള്ള സാധ്യതകളെ ഉൾക്കൊണ്ട് വിശ്വാസത്തോടെ, വിശ്വസ്തതയോടെ, സ്നേഹത്തോടെ, സമർപ്പണത്തോടെ യേശുവിനെ നമുക്കും പിന്തുടരാം.

# മന്നിന്റെ പുണ്യം

**പുളിങ്കുന്ന് ലൂക്കാ**

മന്നിന്റെ പുണ്യമായി
വിണ്ണിന്റെ താരമായി
മന്നിൽ വിരിഞ്ഞ ദിവ്യ പ്രസൂനമേ
നമിക്കുന്നുമർത്യരും മാലാഖവ്യൂഹവും
ത്രിലോക റാണിയായി, പാരിന്റെ അമ്മയായി
പാരിന്റെ ദു:ഖങ്ങൾ കേഴുന്ന പന്ഥാവിൽ
സ്വാന്ത്വന സ്പർശമായി നീ വന്നു നില്ക്കണേ
നരക സർപ്പത്തിന്റെ തലയെ തകർത്തു
പാപാന്ധകാരത്തെ നിർമ്മാർജ്ജനം ചെയ്തു
ജീവന്റെ സംഗീതം ആത്മാവിൽ ഒതുക്കി
നീ വന്നു ചേരണേ ജീവന്റെ ജീവനായി
ജീവന്റെ വരദാനം സാഫല്യമാക്കുവാൻ
വിളിക്കുന്ന ഞങ്ങൾ ഏഴകൾ പാപികൾ
പാപത്തിൽ മാലിന്യം ഏൽക്കാതിരിക്കുവാൻ
പാപിയെ കാക്കുന്ന പൊന്നമ്മയാകണേ

നിൻവഴിപോകുമ്പോൾ കാണുന്നു മുന്നിലായി
യേശുവിൻ രൂപം ദിവ്യമാം സ്നേഹം
ആ സ്നേഹം ചൊല്ലുന്നു നിന്നോടു ചൊല്ലുന്നു
സ്നേഹിക്കു പരസ്പരം സർവവും ത്യജിച്ചു നീ
സ്നേഹത്തിൽ വസിക്കവേ ദൈവവും വസിക്കുന്നു
നിന്റെ അന്തരാത്മാവിൽ നിത്യവസന്തമായി
ആ നിത്യവസന്തത്തിൻ ചാരത്തു നിൽക്കുന്നു
നിൻവരമേകുവാൻ നിന്നെയും കാത്തു ഞാൻ
നീയല്ലേ ജീവന്റെ സായൂജ്യമേകുവാൻ
സാഫല്യമായിവന്ന വെണ്ണിലാവ്
കണ്ണീരു വീഴുന്ന നേരത്ത് ഞങ്ങടെ
കണ്ണ് തുടയ്ക്കണേ കാത്ത് കൊള്ളണേമേ
മരണസമയത്ത് സ്വർഗ്ഗം തുറക്കുവാൻ
കൂട്ടിന് കൂട്ടായി നീ കൂടെ നില്ക്കണേ.




# അനായാസം പഠിക്കുവാനുള്ള എളുപ്പവഴി

കുര്യൻ ജോസഫ് മുട്ടത്തുകടവിൽ

**Part 8**

**IS, AM, ARE + TO**

Subject ഒരു പ്രവൃത്തി ചെയ്യേണ്ടതാണ്
He is to go to market - മാർക്കറ്റിൽ പോകേണ്ടതാണ്
I am to get $1^{st}$ prize - First prize കിട്ടേണ്ടതാണ്
They are to play - അവർ കളിക്കേണ്ടതാണ്
Is, Am, Are ഇവയുടെ കൂടെ suppose ചേർത്താലും അർത്ഥം ഒന്നുതന്നെ
I am suppose to get $1^{st}$ prize. First prize കിട്ടേണ്ടതാണ്.
He is suppose to go to market- market ൽ പോകേണ്ടതാണ്.
They are suppose to play- കളിക്കേണ്ടതാണ്

**Variations**

Positive: I am to go to market.
Neg: I am not to go to market.
P.Q: Am I to go to market
N.Q: Am I not to go to market.

**Variations**

Po: He is suppose to get $1^{st}$ prize.
Neg: He is not suppose to get $1^{st}$ prize.
PQ: Is he suppose to get $1^{st}$ prize.
N.Q: Isn't he suppose to get $1^{st}$ prize.

**Was, Were + to**

Subject ഒരു പ്രവൃത്തി ചെയ്യേണ്ടതായിരുന്നു.
I was to meet him - കാണേണ്ടതായിരുന്നു.
We were to play together - കളിക്കേണ്ടതായിരുന്നു.

**Was, Were + Suppose** ചേർത്താലും അർത്ഥം ഒന്നു തന്നെ
I was suppose to meet him - കാണേണ്ടതായിരുന്നു.
We were suppose to play together - കളിക്കേണ്ടതായിരുന്നു

Is, Am,Are, Was, Were എന്നിവയ്ക്കുശേഷം $1^{st}$ form of verb ഉപയോഗിക്കുന്നു.
Has, Have + to ഇവയുടെ അർത്ഥവും subject ഒരു പ്രവൃത്തി ചെയ്യേണ്ടത് എന്നു തന്നെയാണ്.
Has, Have + got ഇവയുടെയും അർത്ഥവും subject ഒരു പ്രവൃത്തി ചെയ്യേണ്ടതാണെന്നു തന്നെയാണ്.
എന്നാൽ അല്പം പ്രാധാന്യമുള്ള കാര്യം പറയുമ്പോൾ Have + to, Has + to, Has + got to, Have + got to എന്നും പ്രാധാന്യം ഇല്ലാത്ത കാര്യത്തിന് is, am, are + to എന്നും ഉപയോഗിക്കുന്നു.
He has to go to school - പോകേണ്ടതാണ് അല്പം അത്യാവശ്യം ഉണ്ട്.
He has got to go to school - പോകേണ്ടതാണ് അല്പം അത്യാവശ്യം ഉണ്ട്.
I have to talk to him - സംസാരിക്കേണ്ടതാണ്. അല്പം അത്യാവശ്യം ഉണ്ട്.
I have got to talk to him –സംസാരിക്കേണ്ടതാണ്. അല്പം അത്യാവശ്യം ഉണ്ട്.

**Variations**

Pos: He has to go to school.
Neg: He has not to go to school. .
P.Q: Has he to go to school?
N.Q: Hasn't he to go to school?

**Variations**
Po: He has got to go to market.
N: He has not got to go to market.
P.Q. Has be got to go to market?
N.Q. Hasn't he got to go to market?

**Have to, Has to രണ്ടു sense ൽ ഉപയോഗിക്കുന്നു.**
I have to go to school. - എനിക്ക് school ൽ പോകേണ്ടതാണ്.
I have to go to school. - എനിക്ക് school ൽ പോകേണ്ടതായി വന്നിരുന്നു.
He has to wake her up. - ഉണർത്തേണ്ടതാണ്. അത്യാവശ്യം ഉണ്ട്.
He has to wake her up. - ഉണർത്തേണ്ടതായി വന്നിരുന്നു.
**Had to (Past) and Had got to**
Had + to നും Had got + to ഉം ഒരേ അർത്ഥത്തിൽ ഉപയോഗിക്കുന്നു.
I had to go to school. എനിക്കു സ്കൂളിൽ പോകേണ്ടതായിരുന്നു. അല്പം അത്യാവശ്യം ഉണ്ട്.
I had got to go to school. " "
**Had to 3 sense ൽ ഉപയോഗിക്കുന്നു**
(1) I had to talk to him - സംസാരിക്കേണ്ടതായിരുന്നു. അല്പം അത്യാവശ്യം ഉണ്ട്.
(2) I had to talk to him - സംസാരിക്കേണ്ടതായി വന്നിരുന്നു.
(3) I had to talk to him - സംസാരിക്കേണ്ടതായി വന്നു.
**Variations**
Pos: I had to talk him
Neg: I had not to talk him
P.Q: Had I to talk to him?
N.Q: Hadn't I to talk to him?

**Use of May - Possibilty.** 3 sense ൽ ഉപയോഗിക്കുന്നു.
**(1) Possibility**
It may rain today - ഇന്നു മഴ പെയ്തേക്കാം
It may rain yesterday - ഇന്നലെ മഴ പെയ്തിരിക്കാം
It may rain tomorrow- നാളെ മഴ പെയ്തേക്കും
He may come to office today - ഇന്ന് അവൻ ഓഫീസിൽ വരാവുന്നതാണ്.
He may come to office tomorrow. നാളെ അവന് office ൽ വരാൻ സാധിച്ചേക്കും. മേൽ പറഞ്ഞതെല്ലാം possibility യെ സൂചിപ്പിക്കുന്നു.

**(2) To give or take permission**
May I come in mom. Yes you may come in.
May I talk to the manager.
May I go home

**(3) To wish/Hope.**
May God bless you! May you live long!

**Use of May be -** ആയിരിക്കും, **3** sense ൽ ഉപയോഗിക്കുന്നു.
(1) He may be at home. She may be with her parents.
(2) ചെയ്യപ്പെടാമായിരുന്നു. It may be resolved.
We may be order to stay.
(3) ഒരു പക്ഷെ ചെയ്യുന്നുണ്ടാകും.
He may be going home. She may be supporting him.
May strong possibility സൂചിപ്പിക്കുന്നു.
He may got office. Office ൽ പോകാനുള്ള സാധ്യത കൂടുതൽ ആണ്.

**Use of Might** Might least possibility യെ കാണിക്കുന്നു.
He might come. വരാനോ വരാതിരിക്കാനോ ഉള്ള സാധ്യതയുണ്ട്.
It might rain today. It might rain yesterday. It might rain tomorrow.
ഇതെല്ലാം least possibilty യേ സൂചിപ്പിക്കുന്നു. ഒരു പക്ഷെ പെയ്തേക്കാം, പെയ്തില്ലെന്നും വരാം.

May have. ഒരു പക്ഷെ പെയ്തിട്ടുണ്ടാവും
He may have done it.
You may have understood my point
} കൂടുതൽ possibilty

Might have - Least Possibility.
You might have understood my point.
ഒരു പക്ഷേ മനസ്സിലായിക്കാണും. മനസ്സിലാകാതിരിക്കാനുമുള്ള സാധ്യതയുണ്ട്.
He might have gone to Delhi. ഒരു പക്ഷേ പോയിട്ടുണ്ടാകും. സാദ്ധ്യത തീരെ കുറവാണ്.

May be - Might be. രണ്ടിന്റെയും meaning almost same തന്നെയാണ്. May be strong possibility യേയും might be least possibility യേയും സൂചിപ്പിക്കുന്നു.
May have ന്റയും Might have ന്റയും meaning almost same തന്നെയാണ്. May have strong possibility യേയും might have least possibility യേയും കാണിക്കുന്നു.

**Use of should have had** 2 sense ൽ ഉപയോഗിക്കുന്നു
(1) കൈവശം ഉണ്ടാകേണ്ടതായിരുന്നു. I should have had my mobile with me.
(2) കഴിക്കുകയോ കുടിക്കുകയോ ചെയ്യേണ്ടതായിരുന്നു.
I should have had my food before I left for the job.
I should have had a cup of coffee in the morning.
Eat കഴിക്കുക Drink കുടിക്കുക എന്നതിനു പകരം take എന്നോ, Have എന്നോ ഉപയോഗിക്കാം.
I should have taken my food.
I should have eaten my food.
} കഴിക്കേണ്ടതായിരുന്നു
I should have drunk a cup of coffee.
I should have taken a cup of coffee.
} കുടിക്കേണ്ടതായിരുന്നു
I should have had my food.
I should have had a cup of coffee.
} ഇവിടെ have ന്റെ 3rd form ആയ have കഴിക്കുക, കുടിക്കുക എന്നർത്ഥത്തിൽ ഉപയോഗിച്ചിരിക്കുന്നു. കഴിക്കേണ്ടതായിരുന്നു, കുടിക്കേണ്ടതായിരുന്നു.

**Use of must have had**

2 sense ൽ ഉപയോഗിക്കുന്നു.
(1) തീർച്ചയായും കൈവശം ഉണ്ടാകേണ്ടതായിരുന്നു. I must have had my mobile with me.
(2) തീർച്ചയായും കഴിക്കേണ്ടതായിരുന്നു
I must have taken the medicine as per the doctors prescription.
(3) തീർച്ചയായും കുടിക്കേണ്ടതായിരുന്നു
I must have drunk a glass of milk
I must have had the medicine -കഴിക്കേണ്ടതായിരുന്നു.

**Could have had, May have had, Might have had**

എല്ലാം ഒരേ അർത്ഥത്തിൽ ഉപയോഗിക്കുന്നു.
(1) കൈവശം ഉണ്ടാകാമായിരുന്നു – Possibility
(2) കഴിക്കുകയോ കുടിക്കുകയോ ചെയ്യാമായിരുന്നു.
He could have had his parties support if he had behaved well.
He may have had " " } (ഉണ്ടാകാമായിരുന്നു).
He might have had " "
He could have had food before he left for the job.
He may have taken the food before he left for the job.
He might have drunk a glass of milk before he left for the job. കഴിക്കുകയോ, കുടിക്കുകയോ ചെയ്യാമായിരുന്നു.

**Use of would have had** കൈവശം ഉണ്ടാകുമായിരുന്നു.
If he had studied well he would have had a good job.
If you had given me a chance I would have had many films today.

**Use of has been and have been**

3 sense ൽ ഉപയോഗിക്കുന്നു.
(1) He has been playing since morning - കുറെ സമയമായിട്ട് ചെയ്തുകൊണ്ടിരിക്കുന്നു .- കുറെ സമയമായിട്ട് wait ചെയ്തുകൊണ്ടിരിക്കുന്നു.
We have been, waiting for you for along
(2) കുറെ സമയമായിട്ടുണ്ട്. He has been in Delhi. I have been at home
(3) ചെയ്യപ്പെട്ടിരിക്കുന്നു.
The door has been closed } അടയ്ക്കപ്പെട്ടിരിക്കുന്നു
They have been given the salary } കൊടുക്കപ്പെട്ടിരിക്കുന്നു

**Use of had been**

ഇതും 3 sense ൽ ഉപയോഗിക്കുന്നു.
(1) കുറച്ചു സമയത്തേയ്ക്ക് ചെയ്തുകൊണ്ടിരുന്നു.
He had been calling you for many days.
He had been waiting in the office
(2) കുറേ സമയമായിട്ടുണ്ടായിരുന്നു.
He had been in Mumbai for 6 years
(3) ചെയ്യപ്പെട്ടിരുന്നു. He had been infomed about the accident.
They had been given their share.

**Use of Conditional Clauses** എന്താണ് Conditional Clauses.

Conditional Clauses are used to express the idea that something will happen if certain conditions are fullfilled. ഒരു നിബന്ധനയ്ക്കു വിധേയമായി മറ്റൊരുകാര്യം സംഭവിക്കാം എന്ന ആശയം പ്രകടിപ്പിക്കുവാൻ ആണ് Conditional Clauses ഉപയോഗിക്കുന്നത്. Conditional Clauses ൽ If, unless, as if, if only, suppose തുടങ്ങി ഒന്ന് Conjuction ആയി വരും. ഇതിൽ ഏറ്റവും കൂടുതലായി ഉപയോഗിക്കുന്നത് if ആകുന്നു.

**Conditional Clauses മൂന്നുവിധം ഉണ്ട്.**

